KOTTAYAM PUBLIC LIBRARY

Call No M 290 Acc. No 90362

Author രാമസ്വാമി അയ്യർ സി.പി.

Title ലോകമതങ്ങൾ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

960

# ലോകമതങ്ങൾ

(ഒരു ഉൽഗ്രഥനം)

ഗ്രന്ഥകർത്താ,

സചിവോത്തമഃ

സർ സി. പി. രാമസ്വാമിഅയ്യർ.

കെ. സി. എസ്. ഐ., കെ. സി. ഐ. ഇ., എൽ‌എൽ. ഡി.

പരിഭാഷകൻ,

സി. വി. കുഞ്ഞുരാമൻ.

പ്രസാധകർ,

വഞ്ചിപൂവർഫണ്ഡ്, തിരുവനന്തപുരം.

വില അണ എട്ട്.

90362

290
Ram. L.

# അവതാരിക.

സചിവോത്തമഃ സർ സി. പി. രാമസ്വാമി അയ്യരുടെ കൃതിയായ 'ലോകമതങ്ങൾ' എന്ന ഈ ഗ്രന്ഥം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുന്ന ജോലി ഞാൻ ഏൽക്കണമെന്നും എന്റെ ഒരു ആമുഖം കൂടി വേണമെന്നുമറിഞ്ഞപ്പോൾ എനിക്കു പെട്ടെന്നു് ഓർമ്മവന്നതു് "ക്വ സൂര്യപ്രഭവോ വംശഃ ക്വ ചാല്പവിഷയാ മതിഃ" എന്നുള്ള കാളിദാസവചനമായിരുന്നു. എങ്കിലും ഗ്രന്ഥവിഷയം എനിക്കു പ്രിയതമമാകയാൽ ജയാപജയങ്ങൾ ഗണിക്കാതെ ഇതിന് ഉദ്യമിക്കാമെന്നു തന്നെ നിശ്ചയിച്ചു.

ആദ്യം ഇതു നേർതർജ്ജിമ ചെയ്യുകയെക്കാൾ കാര്യം ഏവർക്കും ഗ്രഹിക്കത്തക്ക സരളഭാഷയിൽ മൂലഗ്രന്ഥത്തെ മാതൃകയാക്കി എഴുതുകയാണു് നല്ലതെന്നു് എനിക്കു തോന്നുകയും വിദഗ്ദ്ധോപദേശം അതിന് അനുകൂലമായി വരികയും ചെയ്തു. എങ്കിലും അതു തർജ്ജിമ ആകുകയില്ലല്ലോ. സർ സി. പി. എഴുതിയതു് എന്തെന്നു അറിവാനായിരിക്കും ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത മലയാളികൾക്കു ആഗ്രഹമുണ്ടാകുന്നതു; അല്ലാതെ അദ്ദേഹത്തിന്റെ പുസ്തകത്തെ ഉപജീവിച്ചു ഞാൻ എന്തെഴുതിയെന്നു് അറിവാനായിരിക്കുകയില്ല. അതുകൊണ്ടാണു് നേർ

തർജ്ജിമയുക്കുതന്നെ മതിന്നതു്. വിഷയത്തിൻെറ ഗൗരവവും, സർ സി. പി. യുടെ ഇംഗ്ലീഷുവാചകങ്ങാംക്കുള്ള പ്രത്യേകതയും ഗാംഭീര്യവും, അദ്ദേഹം ഉപയോഗിച്ചിട്ടുള്ള അനേകപദങ്ങാംക്കും ശൈലികാംക്കും തത്തുല്യമായ വൈശദ്യവും ഭംഗിയുമുള്ള ഭാഷാപദങ്ങാം ലഭിക്കുവാനുള്ള പ്രയാസവും അദ്ദേഹത്തിൻെറ പ്രസംഗതർജ്ജിമകളിൽ ഏർപ്പെട്ടിട്ടുള്ളവക്കേ അറിഞ്ഞുക്രൂട്ടൂ. തർജ്ജിമകാം എല്ലാംതന്നെ "കുതിരയെ കഴുതയാക്കുക" യാണെന്നു് സരസനായ ഒരു വിമശ്കൻ അപഹസിച്ചിട്ടുണ്ടു്. എന്നാൽ "പങ്കേ ശയിക്കുന്ന പോത്രിപ്രവര"നെ "ചേററിൽകിടക്കുന്ന പന്നിത്തടിയൻ" എന്നു തജ്ജിമചെയ്താൽ കഴുത കുതിരയായി എന്നും വരാം. എന്നെക്കൊണ്ടു അതു സാദ്ധ്യമല്ല.

പ്രമാണപ്പെട്ട ആറു മതസ്ഥാപകന്മാരെക്കുറിച്ചു മതവിഷയമായി അറിഞ്ഞിരിക്കേണ്ടിടത്തോളം ജീവചരിത്രവും, അവരുടെ ധമ്മോപദേശങ്ങളും ഉൽഗ്രഥിച്ചുകൊണ്ടു് സർ സി. പി. വിശദീകരിച്ചിരിക്കുന്നതു് "ഏകം സത്; വിപ്രാ ബഹുധാ വദന്തി" എന്നുള്ള ശ്രുതിവാക്യത്തെയാണു്. "പല മതസാരവുമേക"മെന്നു് അടുത്തകാലത്തു നാരായണഗുരു ചെയ്തിട്ടുള്ള ഉപദേശവും ഈ ശ്രുതിവാക്യത്തെ അനുസരിക്കുകതന്നെ ചെ

യ്യുന്നു. പ്രാമാണികന്മാരായ പലരും എഴുതീട്ടുള്ള ഗ്രന്ഥങ്ങളെ ആധാരമാക്കി ഈ ശ്രുതിവാക്യബോധം ജനങ്ങളുടെ വിശ്വാസപ്രമാണമാക്കിത്തീർക്കേണ്ട ഒരാവശ്യം ലോകസംഭവങ്ങളുടെ ഇന്നത്തെ ഗതികണ്ടിട്ട്.

രാഷ്ട്രങ്ങൾ തമ്മിൽ കലഹിച്ച് ഒരു രാഷ്ട്രം മററാരു രാഷ്ട്രത്തെ കീഴടക്കുന്ന അപരിഹാര്യസമ്പ്രദായം ലോകത്തിൽ നടന്നുവരുന്നതുപോലെ തന്നെ മതസാമ്രാജ്യങ്ങൾ തമ്മിലും, പണ്ടത്തെപ്പോലെ രക്തച്ചൊരിച്ചിലോടുകൂടി അല്ലെങ്കിലും, മതപരിവർത്തനമെന്ന പേരിൽ ഒരാക്രമണം ഇപ്പോഴും നടന്നുവരുന്നുണ്ട്. ദർശനസൂക്ഷ്മതയില്ലായ്കനിമിത്തം പ്രത്യക്ഷത്തിൽ ഭിന്നങ്ങളായി കാണപ്പെടുന്ന മാർഗ്ഗങ്ങൾ പരമാർത്ഥത്തിൽ ഒരേ ഒരു മാർഗ്ഗം തന്നെയാണെന്നു ഈ ചെറുഗ്രന്ഥം ചിന്താശീലന്മാർക്കു സന്ദേഹരഹിതമായ പ്രബോധനം നൽകുന്നുണ്ട്. അതിലും ഗുരുതരമായ, ഒരുപക്ഷേ കുറെക്കൂടി ഞെരുക്കമേറിയ, ഒരാവശ്യവും വിദ്യാഭ്യാസവിഷയമായി വന്നുചേർന്നിട്ടുണ്ട്. പാഠശാലകളിൽ മതം പഠിപ്പിക്കുന്നില്ല എന്ന കാരണത്താൽ ഇപ്പോഴത്തെ വിദ്യാഭ്യാസം "ആത്മാവില്ലാത്ത വിദ്യാഭ്യാസ"മെന്നും "ദൈവമില്ലാത്ത വിദ്യാഭ്യാസ"മെന്നും മററും മഹാന്മാരുടെ ഇടയിൽ സാർവ്വത്രികമായ ഒരാക്ഷേപം ശക്തിപ്പെട്ടി

ട്ടുണ്ടല്ലോ. ഇവിടെ വിദ്യാഭ്യാസഡയറക്ടരായിരുന്ന ഒരു മഹാനോട് മതം പഠിപ്പിക്കുവാൻ ഏർപ്പാട ചെയ്യണമെന്നു ഞാൻ നിവേദനം ചെയ്തപ്പോൾ "ഏർപ്പാട ചെയ്യാം; ആചായ്യനെവിടെ?" എന്നായിരുന്നു അദ്ദേഹം ചോദിച്ചതു്. യൂറോപ്യൻമിഷണറിമാർ മതപ്രസംഗം തിരുവിതാംകൂറിൽ തുടങ്ങീട്ടു ൧൦൦ കൊല്ലമാകും. അടുത്ത കാലത്തു ഹിന്ദുക്കളുടെ ഇടയിലും മതപ്രസംഗങ്ങൾ നടന്നുവരുന്നുണ്ടു്. അന്യമതങ്ങളോടു പ്രത്യക്ഷമായിട്ടല്ലെങ്കിലും ഒരു ചെറിയ വിദ്വേഷബുദ്ധിയോ പരിഹാസബുദ്ധിയോ, മിഷണറിമാരുടെ അനുകരണമായിട്ടായിരിക്കാം, ഈവക പ്രസംഗങ്ങളിൽ ഒരു അപശ്രുതിപോലെ കേൾക്കാതിരിക്കുന്നില്ല. മതപ്രസംഗം കേൾക്കാൻ കൂടുന്ന ജനങ്ങൾ പ്രസംഗങ്ങളുടെ ഈ പോക്കിനെ നിരോധിക്കണമെങ്കിൽ, "പലമതസാരവുമേക" മെന്ന തത്വാവബോധം ജനങ്ങൾക്കുണ്ടാകുകതന്നെ വേണം. ഈ പുസ്തകം അതിനു പയ്യാപ്തമാണു്.

വിശ്രുതനായ എച്ച്. ജി. വെൽസിൻെറ 'ലോകചരിത്രം' എന്ന ഗ്രന്ഥത്തിൽ മതവിദ്യാഭ്യാസത്തെപ്പററി പ്രതിപാദിച്ചിരിക്കുന്നതു് ഈ സന്ദർഭത്തിൽ ചിന്താഹ്മാകുന്നു. പത്തൊൻപതാം നൂററാണ്ടു വിദ്യാഭ്യാസവിഷയത്തിൽ ഒരു പരിവത്തനം ഉണ്ടാക്കിയ നൂററാണ്ടാണു്. ആ നൂററാ

ണ്ടുവരെ വിദ്യാഭ്യാസം മതത്തോടു ബന്ധപ്പെട്ടിരുന്നു. സാർവ്വജനീനമായ സാക്ഷരത്വം അതിനുമുൻപ് ഒരു ആദർശമായി ആരും കരുതിയിരുന്നില്ല. വേദപാരായണം ചെയ്ത വിപ്രന്മാർ ജനസമുദായത്തിൻെറ ഉയർന്ന സ്ഥാനത്തു നിന്നിരുന്നു. സാമാന്യജനങ്ങളുടെ ഇടയിൽ അവർ സാക്ഷരത്വപ്രചരണത്തിനു പകരം പരിഷ്കാരസംവർദ്ധകങ്ങളായ കലാവിദ്യകളെ പ്രചരിപ്പിക്കുവാനേ ഉദ്യമിച്ചിരുന്നുള്ളു. ക്ഷേത്രങ്ങളിലെ ബിംബങ്ങൾ, ക്ഷേത്രങ്ങളിലെ ശില്പതക്ഷണവിധാനങ്ങൾ, ക്ഷേത്രോത്സവങ്ങൾ മുതലായവകൊണ്ടാണ് അവർ സാമാന്യജനങ്ങൾക്കു സംസ്കാരം വർദ്ധിപ്പിക്കുന്ന കർമ്മം നിർവ്വഹിച്ചിരുന്നത്. എന്നാൽ പത്തൊൻപതാം നൂററാണ്ടിൽ അതുവരെ മതത്തോടു ബന്ധപ്പെട്ടിരുന്ന വിദ്യാഭ്യാസത്തിന് അതിൽനിന്നു വിമോചനം വന്നതോടുകൂടി മതപഠനം വിദ്യാഭ്യാസപദ്ധതിയിൽനിന്നു ബഹിഷ്കൃതമായി. എല്ലാവരേയും മതം പഠിപ്പിക്കാൻ പൊതുപാഠശാലകളിൽ ഏർപ്പാടുചെയ്താൽ ഭിന്നമതക്കാരുള്ള നാട്ടിൽ ഭിന്നമതഗുരുക്കന്മാരെയും നിയമിക്കേണ്ടിവരുമല്ലോ. അങ്ങനെയുള്ള നല്ല മതഗുരുക്കന്മാരെ എല്ലാ ശിഷ്യർക്കും ലഭിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്യുന്നതിനുള്ള വൈഷമ്യം മൂലം സാമാന്യജനങ്ങൾക്ക് അത്യാവശ്യമായ വിജ്ഞാനവൃദ്ധിക്കു (ജ്ഞാനവൃദ്ധിക്കല്ല) സാക്ഷരത്വപ്രചാരണം മത

ത്തിൽനിന്നു വേർതിരിച്ചാലേ സാദ്ധ്യമാകുകയു ള്ളു എന്നുകണ്ടു്, അതിനു ഭരണാധികാരികൾ ഏർപ്പാടുചെയ്തു. അതിൻെറ ഫലമായി അദ്ധ്യാത്മജ്ഞാനത്തിനു പകരം ഭൗതികവിജ്ഞാനം വർദ്ധിച്ചു; അഹിംസയുടെ സ്ഥാനത്തു ഹിംസ ഇന്നു ക്രൂരതാണ്ഡവം നടത്തുന്നു. ഈ അനൎത്ഥം ഒഴിക്കുവാൻ ജ്ഞാനവിജ്ഞാനങ്ങൾക്കു്, അഥവാ ആദ്ധ്യാത്മികജ്ഞാനത്തിനും ലൌകികവിജ്ഞാനത്തിനും, 'ദണ്ഡാപം' എന്നപോലെ തുല്യമായ സ്ഥാനം തന്നെ വേണ്ടിയിരിക്കുന്നു. ഗവർണ്മെൻറു മുഖ്യമായും ലൌകികകാൎയ്യങ്ങൾക്കുവേണ്ടിയുള്ളതാണു്; അതിനാൽ ഗവർണ്മെൻറല്ല ജനങ്ങൾ തന്നെയാണു് അതിനു വേണ്ട ഏർപ്പാടു ചെയ്യേണ്ടതെന്നു തോന്നുന്നു. ഗവർണ്മെൻറിനു് ഈ ചുമതല കൂടി വഹിക്കാമെങ്കിൽ നല്ലതുതന്നെ.

ജനങ്ങളോ ഗവർണ്മെൻറു തന്നെയോ ജ്ഞാനവിതരണത്തിനു വേണ്ട ഏർപ്പാടു ചെയ്യുമ്പോൾ ആ ഏർപ്പാടിൻെറ മുഖ്യലക്ഷ്യം എന്തായിരിക്കണമെന്നു് സർ സി. പി. യുടെ ഈ പുസ്തകം സന്ദേഹരഹിതമായ പ്രബോധനം നൽകുന്നുണ്ടു്. അതാണു് ഈ കൃതിക്കുള്ള മുഖ്യവൈശിഷ്ട്യം. നാരായണഗുരു ഉപദേശിക്കുംപോലെ "ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സൎവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാന" മാകണം

നമ്മുടെ "മാതൃകാസംസ്ഥാനം" (Model State) എന്നു പ്രസിദ്ധിയുള്ള ഈ തിരുവിതാംകൂർസംസ്ഥാനത്തെ. ജാതിയെ അഥവാ ജാതികൃതാനർത്ഥങ്ങളെ പരിഹരിക്കുകയെന്നുള്ള മഹായജ്ഞം ക്ഷേത്രപ്രവേശനവിളംബരപ്രവർത്തനം കൊണ്ടു മഹാരാജാവു തിരുമേനിയും അമ്മമഹാറാണിയും മന്ത്രിസത്തമനുംകൂടി നിർവ്വഹിച്ചുകഴിഞ്ഞു. അതുപോലെ ഭിന്നമതങ്ങൾ മത്സരരഹിതങ്ങളായി 'ഏകം സത്' എന്ന ലക്ഷ്യത്തിലെത്തിച്ചേരുവാനും മതവും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം പുനഃസ്ഥാപിക്കുവാനും നിർവ്വഹിക്കേണ്ട യജ്ഞത്തിൻെറ പ്രാരംഭക്രിയയായിത്തീരട്ടേ ഈ ഗ്രന്ഥമെന്നു സത്തുക്കളേവരും ആശംസിക്കേണ്ടതാണ്. വെൽസ് പറയുംപോലെ എല്ലാമതങ്ങളും മനുഷ്യരുടെ മതമാണെന്നു മനസ്സിലാക്കുന്ന മതമാണ് ഏററവും നല്ല മതം. ആ മതക്കാർ എല്ലാവരും ചേരുമ്പോൾ മാത്രമാണ് യഥാർത്ഥമായ ഒരു നേഷൻ ഉണ്ടാകുന്നതു്. അങ്ങനെയുള്ള ഒരു നേഷൻെറ സൃഷ്ടിക്ക് എല്ലാമതക്കാരും പ്രവർത്തിക്കണമെന്നുള്ള വെൽസിൻെറ അഭിപ്രായം ഈ ഗ്രന്ഥം നമ്മെ വിശദമായി ഉൽബോധിപ്പിക്കുന്നു.

ഈ പുസ്തകം വിററുകിട്ടുന്ന ആദായം 'വഞ്ചി അന്നദാനനിധി'ക്കു സംഭാവന ചെയ്യുവാനാണു ഈ നിധിയുടെ പ്രാണപ്രതിഷ്ഠയ്ക്കിടവരുത്തിയ ഈ

ഗ്രന്ഥത്തിന്റെ പ്രസാധകൻ ശ്രീ എസ്. ചിദം ബരം നിശ്ചയിച്ചിരിക്കുന്നതു്. ധൎമ്മസ്ഥാപനങ്ങൾ അനേകം നമ്മുടെ നാട്ടിലുണ്ടു്. വഞ്ചി അന്നദാന നിധിയെക്കാൾ ഒരു മഹാധൎമ്മദാനനിധി ഉണ്ടാകുക സാദ്ധ്യമല്ല. വിദ്യാൎത്ഥികളായ—ശരിക്കു പറകയാണെങ്കിൽ ബ്രഹ്മചാരികളായ—ചെറുപൈതങ്ങൾ ഉച്ചപ്പട്ടിണിക്കാരായി ജഠരാഗ്നി ജ്വലിപ്പിച്ച് അതിൽ നീറിക്കൊണ്ടു പഠിച്ചു തെളിഞ്ഞാലും രോഗികളായി, ഉപയോഗശൂന്യരായി, സമുദായത്തിനും സംസ്ഥാനത്തിനും മഹാഭാരമായി തീരുന്നതിനെ ഒഴിക്കുവാനുള്ള ധൎമ്മകൎമ്മത്തിനു ശേഖരിക്കുന്നതാണ് വഞ്ചി അന്നദാന നിധി. പുസ്തകംകിട്ടാതെ തന്നെ ആ നിധിയിലേക്കു ധൎമ്മിഷ്ഠന്മാരുടെ ധൎമ്മദാനങ്ങൾ ഒഴുകേണ്ടതാണ്; ഇവിടെ പകരം കിട്ടുന്ന പുസ്തകമാകട്ടെ കൈയിൽനിന്നു പ്രസ്തുതനിധിയിലേക്കു ഒഴുകിപ്പോകുന്ന ധനത്തേക്കാൾ എത്രയോ മഹത്വമേറിയ ഒരു ജ്ഞാനധനമാണ്!

കേരളം ജാതികളുടെ ഭ്രാന്തശാലയാണെന്നു പറഞ്ഞിട്ടുള്ളവരിലാരും കേരളം മതങ്ങളുടെ ശാന്തിശാലയാണെന്ന് അറിഞ്ഞിട്ടില്ല. മധ്വാചാൎയ്യരുടെ ജീവിതചരിത്രത്തിൽ അദ്ദേഹത്തിന്റെ കാലത്തു്, പതിന്നാലാം നൂററാണ്ടിൽ, കേരളത്തിൽ ഇരുപതിൽ ചില്വാനം മതങ്ങൾ ഉണ്ടാ-

യിരുന്നു എന്നു പറഞ്ഞുകാണുന്നു. പക്ഷെ ഇതു ഹിന്ദുമതത്തിൽതന്നെയുള്ള ഭിന്നശാഖകളെ കണക്കാക്കിപ്പറഞ്ഞതായിരിക്കാം. എന്നാൽ ഇപ്പോൾ ഇവിടെ ഹിന്ദു, ക്രിസ്ത്യൻ, മുസൽമാൻ ഇങ്ങനെ മൂന്നു മതക്കാർ, ഒന്ന് ഒന്നിനെ ഗ്രസിക്കാൻ ശക്യമല്ലാത്ത സംഖ്യാബലത്തോടുകൂടി, ഇടകലൎന്നു താമസിക്കുന്നു. മതസ്ഥാപനങ്ങൾ ഒഴിച്ചുള്ള പൊതുസ്ഥാപനങ്ങളിലെല്ലാം ഈ മൂന്നുമതക്കാൎക്കും നിബ്ബാധമായ പ്രവേശനമുണ്ട്. മതകലഹം ഈ നാട്ടിൽ കേൾക്കുക ഉണ്ടായിട്ടില്ല. മുൻപറഞ്ഞ ഭ്രാന്തശാലയിൽ കലഹങ്ങൾ പലതും നടന്നിട്ടുണ്ട്. ഇങ്ങനെ പരമതാസഹിഷ്ണുത ലേശമില്ലാതെ മൂന്നു മതക്കാർ ഒരുമിച്ചു കഴിഞ്ഞുകൂടുന്ന രാജ്യം തിരുവിതാംകൂറല്ലാതെ വേറെ ഉണ്ടോ എന്നു സംശയമാണ്. ചിലർ പറയുംപോലെ ബ്രിട്ടീഷ് ഗവർണ്മെൻറിനെക്കുറിച്ചുള്ള ഭയംകൊണ്ടല്ല ഇങ്ങനെ ഒരു സ്ഥിതി ഇവിടെ വന്നതു്. ബ്രിട്ടീഷ് ഗവർണ്മെൻറു വന്നതു ഇന്നലെയാണ്. ഹിന്ദുമതത്തിൽനിന്നു ഭിന്നങ്ങളെന്നു കരുതപ്പെടുന്ന ബുദ്ധമതവും ജൈനമതവും 2300 കൊല്ലം മുൻപേ ഇവിടെ വരികയും, കേരളീയരാജാക്കന്മാരാലും ജനങ്ങളാലും സമാദരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ക്രിസ്താബ്ദം ആരംഭിച്ച ഒന്നാംനൂററാണ്ടിൽ തന്നെ ക്രിസ്തുവിൻെറ സഹജീവിയും ശിഷ്യനുമായിരുന്ന അപ്പോസ്തലൻ തോ

ൻറ് തോമസ്സ്—ക്രിസ്ത്വാബ്ദം 52-ൽ—ഇവിടെ വന്നു മതപരിവർത്തനം നടത്തിത്തുടങ്ങി. ആരും ഒരു വിരോധവും പറഞ്ഞില്ല. ഏറെ താമസിയാതെതന്നെ യഹൂദമതവും വന്നുചേർന്നു. ആ മതത്തേയും കേരളീയർ സ്വാഗതം ചെയ്തു. അതിൻെറ പിന്നാലെ 9-ാം നൂററാണ്ടിലോ മറേറാ ഇസ്ലാമിനും ഇവിടെ പ്രചാരം വന്നു. ശ്രീവിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു രാജ്യം വാണരുളുമ്പോൾ വടക്കുനിന്നു ബോട്ടുമാർഗ്ഗം തിരുവനന്തപുരത്തുവന്നു തിരുമേനിയെ സന്ദർശിച്ച ഒരു യൂറോപ്യനുമായി നടന്ന സംഭാഷണം കുറച്ചു കാലംമുൻപു 'ഇല്ലസ്ട്രേറെറഡ് വീക്ക്ലി'യിൽ ഒരാൾ എഴുതിയിരുന്നു.—

യൂറോ:—ഒരു ഹിന്ദുരാജാവിനാൽ ഭരിക്കപ്പെട്ടുന്ന ഈ പുരാതനഹിന്ദുരാജ്യത്തു് ഇത്രവളരെ ക്രൈസ്തവദേവാലയങ്ങൾ ഉണ്ടായതെങ്ങനെ?

തിരു:—ക്രിസ്തുമതം ഹിന്ദുമതത്തിൻെറ പരമസിദ്ധാന്തങ്ങളിൽനിന്നു സ്വല്പം ഭിന്നമായ ഒരു പദ്ധതിയെന്നല്ലാതെ ഒരു ഭിന്നമതമാണെന്നു ഹിന്ദുക്കൾ കരുതീട്ടില്ല.

തിരുമനസ്സുകൊണ്ടു് അരുളിച്ചെയ്ത ഈ ഉത്തരത്തിൻെറ അർത്ഥം കേരളീയരുടെ പരമതസഹിഷ്ണു

തയെ നിപുണമായി പ്രഖ്യാപനംചെയ്യുന്നു. പരമതസഹിഷ്ണുത കേരളീയരിൽ ഹിന്ദുക്കൾക്കു മാത്രമല്ല ക്രൈസ്തവമുസ്ലിമീങ്ങൾക്കും വേണ്ടിടത്തോളമുണ്ട്. അവരുടെ ദേവാലയങ്ങളിൽ അവർ സകലൎക്കും പ്രവേശനവും അനുവദിച്ചിട്ടുണ്ട്.

ഒരു മതത്തിന്റെ മാഹാത്മ്യം മതസംബന്ധമായ പുസ്തകങ്ങളിലും മതാനുയായികളുടെ പ്രസംഗങ്ങളിലും മാത്രമായിരുന്നാൽ പോരാ. ഒരു മതത്തിലെ സന്മാൎഗ്ഗോപദേശങ്ങൾ എത്ര വിശിഷ്ടങ്ങളും തത്വജ്ഞാനസിദ്ധാന്തങ്ങൾ എത്രതന്നെ ദുരവഗാഹങ്ങളും ആയിരുന്നാലും വിശേഷമില്ല. മതത്തിനു മനുഷ്യന്റെ നല്ലനടത്തയും മരണാനന്തരജീവിതവും മനോഹരമാക്കുന്ന കൃത്യം മാത്രമല്ല, ഐഹികജീവിതം ആകൎഷകമാക്കുന്ന കൃത്യവുമുണ്ട്. ഈ വിഷയത്തിൽ പ്രശംസനീയർ ക്രിസ്ത്യാനികളും അപരാധികൾ ഹിന്ദുക്കളുമാകുന്നു. ഐഹികകാൎയ്യദൃഷ്ടി മോക്ഷപ്രാപ്തിക്കു പ്രതിബന്ധമാണെന്നു ഹിന്ദുമതം നിഷ്കൃഷ്ടമായി അനുശാസിക്കുന്നില്ല. ധൎമ്മാൎത്ഥകാമമോക്ഷസമ്പാദനം ജീവിതോദ്ദേശ്യമെന്നാണ് ആ മതം ഖണ്ഡിതമായി പറയുന്നത്. ബ്രഹ്മചൎയ്യകാലത്തു (വിദ്യാഭ്യാസകാലത്തു) ധൎമ്മാധൎമ്മങ്ങളെ ഗ്രഹിക്കുക, അക്കാലത്തു ഗ്രഹിച്ച ധൎമ്മത്തിന്നനുസരണമായി ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചു അൎത്ഥം

സമ്പാദിക്കുക, സമ്പാദിച്ച അൎത്ഥംകൊണ്ടു ധൎമ്മവിരുദ്ധമല്ലാത്ത കാമങ്ങളൊക്കെ സാധിച്ചു ജീവിതം അവസാനിപ്പിക്കുക, ആ അവസാനത്തിന്റെ തുടൎച്ചയാണ് മോക്ഷം. ഇതിനെക്കാൾ നല്ല സിദ്ധാന്തം മറെറാരു മതത്തിലും കാണുകയില്ല.

യുദ്ധാനന്തരം ഒരു നൂതനലോകവ്യവസ്ഥിതിയെ എല്ലാവരും അത്യാശയോടെ പ്രതീക്ഷിക്കുന്നുണ്ടല്ലോ. ശാശ്വതവും ശാന്തിപ്രദവുമായ ഒരു ലോകസമാധാനസ്ഥിതി വരണമെങ്കിൽ രാഷ്ട്രീയവും സാമ്പത്തികവുമായ ഭിന്നതകളും മററും പോയേ കഴിയൂ എന്നു പറയുന്നവരുടെയിടയിൽ മതഭിന്നതകളും പോയി, എല്ലാ മതക്കാരെയും ഇണക്കിനിറുത്തുന്ന ഒരു പുതിയ മതം ഉണ്ടാകുകയോ, ഇപ്പോൾ ഉള്ള മതങ്ങളിൽ ഏതെങ്കിലും ഒന്നോ എല്ലാമോ സകലമനുഷ്യരും സ്വീകരിക്കയോ ചെയ്യണമെന്നാണ് തോന്നുന്നതു്.

ഈ വിശിഷ്ടഗ്രന്ഥത്തിന്റെ തൎജ്ജമയിൽ തെററുകൾ സംഭവിക്കാതിരിക്കാൻ കഴിയുന്നതു ഞാൻ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും ആത്മവിശ്വാസം പോരാതിരുന്നതിനാൽ പ്രതിപാദ്യവിഷയത്തിലും, ഇംഗ്ലീഷ്, സംസ്കൃതം, തമിഴ്, മലയാളം മുതലായ ഭാഷകളിലും അഗാധപണ്ഡിതനായ മഹാകവി റാവുസാഹിബ്ബ് ഉള്ളൂർ പരമേശ്വര

യ്യരവർകൾ എം. എ., ബി. എൽ. അവർകളെ തർജ്ജിമ കാണിക്കുകയും, അദ്ദേഹം, ചിരകാലമായി ഞങ്ങൾ തമ്മിൽ നിലനിന്നുവരുന്ന സൌഹൃദത്തിന് അനുരൂപമായ താൽപര്യത്തോടും ശ്രദ്ധയോടും, ഇതിനെ പരിശോധിച്ച് ആവശ്യമുള്ള തിരുത്തലുകൾ ചെയ്തുതരികയും ചെയ്തിട്ടുള്ളതിനാൽ വിദ്വജ്ജനസമക്ഷം ഇതിനെ അവതരിപ്പിക്കുവാൻ എനിക്കുണ്ടായിരുന്ന അധൈര്യത്തിനു വളരെ കുറവു ഭവിച്ചിട്ടുണ്ട്. മഹാകവിയുടെ വാത്സല്യപൂർവ്വമായ ഈ ശ്രമത്തിനു സമുചിതമായ നിഷ്കൃതി ചെയ്യാൻ ഞാൻ കേവലം അശക്തനാണ്. ആർനോൾഡിന്റെ Light of Asia (ബുദ്ധചരിതം) കുമാരനാശാൻ തർജ്ജിമ ചെയ്തുപോകെയുള്ള മൂന്നു കാണ്ഡങ്ങൾ മി. എ. ചക്രപാണി ബി. എ. തർജ്ജിമചെയ്തിട്ടുള്ളതിൽ നിന്ന് ആവശ്യമുള്ള വരികൾ എടുത്തു കൊള്ളുവാൻ അനുവദിച്ചതിന് അദ്ദേഹത്തോടും എനിക്കുള്ള നന്ദിയെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

മയ്യനാട്, 1118 കുംഭം 8. } സി. വി. കുഞ്ഞുരാമൻ.

## വിഷയവിവരം

൧൦൩൬൨


| | പുറം |
|---|---|
| പ്രവേശിക | 1 |
| സോറൊവാസ്റ്റർ | 16 |
| ബുദ്ധൻ | 24 |
| യേശുക്രിസ്തു | 30 |
| മുഹമ്മദ് | 47 |
| ശ്രീകൃഷ്ണൻ | 53 |
| ശങ്കരാചാര്യർ | 65 |
| ഇൻഡ്യയും മതവും | 73 |

യോ യോ യാം യാം തനും ഭക്തഃ
ശ്രദ്ധയാർച്ചിതുമിച്ഛതി
തസ്യ തസ്യാചലാം ശ്രദ്ധാം
താമേവ വിദധാമ്യഹമ്.

“ഏതേതു ഭക്തനേതേതു
മെയ്യർച്ചിയ്ക്കോപ്പു സാദരം.
അതാതാൾക്കാദ് ദൃഢശ്രദ്ധ
ശരിയാക്കുന്നതുണ്ടു ഞാൻ.”

ഭഗവദ്ഗീത.

# പ്രവേശിക.

മഹാത്മാക്കളായ ലോകഗുരുക്കന്മാരെക്കുറിച്ച് അല്പകാലങ്ങൾക്കു മുൻപ് ഒരു ചെറുതരം ഗ്രന്ഥാവലി പ്രസിദ്ധപ്പെടുത്തിക്കണ്ടപ്പോൾ ഈ ഗുരുക്കന്മാരുടെ ജീവിതങ്ങളുടേയും അവരുടെ ജ്ഞാനോപദേശങ്ങളുടേയും ഉൽഗ്രഥനം പ്രയോജനകരമായ ഒരു ആവശ്യനിർവഹണമായിരിക്കുമെന്ന് എനിക്കു തോന്നി.

സൂക്ഷ്മനിരൂപകനും, എന്നാൽ കുറച്ചു പരിഹാസശീലനുമായ, ഒരു ചിന്തകൻ മതം അതു് ഉത്ഭവിച്ച നാട്ടിൻേറയും അവിടത്തെ അന്തരിക്ഷത്തിൻേറയും പ്രേരണാനുസാരിയായിരിക്കുമെന്നു പ്രസ്താവിച്ചുകാണുന്നു. ഇതുകൊണ്ടു് അദ്ദേഹം വ്യഞ്ജിപ്പിക്കുന്നതു് ഓരോ ജനപദത്തിൻേറയും നരവർഗ്ഗത്തിൻേറയും പരിസരസ്ഥിതിയാണു് അവരുടെ ആദ്ധ്യാത്മികപര്യവേക്ഷണത്തിനും വികസനത്തിനും പ്രധാനമായി നിദാനീഭവിക്കുന്നതെന്നാണു്. പരിണാമവാദസിദ്ധാന്തവും ഈ തത്വത്തെ തന്നെയാണു് വെളിപ്പെടുത്തുന്നതു്. ജന്തുക്കളുടെ ശരീരഘടനയും മാനസികവ്യാപാരവും അവ ജനിച്ചുവളൎന്ന പരിസരങ്ങൾക്കു് അനുരൂപമായിരിക്കും എന്നാണല്ലോ പരിണാമവാദസിദ്ധാന്തം.

ദൈവകല്പിതം (Fatalism) എന്ന സിദ്ധാന്തത്തെ തീരെ അയവില്ലാത്തവണ്ണം മുറുക്കിപ്പിടിച്ചിരിക്കുന്നതെന്നു പറയപ്പെടുന്ന ഇസ്ലാമിന്ന് ആ സ്വഭാവം വന്നതു് അറബിരാജ്യത്തിലെ മരുഭൂമികളുടേയും ആ ഭൂമികളിൽ അങ്ങുമിങ്ങും മാത്രം കാണപ്പെടുന്ന മരുപ്പച്ചകളുടേയും ഇടയിൽ അതു് ഉത്ഭവിച്ചതുകൊണ്ടാണെന്നു് സിദ്ധാന്തിക്കപ്പെട്ടിട്ടുണ്ടു. ഹിന്ദുക്കളുടെ 'ശക്തി' പൂജയുടെ ആഗമത്തെക്കുറിച്ച് ആർതർ ആവലോൺ എന്ന പ്രാമാണികനായ ചിന്തകൻ പറയുന്നതും ഇങ്ങനെതന്നെയാണ്. ഹിമവൽ പാർശ്വങ്ങളിലേ വിസ്തീർണ്ണവും വിവിക്തവും സംഭ്രാന്തിജനകവും ആയ സാലവനങ്ങളെ വർണ്ണിച്ചശേഷം അദ്ദേഹം സിദ്ധാന്തിക്കുന്നതു് ഈ വനഭാഗദർശനം, അതിൽ പ്രവേശിച്ച ആര്യന്മാരായ ആരണ്യകമഹർഷിമാരുടെ സഹജാവബോധത്തിൽ ഭാരതഖണ്ഡമെന്നു പറയപ്പെടുന്ന ഈ ആകർഷകഭൂഭാഗം, ഇച്ഛ, ചിന്ത, കർമ്മം എന്ന രൂപത്തിൽ പ്രതിഭാസിക്കുന്ന മാതൃശക്തിയാണെന്ന വിഭാവനയെ സംജാതമാക്കിയെന്നാണ്.

ഇതെങ്ങനെയിരുന്നാലും സാമാന്യേന പറയുന്നതായാൽ ലോകത്തിലെ എല്ലാ വലിയ മതങ്ങളും സ്പൃഹണീയങ്ങളായ ഗഹനചിന്തകളും പൌരസ്ത്യദേശത്താണ് ഉത്ഭവിച്ചതെന്നുള്ളതു് ഒരു

സ്മരണാൎഹമായ വസ്തുതയാകുന്നു. പൌരസ്ത്യൎക്കു ജ്ഞാനനിഷ്ഠ; പാശ്ചാത്യൎക്കു് നിയമനിഷ്ഠ (*ex oriente lux ex occidente lex*); എന്നുള്ള ലത്തീൻ ചൊല്ലിൽ ഖണ്ഡിതമായ ഒരു സത്യം അന്തൎന്നിഹിതമായിരിക്കുന്നുണ്ടു്. പാശ്ചാത്യരാജ്യങ്ങളിൽ ഉത്ഭവിച്ചിട്ടുള്ള അനേകനാഗരികതകൾക്കു നിയമത്തെയും ഭരണത്തെയും കുറിച്ച് അവൎക്കുള്ള അവബോധമെന്നപോലെ ആദ്ധ്യാത്മികമായ സഹജാവബോധപ്രതിഭാസം പൌരസ്ത്യൎക്കും അനുസ്യൂതമായിരുന്നിട്ടുണ്ടു്.

മനുഷ്യരുടെ അറിവിൽ പെട്ടിട്ടുള്ള പ്രാചീന മതവിശ്വാസങ്ങളെല്ലാം തന്നെ പ്രത്യക്ഷമായോ പരോക്ഷമായോ, ഏഷ്യയോടോ പൂൎവ്വമെഡിറററേനിയൻ തീരപ്രദേശങ്ങളോടോ സംബന്ധപ്പെട്ടാണിരിക്കുന്നതു്. ക്രീററു്, ഈജിപ്ററു്, ബാബിലോൺ, അസീറിയാ, ചൈനാ, പാലസ്റ്റൈൻ, അറേബ്യാ, പെൎഷ്യാ, ഇൻഡ്യ ഈ രാജ്യങ്ങളിലെ നാഗരികതകളെല്ലാം മുഖ്യമായും ഏഷ്യൻ നാഗരികതകൾ തന്നെയാണു്. പുരാതന ഈജിപ്ററിലെ മാത്രമല്ല, മെക്സിക്കോവിലേയും, പെറുവിലേയും മതവിശ്വാസങ്ങൾക്കുള്ള പ്രേരണയും ഏഷ്യയിൽനിന്നാണെന്നു് അവരുടെ ഇതിഹാസങ്ങളിൽ കാണുന്നുണ്ടു്. അവരുടെ മൌലികവിഭാവനകളും ദേവന്മാരുടെ പ്രതിമകളും അതിനു

തെളിവുമാണു്. ഹിന്ദുക്കളുടെ ഗണേശൻ, ഇന്ദ്രൻ മുതലായ ദേവന്മാരുടെ ആരാധനം, പുരോഹിതസമ്പ്രദായം, പ്രാചീന അമേരിക്കയിലെ വിവാഹത്തിൻറേയും ശവസംസ്കാരത്തിൻേറയും ചടങ്ങുകൾ, സാർവ്വലൌകികമായ പ്രചാരത്തിലിരുന്ന സർപ്പാരാധന, സംസ്കൃതവാക്കായ അഹിക്ക മെക്സിക്കോവിലും ഈജിപ്ററിലുമുള്ള രസകരങ്ങളായ രൂപഭേദങ്ങൾ, മുതലായ പല ലക്ഷണങ്ങളും ഇൻഡ്യയിൽനിന്നു വിദൂരപാശ്ചാത്യരാജ്യങ്ങളിലേക്കും വിദൂരപൌരസ്ത്യരാജ്യങ്ങളിലേക്കും ബഹുജനപ്രവാഹം ഉണ്ടായിട്ടുള്ളതിനു സാക്ഷ്യം വഹിക്കുന്നു. പാണ്ഡവവീരനായ അജ്ജ്ജുനൻ അധോഭുവനമായ പാതാളത്തിൽ ചെന്നു് പാതാളരാജാവിൻെറ പുത്രിയായ ഉലൂപിയെ വിവാഹംചെയ്തതായി ഊഹിക്കപ്പെട്ടിരിക്കുന്നു. പാതാളത്തിലെ സ്വർണ്ണസമൃദ്ധിയേയും, അവിടത്തെ പ്രകൃതിവിലാസത്തേയും കുറിച്ചുള്ള വർണ്ണനയും പുരാണങ്ങളിൽ കാണ്മാനുണ്ടു്. മെക്സിക്കോ രാജ്യത്തെ ആക്രമിച്ച കോർട്ടെസ്സിനോടു മെക്സിക്കോ ചക്രവർത്തിയായ മോണ്ടിസൂമാ പറഞ്ഞതു് അദ്ദേഹത്തിൻെറ പൂർവ്വന്മാർ പൌരസ്ത്യരാജ്യങ്ങളിൽനിന്നു വന്നവരാണെന്നായിരുന്നു.

പ്രപഞ്ചവസ്തുക്കളുടെ പരസ്പരസംബന്ധം, പ്രപഞ്ചത്തിൽ പ്രത്യക്ഷപ്പെടുന്ന ഉത്‌പാതങ്ങൾ, പ്രത്യക്ഷത്തിൽ വിമോചനമില്ലാത്തതെന്നു തോന്നുന്നതും നന്മതിന്മകളിൽ ലയിച്ചിരിക്കുന്നതുമായ ദ്വന്ദ്വഭാവം, പാപത്തേയും പാപമോചനത്തേയും സംബന്ധിക്കുന്ന ഗംഭീരപ്രശ്നങ്ങൾ, ഈശ്വരസാന്നിദ്ധ്യം പ്രാപിക്കുവാൻ ഒരു ദൈവപുത്രൻ മുഖേനയോ അഥവാ ശക്തിയെന്നു വ്യവഹരിക്കപ്പെടുന്ന മാതൃദേവിമുഖേനയൊ, അല്ലെങ്കിൽ അവതാരങ്ങൾ, മദ്ധ്യസ്ഥന്മാർ, മൂർത്തികൾ മുതലായവർ മുഖേനയൊ, അതുമല്ലെങ്കിൽ പ്രവാചകന്മാർ, അപ്പോസ്തലന്മാർ, പുരോഹിതന്മാർ, ദൈവജ്ഞന്മാർ എന്നിവർ മുഖേനയൊ അല്ലാതെ സാദ്ധ്യമല്ലെന്നുള്ളതു് പ്രായേണ എല്ലാമതങ്ങൾക്കുമുള്ള സാമാന്യലക്ഷണമാണ്. ചില മതങ്ങൾ പരമ്പരാവിശ്വാസങ്ങളിൽ നിന്നുണ്ടായ ഭിന്നിപ്പുമൂലം ഉത്ഭവിച്ചവയായിട്ടുമുണ്ടു്. ശ്രദ്ധാർഹമായിരിക്കുന്ന മറെറാരു സംഗതി മനുഷ്യരുടെ അറിവിൽപ്പെട്ടിരിക്കുന്ന സകലമതങ്ങളിലും അവ പ്രത്യക്ഷത്തിൽ തന്നെ ദ്വൈതീഭാവത്തോടുകൂടിയതോ, ബഹുദൈവവിശ്വാസത്തോടുകൂടിയതോ, വിശ്വദേവവിശ്വാസത്തോടുകൂടിയതോ, ആയിരുന്നാലും അവയിലെല്ലാം “ഏകം സത്; വിപ്രാ ബഹുധാ വദന്തി’ എന്ന ശ്രുതിവാക്യസത്യം അട

ങ്ങിയിരിക്കുന്നു എന്നു സമ്മതിക്കാതെ നിവൃത്തിയില്ലെന്നുള്ളതാകുന്നു.

ഊഹാപോഹപരികല്പനയുടെ ഫലമായി ക്രൈസ്തമതത്തിലെ മൂർത്തിത്രയസിദ്ധാന്തവും, മൂർത്തിത്രയത്തിൻെറ ഏകത്വത്തിലുള്ള ദൃഢവിശ്വാസവും ഉൽഭൂതമായതായിരിക്കാം. സോറൊവാസ്ട്രിയമതത്തിൽ അഹൂരമസ്ദനും (ദൈവം) അഹരമനും (സാത്താൻ) തമ്മിലുള്ള അനവസാനകലഹത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. ബുദ്ധജൈനമതക്കാരുടെ ബോധിസത്വന്മാരും ആർഹതന്മാരും, കത്തോലിക്കാപുണ്യവാളഗണത്തിൽ പെട്ട കന്യമറിയവും മററു വിശുദ്ധരും, ഹിന്ദുക്കളുടെ വിശ്വദേവതാഗണത്തിൽപെട്ട ദേവന്മാരും ദേവിമാരുമെല്ലാം മനുഷ്യസ്വഭാവത്തിന് ഈശ്വരനെ വിവിധരൂപത്തിൽ ആരാധിക്കുവാനുള്ള പ്രവണതയെയാണ് കാണിക്കുന്നതു്. താഴെ ഉദ്ധരിച്ചിരിക്കുന്ന അനശ്വരപദ്യം എല്ലാ മതങ്ങളിലും അടങ്ങിയിരിക്കുന്ന ഒരു പരമസത്യത്തെ വെളിപ്പെടുത്തുന്നു.

"രൂപം രൂപവിവജ്ജിതസ്യ ഭവതോ
ധ്യാനേന യൽ കല്പിതം;
സ്തുത്യാ ƒനിർവ്വചനീയതാഖിലഗുരോ
ദൂരീകൃതാ യന്മയാ;

വ്യാപിത്വഞ്ച നിരാകൃതം ഭഗവതോ
യത്തീർത്ഥയാത്രാദിനാ;
ക്ഷന്തവ്യം ജഗദീശ തദ്വികലതാ-
ദോഷത്രയം മൽകൃതം."

ഈ പ്രാർത്ഥന ഒരു നിത്യസത്യത്തെ നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. മനുഷ്യസ്വഭാവത്തിനുള്ള അപൂർണ്ണതയും, ഹൃദയവികാരങ്ങളുടേയും അഭിനിവേശങ്ങളുടേയും പ്രത്യാഘാതങ്ങളും നിമിത്തം മനുഷ്യാത്മാവു് അരൂപിക്കു രൂപകല്പന ചെയ്കയും അനിർവ്വചനീയതയെ നിർവ്വചിക്കുകയും, ഭക്തിവിഷയകമായ ഔൽസുക്യം നിമിത്തം സർവ്വവ്യാപിയായ വിശ്വപരമാത്മാവിനെ ക്ഷേത്രത്തിലോ, പള്ളിയിലോ, മോസ്കിലോ സങ്കല്പിച്ചു് ആരാധിക്കുകയുമാണു് ചെയ്തുവരുന്നതു്. നമ്മുടെ കർമ്മാദികളുടേയും അനുഷ്ഠാനങ്ങളുടേയും ആന്തരാർത്ഥം നാം എല്ലാവരും മനസ്സിലാക്കിയിരുന്നു എങ്കിൽ അന്യോന്യമുള്ള ആശയവിനിമയം വിരളമായതു നിമിത്തം മതചരിത്രം സങ്കുചിതചിത്തന്മാരുടെ മതശാഠ്യത്തിൻേറയും പരസ്പരപീഡനത്തിൻേറയും സംഭവരേഖയായിരിക്കുന്നതിനു പകരം അസഹിഷ്ണുതയ്ക്കു ഗണനീയമായ ഊനത്വം സംഭവിക്കുന്നതു കാണുമായിരുന്നു.

ലോകത്തിലെ സ്വരൂപിതങ്ങളായ എല്ലാ വലിയ മതങ്ങളിലൂടെയും ഒരു ഐക്യസൂത്രം ഓട്ട

ന്നുണ്ട്. അതുപോലെതന്നെ പ്രധാനന്മാരായ എല്ലാ പ്രവാചകന്മാരുടേയും സിദ്ധന്മാരുടേയും ജീവിതരീതിയിലും അപദാനങ്ങളിലും അനുഭൂതികളിലും ഒരു ഐക്യം അന്തഃസ്ഥിതമായിരിക്കുന്നുണ്ടെന്നു ശ്രദ്ധാലുവായ ഒരു നിരീക്ഷകന്നു കാണാവുന്നതാണ്.

മതസാമ്രാജ്യത്തിൽ പുരോഗതിക്കുവേണ്ടിയുള്ള മനുഷ്യയത്നങ്ങളുടേയും, മനുഷ്യപ്രാപ്തങ്ങളായ കാൎയ്യങ്ങളുടേയും, എലുകക്കല്ലുകളായി താഴെക്കാണുന്ന നാമധേയങ്ങൾ ഉദ്ധരിക്കാവുന്നതാണ്. 'കങ്ഫുട്സി' അഥവാ കൺഫ്യൂഷിയസ്, ല-ഓട്സി, വേദോപനിഷത്തുകളുടെ സമ്പാദകരായ ഋഷികൾ, ശ്രീകൃഷ്ണൻ, സോറൊവാസ്റ്റർ, ബുദ്ധൻ, ഋഷഭൻ, മഹാവീരൻ, സോക്രട്ടീസ്, യേശു, ടാർസസ്സിലെ പാൾ, മുഹമ്മദ്, അവൎക്കു പിന്നീടു് ഇൻഡ്യയിൽ അവതീർണ്ണരായ ശങ്കരൻ, രാമാനുജൻ, മധ്വാചാൎയ്യർ, കബീർ, തുകാരാമൻ, ചൈതന്യൻ, ഗുരുനാനക്, രാമകൃഷ്ണൻ, വിവേകാനന്ദൻ, നാരായണഗുരു മുതലായ എല്ലാ മതപ്രവൎത്തകന്മാരുടേയും ജീവിതം പരിശോധിക്കുന്നതായാൽ സ്വകാൎയ്യഗുരൂപദേശങ്ങൾ ഇല്ലാത്തതും തികച്ചും പ്രായോഗികമായിട്ടുള്ളതുമായ ല-ഓട്സിയുടെ സിദ്ധാന്തത്തിനും, ശങ്കരന്റെ സുസൂക്ഷ്മതരമായ അദ്വൈതസിദ്ധാന്തത്തിനും, മധ്വാചാൎയ്യരുടേയും ആഴ്വാരന്മാരുടേയും നായ

നാരന്മാരുടേയും ശ്രീരാമകൃഷ്ണന്റേയും സ്വയം മറ ന്നുള്ള സർവ്വഗ്രാഹിയായ ഭക്തിമാർഗ്ഗത്തിനും, തമ്മി ലുള്ള വ്യത്യാസങ്ങളെ എളുപ്പത്തിൽ ഗ്രഹിക്കാവു ന്നതാണ്. അതുപോലെതന്നെ അവരുടെ ജീവിതത്തിലെ ചില സമാനലക്ഷണങ്ങളും ഗ്രഹി ക്കാവുന്നവ തന്നെ. ഈ ലോകഗുരുക്കന്മാരിൽ അധികംപേരും ലോകകാര്യങ്ങളേയും അവയെ അഭിമുഖീകരിക്കേണ്ട പ്രമേയങ്ങളേയും കുറിച്ചുള്ള പ്രായോഗികവിജ്ഞാനത്തോടുകൂടി മതോപദേശ ത്തിന് ആരംഭിച്ചവരാണ്. ശ്രീകൃഷ്ണൻ ഗോ പാലജീവിതത്തിൽനിന്ന് ഒരു സാരഥിയുടേയും ഒരു ഭരണാധികാരിയായ രാജാവിന്റേയും ജീവിത ത്തിലേക്കു കടന്നു ലൌകികമായ സകലപരിചയ ങ്ങളും സമ്പാദിച്ചു. ചിലർ കൺഫ്യൂഷിയസിനേ യും ല-ഓട്സിയേയും, സൊറൊവാസ്റ്ററേയും പോ ലെ രാജ്യകാര്യധുരന്ധരന്മാരായിരുന്നു. മററു ചിലർ ബുദ്ധമുനിയെപ്പോലെ രാജകുടുംബത്തിൽ ജനിച്ചു വളന്ന് രാജധാനിയിലെ അത്യാഡംബരജീവി തത്തിൽ വിരക്തിവന്ന് അതിനെ പരിത്യജിച്ചു. മുഹമ്മദ് ഒരു സിംഹാസനത്തിലേക്കു മാർഗ്ഗം തെളിച്ചു. ക്രിസ്തുവിനേയും ശങ്കരനേയുംപോലെ വേറെ ചിലക്ക് അനുഭവജ്ഞാനത്തെക്കാരം സഹ ജജ്ഞാനത്താൽ ജീവിതപ്രമേയങ്ങരം ആവിഷ്കൃ തങ്ങളായി. എന്നാൽ ഇവരിൽ ഓരോരുത്തക്കും നമ്മുടെ ജീവിതത്തെ വലയം ചെയ്തിരിക്കുന്ന

പ്രലോഭനങ്ങളേയും പട്ടകുഴികളേയും വിജയപരാജയങ്ങളേയും അവധാരണം ചെയ്യുവാൻ ആവശ്യകമായ ജ്ഞാനവും സൂക്ഷ്മഗ്രഹണപടുത്വവും ജന്മസിദ്ധമായുണ്ടായിരുന്നു. ഇവരിൽ ഓരോരുത്തരുടേയും ഹൃദയത്തിൽ പാപത്തെ സംബന്ധിക്കുന്ന പ്രശ്നത്തിൻെറ ആഘാതം ഉണ്ടായി. ബാഹ്യലോകത്തേയും അതിലുള്ള പ്രവൎത്തനങ്ങളേയും പരിത്യജിക്കുവാനുള്ള ആഹ്വാനം ഇവർ ഓരോരുത്തരും വേഗത്തിലോ സാവധാനമായോ ശ്രവിച്ചു. ഇവരിൽ പ്രായേണ ഓരോരുത്തരും മാംസത്തെ ക്ലേശിപ്പിച്ചും യമനിയമാദികളെക്കൊണ്ടും ആത്മാവിനെ ശുദ്ധീകരിക്കുന്ന ഒരു ദശയെ തരണം ചെയ്യേണ്ടിവന്നു. അവ്യത്യസ്തമായി ഇവരിൽ എല്ലാവൎക്കുംതന്നെ ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിലുള്ള വലുതായ പ്രലോഭനങ്ങൾ ഉണ്ടായി. യേശുവിനെ സാത്താൻ പ്രലോഭിപ്പിച്ചതും ബുദ്ധനെ മാരനും മററു ദുഷ്ടശക്തികളും തപസ്സുകാലത്തു പ്രലോഭിപ്പിച്ചതും ഇതിനു ദൃഷ്ടാന്തമായി പറയാവുന്നതാണ്. അവർ ഈ പ്രലോഭനത്തിനു വശംവദരായില്ല. അവർ ലഘുവായ വ്യാമോഹങ്ങൾക്കു വഴിപ്പെടാതെ പരിപക്വമായ വിശ്വാസത്തോടും നിൎവാണപ്രാപ്തിക്കു അവർ കണ്ടുപിടിച്ച പ്രത്യേകപദ്ധതി ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുവാനുള്ള താൽപൎയ്യത്തോടുംകൂടി അതിനായി ഉദ്യമിക്കുകയാണ് ചെയ്തു

ണ്ട്. ഈ കൃത്യനിർവ്വഹണത്തിനു ചിലർ കേവലമായ തത്വജ്ഞാനസിദ്ധാന്തങ്ങളുടെ രൂപം തങ്ങളുടെ പദ്ധതിക്കു നല്കി. മററു ചിലർ സാന്മാർഗ്ഗികോപദേശങ്ങളും, സിദ്ധാന്തങ്ങളേക്കാൾ സദാചാരം മുഖ്യമെന്ന നിഷ്കർഷയും അംഗീകരിച്ചു. ഉപനിഷത്തുകളുടെ കർത്താക്കന്മാരും, ശ്രീകൃഷ്ണൻ, ശങ്കരൻ, രാമാനുജൻ, സോക്രട്ടീസ്, പ്ലേറേറാ മുതലായവരും സർവ്വഗ്രാഹിയും സംശ്ലിഷ്ടവുമായ തത്വജ്ഞാനവാദങ്ങൾ പ്രസരിപ്പിച്ചു. ബുദ്ധനേയും ക്രിസ്തുവിനേയും പോലെ വേറെ ചിലർ അർത്ഥവാദകഥകൾകൊണ്ടു തങ്ങളുടെ സിദ്ധാന്തത്തെ പ്രചരിപ്പിച്ചു. മോസസ്സിനേയും (മോശ) മുഹമ്മദ് നിബിയേയും സോറൊവാസ്റ്ററിനേയും പോലെയുള്ളവർ നിയമങ്ങൾ മുഖേന മതപ്രചാരണം ചെയ്തു. എന്നാൽ ഈ എല്ലാ മതങ്ങളിലും സാരഭൂതമായിരുന്ന വിശ്വാസം ഒന്നുതന്നെ ആയിരുന്നു. ഒരു പരമാത്മാവിൻെറ അനന്തമായ അസ്തിത്വത്തേയും ആ പരമാത്മാവിൽ പ്രപഞ്ചത്തിനുള്ള ആശ്രയഭാവത്തേയും ജീവിതോദ്ദേശ്യത്തേയും പരമപുരുഷാർത്ഥപ്രാപ്തിക്കു മനുഷ്യൻ ആചരിക്കേണ്ട മാർഗ്ഗങ്ങളും നടപടികളും ദൃഢപ്പെടുത്തേണ്ട ആവശ്യകതയേയും കുറിച്ച് അവർ പ്രസംഗിച്ചു. അവരിൽ ആരുംതന്നെ അകീർത്തികരമായ ശാന്തിമാർഗ്ഗത്തേയും കേവലമായ വിധേയത്വത്തേയും പുഷ്പാസ്തൃതമായ ജീവിതപദ്ധതി

യേയും ഉപദേശിച്ചില്ല. മനുഷ്യഹൃദയത്തെ ഉൽബുദ്ധമാക്കുന്നത് അസ്ഥിരമായ സുഖാനുഭൂതിയും ലൌകികങ്ങളായ ഐശ്വൎയ്യങ്ങളും അല്ലെന്നും നേരെമറിച്ച് പ്രയാസവും ത്യാഗവും ആദൎശാൎത്ഥമുള്ള പ്രാണോത്സൎഗ്ഗവും മരണവുമാണ് മനുഷ്യഹൃദയത്തിൽ ശക്തിമത്തായ പ്രത്യാഘാതത്തെ ഉണ്ടാക്കുന്നതെന്നും അവർ അറിഞ്ഞിരുന്നു. കാർലൈലിന്റെ 'വീരന്മാരും വീരാരാധനയും' എന്ന പുസ്തകത്തിൽ ഈ വിഷയത്തെപ്പററി പ്രതിപാദിച്ചശേഷം അദ്ദേഹം ഇങ്ങനെ പറയുന്നു:—

"മനുഷ്യന്റെ അന്തരാത്മാവിനെ സ്പൎശിക്കുക. എല്ലാത്തരം താണ വിചാരണങ്ങളേയും ദഹിപ്പിക്കുന്ന ഒരു ജ്വാല അവിടെ ഉണ്ടു്. കേവലസൗഭാഗ്യമല്ല, അതിലും ഉന്നതമായ ഒന്നാണ് ലക്ഷ്യം. നിസ്സാരന്മാരായ ജനങ്ങളിൽ പോലും മാനത്തേയും മററും കുറിച്ചുള്ള അഭിമാനം നാം കാണാറുണ്ടല്ലോ. മതത്തിന്റെ മാഹാത്മ്യം കീൎത്തനം ചെയ്യുന്നതുകൊണ്ടല്ല, മനുഷ്യഹൃദയത്തിൽ ഉറങ്ങിക്കിടക്കുന്ന ആത്മവീൎയ്യത്തെ ഉണൎത്തുന്നതുകൊണ്ടാണ് ഏതു മതത്തിനും അനുയായികളെ ലഭിക്കുന്നത്."

എല്ലാ മതാചാൎയ്യന്മാൎക്കും അവരുടെ സന്ദേശം പരത്തുവാൻ വ്യാഖ്യാതാക്കന്മാരും ടീകാകാരന്മാരും ഉണ്ടായിരുന്നിട്ടുണ്ടു്. ത്രിഭുജസ്ഫടികത്തിൽക്കൂടി കടക്കുന്ന ശുഭ്രമായ ധവളവൎണ്ണം ശബളവൎണ്ണ

മായി പ്രകാശിക്കുന്നതുപോലെ ഓരോ മതത്തെ പ്പററിയും അത്ഥപ്രവചനം ചെയ്യവർ മതാചാര്യന്മാരാൽ ഉപദിഷ്ടമായ ശുഭ്രമായ സന്ദേശത്തിന് ദേശീയമോ ജനകീയമോ ആയ സ്വഭാവവിശേഷങ്ങളുംകൂടി കലൎന്നുകനിമിത്തം ചിലരുടെ അത്ഥപ്രവചനങ്ങൾ മഹാപ്രഭമായും മററുചിലരുടേതു മന്ദപ്രഭമായും പരിണമിച്ച് ആകപ്പാടെ ആചാര്യോപദിഷ്ടമായ മാൎഗ്ഗത്തിൻെറ സൂക്ഷ്മരൂപം എന്തെന്നറിവാൻ നിവൃത്തിയില്ലാത്ത കുഴപ്പങ്ങൾ ഉണ്ടാക്കിത്തീൎത്തു.

മതവും മതസഹിഷ്ണുതയും സമാന്തരമായി യോജിച്ചുപോകുന്നതിന് പുരാതനചൈനയ്ക്കും, ആൻെറാണെൻസിൻെറ കീഴിൽ റോമായ്ക്കും, പ്രാചീനഭാരതത്തിനും മാത്രമേ സാധിച്ചിട്ടുള്ളൂ. ഇപ്പോഴാകട്ടെ ഭിന്നമതങ്ങളുടെ അനുയായികൾ പരസ്പരം പ്രകടമായോ ഉപപന്നമായോ ശത്രുതയിൽ ആണെന്നുള്ള ധാരണയിൽ കഴിഞ്ഞുവരുന്നു.

ആദിമകാലം മുതൽ ഇന്നുവരെയുള്ള ചരിത്രം വെളിപ്പെടുത്തുംപ്രകാരം ആത്മസാക്ഷാൽകാരത്തിനു വേണ്ടിയുള്ള മനുഷ്യപ്രയത്നമാണ് ഓരോ ജനസമുദായത്തിൻേറയും വ്യക്തികളുടേയും സ്വഭാവഗതിയും പരിണാമവാദസിദ്ധാന്തവും അനുസരിച്ചു ഭിന്നമതങ്ങൾ ഉത്ഭവിക്കുവാൻ ഇട

യാക്കീട്ടുള്ളതെന്നു സ്ഥാപിക്കാൻ മേൽ പ്രസ്താവിച്ച അപഗ്രഥനംകൊണ്ട് സാദ്ധ്യമായിട്ടില്ലെങ്കിൽ ഈ പ്രയത്നം നിഷ്ഫലമായിരിക്കും. ശാന്തിയെവിടെയെന്ന് അന്വേഷിച്ചുനടക്കുന്ന ആത്മാവ് അവിടവിടെ ചിലരെ കണ്ടെത്തുന്നുണ്ട്. അവർ 'പപ്പീറൈ'യിൽ പ്രസ്താവിച്ചിരിക്കുംപോലെ എല്ലാ കാലത്തേക്കും എല്ലാ ദേശത്തേക്കും യോജിച്ചവരും തങ്ങളുടെ ഹൃദയമാകുന്ന പക്ഷിത്തൂവലിനെ സത്യമാകുന്ന പക്ഷിത്തൂവലുമായി തുലനം ചെയ്തുനോക്കി 'താഹുതി'യുടെ വിവൃതമായ ദ്വാരമാർഗ്ഗേണ സ്വാതന്ത്ര്യം പ്രാപിച്ചിട്ടുള്ളവരുമാണെന്ന് ഈജിപ്റ്റുകാരുടെ ഒരു വിശുദ്ധഗ്രന്ഥത്തിൽ പറയുന്നു. ന്യായവിസ്താരദിവസം വിധികല്പിക്കുമെന്നു ജൂതന്മാരുടേയും ക്രിസ്ത്യാനികളുടേയും മുസ്ലിമീങ്ങളുടേയും വേദഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, മൃതന്മാരുടെ ന്യായാധിപന്മാർ മനുഷ്യഹൃദയത്തെ തൂക്കിനോക്കി അതിന്റെ ഫലം ചിത്രഗുപ്തന്റെ ഈജിപ്ഷ്യൻപ്രതിമൂർത്തി രേഖപ്പെടുത്തുമെന്നു പറയപ്പെടുന്നു. എല്ലാ ആത്മാക്കളോടും ന്യായാധിപന്മാരിലൊരാൾ ഇങ്ങനെ ചോദിക്കുമത്രേ. "നീ നിന്റെ ഭീമാകൃതിയായ ഛായയെ ഭിത്തിയിൽ കണ്ട്, നിന്റെ പ്രതിബിംബമാണെന്നു വിചാരിച്ചിട്ടുണ്ടോ?" മറെറാരാൾ ചോദിക്കുന്നു:—ഒരു യാത്രയുടെ അവസാനം മറെറാന്നിന്റെ ആരംഭമാണെന്ന് നിന

ക്കറിയാമൊ? ഈ ന്യായവിസ്താരത്തിനും ഭഗവാൻ ബുദ്ധനു ലഭിച്ച ദർശനത്തിനും തമ്മിൽ സാരമായി എന്തു വ്യത്യാസമാണുള്ളതു്? നമ്മുടെ തത്വദർശികൾ ഏതൊരു ഭഗവാനെക്കുറിച്ചു് "യസ്യ ഛായാമൃതം യസ്യ മൃത്യുഃ" എന്നു ഗാനം ചെയ്തിരിക്കുന്നുവോ ആ ഭഗവൽസന്നിധിയിൽ എല്ലാ ഹൃദയാഭിലാഷങ്ങളും പ്രാർത്ഥനകളും സകലമനുഷ്യരും സമർപ്പണം ചെയ്യുന്നില്ലേ?

---

## സോറൊവാസ്റ്റർ.

മേൽ പ്രസ്താവിച്ചതു വച്ചുകൊണ്ടു മനുഷ്യ വർഗ്ഗത്തിലെ വിവിധമതപ്രബോധകന്മാരുടെ ജീവിതചരിത്രം നമുക്കു പരിശോധിച്ചുനോക്കാം. ഒരു ചെറുസംഘം വ്യക്തികൾ മാത്രം ഇപ്പോൾ ആചരിക്കുന്ന ഒരു മതത്തിന്റെ സ്ഥാപകനായ സോറൊവാസ്റ്റർ, വേദങ്ങൾക്കും ഉപനിഷത്തുകൾക്കും ഇപ്പോഴത്തെ അവയുടെ രൂപം നല്കിയ മഹാത്മാക്കളെ ഒഴിവാക്കിയാൽ, ഏററവും പുരാതനന്മാരായ ദിവ്യസന്ദേശവാഹകന്മാരിൽ ഒരാളായിരുന്നു. ക്രിസ്തുവിനു മുൻപു ഏഴാംശതാബ്ദത്തോടടുപ്പിച്ചാണ് അദ്ദേഹം ജീവിച്ചിരുന്നതു്. ആര്യവർഗ്ഗക്കാർക്കു പൊതുവിൽ ഏകമതമാണ് ഉണ്ടായിരുന്നതു് എന്നു പ്രത്യക്ഷംതന്നെ. അവരുടെ ഒരുശാഖയെ ഇൻഡ്യയും, മറെറാന്നിനെ പെർഷ്യയും മദ്ധ്യഏഷ്യയും പ്രതിനിധീകരിച്ചിരുന്നു. പ്രകൃതിദൈവതങ്ങളിൽ, വിശേഷിച്ചും അഗ്നി, ഭൂമി, ആകാശം എന്നിവയിൽ, വിശ്വാസം ഉൾക്കൊള്ളുന്ന (ഹിന്ദു) വൈദികമാതൃകയിലുള്ള ഒന്നായിരുന്നു ആ മതം. ചില മർമ്മപദങ്ങളുടെ താരതമ്യം കൊണ്ടു് ഈ രണ്ടു മതങ്ങൾക്കും ആദ്യമുണ്ടായിരുന്ന സാദൃശ്യം നിഷ്പ്രയാസമായി സ്ഥാപിക്കാവുന്ന

താണ്. സംസ്കൃതത്തിലെ 'വേദം' അവെസ്തയിലെ 'വിസ്ത്' ആകുന്നു. സംസ്കൃതത്തിലെ 'ഗീത' പാരസീക 'ഗാഥ'യും, 'അഥവൻ' സംസ്കൃതത്തിലും പെഹ്ലെവിയിലും പുരോഹിതനും ആകുന്നു. അനിശ്ചിതമായ ഒരു കാലത്ത് മൂലകുടുംബത്തിൻെറ രണ്ടു ശാഖകളും തമ്മിൽ ഒരു ഭിന്നിപ്പുണ്ടായി, തദനന്തരോധേന ഒരു മതഭേദം സംഭവിച്ചു. അതിൻെറ ഫലമായി, ഋഗ്വേദത്തിൻെറ ആദ്യഭാഗങ്ങളിൽ, നല്ല അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള 'അസുര' പദത്തോടു തുല്യാർത്ഥമായ സെൻഡ് അവെസ്തയിലെ അഹുരൻ ഇൻഡ്യയിൽ രാക്ഷസന്മാൎക്ക് പൎയ്യായമായി ഭവിക്കയും, വേദങ്ങളിലെ ദേവൻ സോറൊവാസ്റ്റ്രീയന്മാരുടെ അസുരനായി രൂപാന്തരപ്പെടുകയും ചെയ്തു. സോറൊവാസ്റ്ററുടെ കാലത്ത് പെർഷ്യ തികച്ചും അധഃപതിച്ചുപോയിരുന്നു. അദ്ദേഹം, മഹാപ്രവാചകന്മാരിൽ അധികംപേരെയുംപോലെ, തൻെറ ജോലി ആരംഭിച്ചതു് മതകൎമ്മങ്ങളെയും, ആഘോഷങ്ങളേയും, മന്ത്രവാദത്തേയും ചോദ്യം ചെയ്തുകൊണ്ടായിരുന്നു.

സോറൊവാസ്റ്ററുടെ ശരിയായ പേരു് സ്പിതാമാസരാതുഷ്ട്ര എന്നായിരുന്നു. അദ്ദേഹം ബാക്ട്രിയാക്കാരനൊ, പശ്ചിമപെർഷ്യാക്കാരനൊ ആയിരുന്നുഎങ്കിലും, അദ്ദേഹത്തിൻെറ അവതാരകൃത്യം

നിവ്വഹിച്ചതു് സ്വന്തം മാതൃഭൂമിയിലല്ല, അന്യ ഭൂമിയിലായിരുന്നു. ബുദ്ധൻ ഇൻഡ്യയിൽ നിന്നും, ക്രിസ്തു പാലസ്റ്റൈനിൽ നിന്നും നിഷ്ക്കാസിതരാണെന്നു് പ്രൊഫെസ്സർ വാഡിയാ പ്രസ്താവിക്കുന്നതു പരമാത്ഥം മാത്രമാകുന്നു. അതുപോലെ സോറൊവാസ്റ്ററും അദ്ദേഹത്തിൻെറ ജന്മഭൂമിയിൽ നിന്നു നിഷ്കാസിതനായി. അനന്തരം അദ്ദേഹം വിസ്താസ്പ് എന്ന പെർഷ്യൻ രാജാവിൻെറ ഉപദേഷ്ടാവായിത്തീൎന്നു. രാജാധികാരത്തിൻെറ പൂൎണ്ണമായ പിൻതുണയോടുകൂടിയാണു് അദ്ദേഹം തൻെറ മതം പ്രചരിപ്പിച്ചതു്. നന്മയുടെ വിളനിലമായ ദൈവത്തിൻെറ കൊടിക്കീഴിൽ തിന്മയുടെ ശക്തികളെ എതിരിടുക എന്ന സിദ്ധാന്തവും ഉൽകൃഷ്ടമായ ഒരു സാന്മാർഗ്ഗികജീവിതവുമാണു് ആ മതത്തിൻെറ ജീവൻ. രാജർഷിയായ ജനകനെപ്പോലെ, വ്യക്തിപരമായി അദ്ദേഹം ശുദ്ധാത്ഥപ്രതിബോധവാനായ ഒരു യോഗി ആയിരുന്നുഎങ്കിലും, ശരിയായി നിയമനം ചെയ്യപ്പെടാത്തപക്ഷം ശുദ്ധാത്ഥവിദ്യകൾമൂലമുണ്ടാകാവുന്ന വിപത്തു് അദ്ദേഹം പൂൎണ്ണമായി ഗ്രഹിച്ചിരുന്നു. മനുഷ്യവർഗ്ഗത്തിൻെറ ലക്ഷ്യം മനുഷ്യവർഗ്ഗത്തിൻെറ ക്ഷേമം ആയിരിക്കണമെന്നു് അദ്ദേഹം നിർദ്ദേശിച്ചു. സഹജാതരായ മനുഷ്യരുടെ ഇടയിൽനിന്നു് ഒഴിഞ്ഞുമാറിക്കഴിയുന്ന ഒരു പുരോഹിതത്വത്തിൻെറ രൂപ

വൽകരണത്തിന് അദ്ദേഹം എതിരായിരുന്നു. ഒരു സോറൊവാസ്റ്റീയൻ മതപണ്ഡിതൻ, ഭംഗിയായി പറഞ്ഞിട്ടുള്ളതുപോലെ, ഈ പ്രവാചകൻ സാമാന്യജനങ്ങൾക്കു പിടികിട്ടാത്ത വിജ്ഞാനം സമ്പാദിക്കുന്നതു നിഷ്പ്രയോജനമാണെന്ന് ഊന്നിപ്രസ്താവിച്ചു. എന്തുകൊണ്ടെന്നാൽ അത്തരം വിജ്ഞാനം പലപ്പോഴും, മനുഷ്യത്വത്തെ തന്നെയും, അതിൽ നിന്നു രക്ഷപ്പെടാനുള്ള ഉദ്യമത്തിൽ, മനുഷ്യരെക്കൊണ്ടു വിസ്മരിപ്പിച്ചുകളയുന്നു. ഡറയസ്സിൻെറ സമകാലീനനായിരുന്ന സോറൊവാസ്റ്റർ ആ ദശാസന്ധിയിൽ ഒരു മതത്തിന്നധിഷ്ഠാനമാക്കാവുന്ന ഏകമായ സാദ്ധ്യപദ്ധതി, പൊതുവിൽ എല്ലാവരും നല്ലപോലെ ജീവിക്കണമെന്ന വിശാലതത്വം മുന്നിട്ടുനില്ക്കുന്നതും, സർവ്വമനുഷ്യരാശിയുടേയും നന്മ ഓരോ മനുഷ്യാത്മാവിൻെറയും നന്മയാണെന്നു പ്രഖ്യാപനംചെയ്യുന്നതുമായ ഒന്നാണെന്നു ഗ്രഹിച്ചിരുന്നു. വേറൊരുവിധം പറകയാണെങ്കിൽ, മതമെന്നതു മനുഷ്യരാശിക്ക് തത്വജ്ഞാനത്തേയും നിഗൂഢതത്വചിന്തയേയുംകാൾ കൂടുതൽ അർത്ഥവത്തും, എല്ലാക്കാലത്തും അർത്ഥവത്തായിരിക്കുന്നതുമായ എന്തോ ഒന്നാണെന്നും അദ്ദേഹം ധരിച്ചിരുന്നു. അവെസ്തയിൽ നിന്നു താഴെ ഉദ്ധരിക്കുന്ന രണ്ടുഭാഗങ്ങളും, ഋഗ്വേദത്തിൽ അഗ്നിക്കും വരുണനുമുള്ള സ്തോത്രങ്ങൾക്കു സമാ

നവും, ഒരേ മനോഭാവത്തിൽനിന്നും ഒരേ മതവ്യഗ്രതയുടെ ഉന്നമനത്തിൽനിന്നും ഉൽഭൂതവുമാകുന്നു.

എന്നാൽ പുരാതനഹൈന്ദവവ്യവഹാരങ്ങളിൽനിന്നു സോറൊവാസ്റ്റ്രീയഗാഥകൾ ഭിന്നമായിരിക്കുന്നതു് മനുഷ്യൻ ഈശ്വരന്റെ പ്രതിരൂപമാണെന്ന ആശയത്തെ അവ നിഷേധിക്കുന്നു എന്നുള്ളതിലാണു്. 'അയമാത്മാ ബ്രഹ്മ' (ഈ ആത്മാവു ബ്രഹ്മമാകുന്നു) എന്നതായിരുന്നു ഋഷികളുടെ ധ്യാനവിഷയം. എന്നാൽ ആ ഐറേനിയൻ ദീർഘദർശി പൂർണ്ണതയ്ക്കു അപൂർണ്ണമായ ഒരു പ്രതിരൂപം ഉണ്ടാകുക സാദ്ധ്യമല്ലെന്നു പരിഗണിച്ചു.

മേൽ സൂചിപ്പിച്ച ഭാഗങ്ങൾ മി. സോറാബ് ജെ. ബുൽസാറാ ഇങ്ങനെ തർജ്ജിമ ചെയ്തിരിക്കുന്നു:—

"ആദ്യമായി ചിന്തയെ പ്രവർത്തിപ്പിക്കുകയും, സൗഭാഗ്യത്തെ വെളിച്ചത്തിന്റെ കേന്ദ്രങ്ങളുമായി സങ്കീർണ്ണമാക്കുകയും ചെയ്യുവൻ അയാളുടെ പരമമായ വിജ്ഞാനം മൂലമായി, നിശ്ചയമായും ധർമ്മമാർഗ്ഗത്തിന്റെ സ്രഷ്ടാവാകുന്നു; ആ വിജ്ഞാനം കൊണ്ടു്, പരമോൽകൃഷ്ടമായ മനസ്സും, പരിശുദ്ധതമമായ സ്നേഹവും നന്മയും അതിൽതന്നെ സംരക്ഷിക്കപ്പെടുന്നു; നിത്യനിർവ്വികാരനായ അങ്ങയുടെ

പാവനാത്മാവുമൂലം അങ്ങ് ഇവയെ പുരോഗമിപ്പിക്കുന്നു.''

യസ്ന. xxxi. 7.

''ഭഗവൻ, അങ്ങയുടെ പാവനാഗ്നി, പ്രപഞ്ചത്തിൻെറ ക്രമീകരണത്തിൽ പ്രത്യക്ഷപ്പെട്ടത്തിയിരിക്കുന്ന ധർമ്മദീക്ഷ അതിൽ കൂടി പ്രവർത്തിക്കുന്നതിനാൽ, മഹത്താണെന്നു നിശ്ചയമായും ഞാൻ കരുതുന്നു.''

യസ്ന. xxxiv. 4.

സോറൊവാസ്റ്റരുടെ ദ്വൈതം എന്നു പറയപ്പെടുന്ന സിദ്ധാന്തത്തെ പ്രൊഫെസർ വാഡിയ 'സോറൊവാസ്റ്റർ' എന്ന തൻെറ ഗ്രന്ഥത്തിൽ ഭംഗിയായി അപഗ്രഥിച്ചിട്ടുണ്ട്. സോറൊവാസ്റ്റരുടെ മതത്തിൽ ദ്വൈതസിദ്ധാന്തമുണ്ടെങ്കിൽ അതു ദ്വൈതം നന്മതിന്മകളെ വ്യവച്ഛേദിച്ചുകൊണ്ടുള്ള ധർമ്മാനുസാരിയായ ദ്വൈതം മാത്രമാകുന്നു. വളരെക്കാലം കഴിഞ്ഞശേഷമാണ് ഈ പ്രവാചകൻെറ ഉപദേശത്തെ അതിൻെറ ഇപ്പോഴത്തെ രൂപത്തിൽ ഭേദപ്പെടുത്തിയത്. എങ്കിലും ഈ പുരാതനമതത്തിൻെറ ഒരു സ്വഭാവവിശേഷം ശ്രദ്ധാർഹമാകുന്നു. ക്രിസ്തുമതത്തിലും ഇസ്ലാംമതത്തിലും എന്നപോലെ ഈ മതത്തിലും ഉയിർത്തെഴുന്നേൽപ്പ് എന്ന ആശയം നിബന്ധിക്കുകയും, സോറൊവാസ്റ്റർ ആരംഭിച്ച കൃത്യം പൂർത്തിയാക്കാനുള്ള

സയോഷ്യന്തിൻെറ അവതാരത്തെ പ്രതീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഈ യുഗത്തിൽ സംഭൂതമായിട്ടുള്ള തിന്മകളെ നശിപ്പിച്ചു മനുഷ്യവർഗ്ഗത്തെ ഉദ്ധരിക്കുന്ന നമ്മുടെ പുരാണങ്ങളിലെ കല്ക്യവതാരത്തിൻെറ ആശയത്തോടു ബന്ധപ്പെട്ട ഒരു വിശ്വാസത്തിൽ അശ്വസ്ഥാമതവും, അതുപോലെ തന്നെ യഹൂദന്മാരുടേയും അറബികളുടേയും മതങ്ങളും ഭാഗഭാക്കുകളാകുകയാണ് ചെയ്യുന്നതു്. അഹരമൻ എന്നു സാധാരണമായി തെററിപ്പറയാറുള്ള അംഗ്ര മൈന്യുവിന് എതിരായുള്ള സമരം, മൂലഗാഥകളിലും, അവയുടെ വികസിതരൂപമായ മിത്രമതത്തിലും ഊന്നിപ്പറഞ്ഞിട്ടുള്ള ദുർവാസനകൾക്കെതിരായുള്ള അനവസാനമത്സരം ആകുന്നു. കായികമായ എല്ലാ തിന്മകൾക്കും പരമമായ ശിക്ഷണഗുണം ഉണ്ടെന്നു പരിഗണിക്കപ്പെട്ടിട്ടുള്ള ഈ സമരം സാരതുഷ്ട്രായുടെ സർവസഹോദര്യസിദ്ധാന്തത്തിൻെറ സംസ്ഥാപനത്തേയും, നിത്യാനന്ദം അല്ലെങ്കിൽ നിത്യദുഃഖം ഇവമാത്രമാണ് മനുഷ്യവർഗ്ഗത്തിനുള്ള പോംവഴികൾ എന്നതിൻെറ നിരാകരണത്തേയുംകാൾ കൂടുതൽ പ്രാധാന്യമുള്ളതായിരുന്നില്ല. മതത്തിനു ഖണ്ഡിതമായ ഒരു സാന്മാർഗ്ഗികസ്വഭാവവും മാർഗ്ഗനിർദ്ദേശനവും നൽകുകയും, അത്രതന്നെ സമയം ഒരു ആദർശമെന്നനിലയിൽ നന്മയുടെ യാഥാർത്ഥ്യത്തിൻെറ ഒരു ശാശ്വതാധിഷ്ഠാനം

സർവോപരി സമ്മാനിച്ച ഏകദൈവസിദ്ധാന്തം പ്രസംഗിക്കുകയുംചെയ്ത പുരാതനന്മാരിൽ ഒരാളായിരുന്നു അദ്ദേഹമെന്നു രവീന്ദ്രനാഥടാഗൂർ യഥോചിതം പ്രസ്താവിച്ചിട്ടുണ്ട്. ഈ പ്രവാചകന്റെ മതം, അനന്തരകാലത്തുണ്ടായ അതിന്റെ തത്വജ്ഞാനപരമായ വികാസങ്ങളോടുകൂടി പല രാജ്യത്തിലും, അതിന്നു ശേഷം മിത്രമതം എന്ന രൂപത്തിലും അനുവർത്തിക്കപ്പെട്ടു. എസീനികളുടേയും യേശുക്രിസ്തുവിന്റേയും വിശുദ്ധപാളിന്റേയും വിശ്വാസത്തിലും, ധർമ്മാനുശാസനങ്ങളിലും, പ്രവർത്തിച്ചിരിക്കാവുന്ന വിധായകങ്ങളായ പ്രേരണാശക്തികളുടെകൂട്ടത്തിൽ ഇതും ഇപ്പോൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

---

## ബുദ്ധൻ.

ശ്രീ. ധമ്മപാലൻ തൻെറ ഗ്രന്ഥത്തിൽ ബുദ്ധ ഭഗവാൻെറ ജീവിതത്തേയും, മഹാത്യാഗത്തേയും, അനുശാസനങ്ങളേയും പരാമർശിച്ചിരിക്കുന്നു. ഇന്നു ബുദ്ധൻെറ മതസിദ്ധാന്തം, അനുയായികളുടെ സംഖ്യയിൽ, മററെല്ലാ മതങ്ങളെയും അതിശയിക്കുന്നു. മനുഷ്യവൎഗ്ഗത്തിൽ ഏകദേശം അൻപതുകോടി ജനങ്ങൾ ബുദ്ധമതാനുയായികളായി ജീവിച്ചു മരിക്കുന്നു. അദ്ദേഹത്തിൻെറ തത്വജ്ഞാനവും ജീവിതപ്രശ്നങ്ങളെ സംബന്ധിച്ച വീക്ഷണഗതിയും ഹൈന്ദവചിന്തയെ അതിഗാഢമായി ഗ്രസിച്ചിട്ടുണ്ട്. തന്മൂലം, ഈശ്വരാവതാരങ്ങളിലൊന്നായി അദ്ദേഹം വാഴ്ത്തപ്പെടുന്നു എങ്കിലും ബുദ്ധമതം, ജൈനമതം എന്നപോലെ, അതിൻെറ ജന്മഭൂമിയിൽ പീഡനവിധേയമാക്കപ്പെട്ടിട്ടുണ്ട്. ഇൻഡ്യയിൽ ബുദ്ധമതാനുയായികൾ വിരളമാണെങ്കിലും, ബുദ്ധൻെറ ജീവിതവും അദ്ദേഹത്തിൻെറ സുവിശേഷവും ഭാരതീയരുടെ തത്വചിന്തയിൽ സവിശേഷം സംക്രമിച്ചിരിക്കുന്നു. ബുദ്ധൻെറ ഉൽകൃഷ്ടമായ വ്യക്തിമാഹാത്മ്യം അപൂൎണ്ണമായി മാത്രമേ വിശദീഭവിച്ചിട്ടുള്ളു എങ്കിലും, തത്വചിന്തയുടെ ചരിത്രത്തിൽ സൎവ്വോന്നതവും പരമപാവനവുമാണ് അതെന്നു പറഞ്ഞാൽ ഒരുപക്ഷേ അധികമായി പോകുക

യില്ല. എം. ബാത്തേലമി സെയ്ൻറ് ഹിലേയരുടെ. ലേഖനങ്ങളിൽനിന്ന് പ്രസിദ്ധമായ ഒരു ഭാഗം ഞാൻ ഉദ്ധരിച്ചുകൊള്ളട്ടെ:— "അദ്ദേഹത്തിൻെറ ജീവിതത്തിൽ കളങ്കലേശം പോലുമില്ല. അദ്ദേഹത്തിൻെറ വീരമഹത്വം അദ്ദേഹത്തിൻെറ ദൃഢവിശ്വാസത്തിനു തുല്യമാണ്. അദ്ദേഹം താൻ ഉപദേശിച്ച സകലസൽഗുണങ്ങൾക്കും മാതൃകയായിരുന്നു. അദ്ദേഹത്തിൻെറ ത്യാഗബുദ്ധി, അദ്ദേഹത്തിൻെറ ഉദാരത, അദ്ദേഹത്തിൻെറ അഭേദമായ സരളശീലം ഇവ ഒരിക്കലും ഒരൊററ നിമിഷത്തേക്കുപോലും, അദ്ദേഹത്തെ ഉപേക്ഷിച്ചില്ല. ആറു സംവത്സരകാലത്തെ ഏകാന്തവാസത്തിനും തപസ്സിനും മദ്ധ്യേ മൗനമായി അദ്ദേഹം തൻെറ മതസിദ്ധാന്തം രൂപവൽകരിച്ചു. തൻെറ സ്വന്തം ജീവിതം നല്കിയ പ്രേരണകൊണ്ടും വിശേഷിച്ചു തൻെറ വാഗ്മിത്വചാതുരികൊണ്ടും അദ്ദേഹം ആ മതം പ്രചരിപ്പിച്ചു. ജീവിതരീതികൾ അറിയുകയും, സത്യം കണ്ടുപിടിക്കുകയും ചെയ്ത ഒരു സിദ്ധൻെറ ശാന്തി അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു." പൗരോഹിത്യത്തിനും നിരവധികമായ ബലികർമ്മങ്ങൾക്കും ഒരു പ്രത്യാഘാതമെന്ന മട്ടിലാണ് അദ്ദേഹത്തിൻെറ ഉൽബോധനങ്ങൾ ആരംഭിച്ചത്. അദ്ദേഹം ഒരിക്കലും തനിക്കു ദിവ്യശക്തിയു

ണ്ടെന്ന ഭാവിച്ചില്ല. സാധാരണമായി സംഭവിക്കും പോലെ, ലോകം അദ്ദേഹത്തെ ഉൽകടഭക്തിയോടെ ആരാധിക്കയും, ദിവ്യനെന്നു വാഴ്ത്തുകയും ചെയ്തിട്ടുണ്ട്. നിരവധിലക്ഷം ജനങ്ങൾ പ്രതിദിനം 'ബുദ്ധം ശരണം ഗച്ഛാമി' എന്ന് ഉരുക്കഴിക്കയും ചെയ്യുന്നു. അവ്യക്തതയേയും, അന്ധമായ വിശ്വാസത്തേയും എതിർത്ത്, തൻെറ സ്വന്തം മനുഷ്യത്വത്തിൽ മാത്രം നിഷ്കർഷിച്ചു നിന്ന ബുദ്ധൻ ഇപ്പോൾ സാർവ്വത്രികമായ ആരാധനത്തിനു പാത്രമായിത്തീന്നിരിക്കുന്നു. തനിക്കു ലഭിച്ച പ്രബുദ്ധത അമാനുഷകർമ്മങ്ങളിലല്ലാതെ യുക്തിവാദത്തിൽ അധിഷ്ഠിതമാക്കിയ അദ്ദേഹം, പല അമാനുഷസംഭവങ്ങളും നിറഞ്ഞ അസംഖ്യം ജാതകകഥകൾക്കു വിഷയമായും ഭവിച്ചിരിക്കുന്നു. പക്ഷേ അങ്ങനെയാണല്ലോ എല്ലാ മഹാത്മാക്കളുടേയും പരിണതി.

ബുദ്ധൻ സോറൊവാസ്റ്ററുടെ സമകാലീനനോ, അല്ലാത്തപക്ഷം, ഏതാനും സംവത്സരങ്ങൾക്കു ശേഷം അവതീർണ്ണനോ ആയിരിക്കാം. സൊറോസ്റ്റർ കർമ്മത്തിലോ പുനർജന്മത്തിലോ അല്ല അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങൾ അധിഷ്ഠിതമാക്കിയത്; എന്നാൽ നേരേമറിച്ചു പുനർജന്മസിദ്ധാന്തം ബുദ്ധമതത്തിൻെറ കാതലാണ്. 'പരമമായ നന്മയിലുള്ള വിശ്വാസത്തിൻെറ അനുശ്വരാംശം ബുദ്ധൻ അതിനോടു കൂട്ടിച്ചേർത്തു ബന്ധിച്ചു.

ഉയന്നതും താണതുമായ എല്ലാ ജീവജാലങ്ങളോടും വിചാരത്തിലും പ്രവൃത്തയിലും പ്രദർശിപ്പിച്ച അതിരററ സ്നേഹവും, മനുഷ്യസ്വാതന്ത്ര്യത്തിൻെറ അഭിമാനപൂർവമായ ദൃഢീകരണവുമാണ് അദ്ദേഹത്തിൻെറ പ്രഭാഷണങ്ങളിലെ കേന്ദ്രതത്വങ്ങൾ.

സർ എഡ്വിൻ ആർനോൾഡ് (The Light Of Asia) എന്ന അദ്ദേഹത്തിൻെറ ലോകോത്തരമായ കാവ്യത്തിൽ ബുദ്ധമതം ശൂന്യതാവാദമാണെന്ന തെററായ പക്ഷത്തെ ഖണ്ഡിച്ചിട്ടുണ്ട്. ഈ മനോഹരങ്ങളായ വരികൾ ബുദ്ധൻെറ ഉപദേശങ്ങളുടെ ഒരു സ്മരണീയമായ സംഗ്രഹം ആകുന്നു:—

ബദ്ധരായ് മേവി നാം മോചനോപായമ-
ററിപ്പരിവത്തനചക്രത്തിലെങ്കിലോ
ശാശ്വതനാമഖണ്ഡാത്മാവുതൻ മനം
ശാപമാം, ജീവി തന്നാത്മാവു നോവുമാം.
ബദ്ധരല്ലാരുമേ, ജീവി തന്നാത്മാവു
ശുദ്ധമാധുര്യസംപൂർണ്ണമെന്നോരുവിൻ,
നാകൈകലഭ്യമാം വിശ്രമം തന്നെയാം
നായകബ്രഹ്മചൈതന്യഏൽകന്ദളം.
മാലിനെക്കാൾ മനം ശക്തമാം, നല്ലതു
മാറുന്ന മെല്ലന്ന പാരവും നല്ലതായ്.
വിശ്വം മുഴുക്കെയും പൂണ്ട താപത്തിനാൽ
വിഭ്രാന്തരംഗനായ് കണ്ണുനീർ തൂകി ഞാൻ.
സ്വാതന്ത്ര്യമേവർക്കുമുണ്ടെന്നറിഞ്ഞലം
സന്തോഷമേന്തുന്ന ബുദ്ധനാം ഞാനിതാ.

സന്തപ്തരേ, നിങ്ങൾ നിങ്ങളെക്കൊണ്ടുതാൻ
സന്തപിച്ചീടുന്നതെന്നു ധരിക്കുവിൻ,
ജീവിക്ക, വീണ്ടും മരിക്കയെന്നുള്ളതും
ചക്രത്തിൽ വീണു കറങ്ങുകെന്നുള്ളതും
ഇങ്ങിതിൽ പററിപ്പിടിക്കുകെന്നുള്ളതും
നിങ്ങളെക്കൊണ്ടു ചെയ്യിപ്പതില്ലാരുമേ.

... ... ... ...

താരകൾക്കപ്പുറം ബ്രഹ്മാതിവർത്തിയായ്
പാരവും ദിവ്യമായാദ്യന്തഹീനമായ്
നന്മയെയപ്പുകിടും ശക്തിയൊന്നുണ്ടതിൽ
ധർമ്മമേ നിർണ്ണയം ശാശ്വതമായിട്ടു.

... ... ... ... ...

നാനാപദാർത്ഥമുണ്ടായതിന്നക്ഷികൾ
കാണാവതാണതിന്നേതൊരു കാര്യവും.
നന്മചെയ്തീടുകിലുണ്ടാം പ്രതിപ്രിയം
ധർമ്മം വിളംബമാട്ടാന്നിടാമെങ്കിലും
ഒന്നു താൻ തെററു നാം ചെയ്വതെന്നാകിലും
വന്നിടും ദുഃഖമാം നിഷ്ക്രിയ നിർണ്ണയം.

... ... ... ... ...

നന്മതൻ നേർക്കാണു നിർഗ്ഗമിക്കുന്നതാ-
ധർമ്മ; മീമട്ടിലാണായതിൻ രീതികൾ.
മാത്രമല്ലാ ഗതി നിർത്താനുമാവില്ല,
മാററാനുമാരാലുമെപ്പോഴെന്നാകിലും.
പ്രേമമാണായതിന്നാത്മാവു; ലക്ഷ്യമോ
പൂർത്തിയും ശാന്തിയും; തൻ ചൊല്ലു കേൾക്കുവിൻ.*

---

* Translation by A. C. P.

ബുദ്ധൻെറ ബാല്യജീവിതം, സന്ന്യാസം, തപസ്സ്, തിന്മയുടെമേൽ അദ്ദേഹത്തിനുണ്ടായ വിജയം എന്നിവ പല തവണയും വർണ്ണിക്കപ്പെട്ടിട്ടുള്ളതാകയാൽ, സർവ്വവിദിതമായ അക്കാര്യങ്ങൾ വീണ്ടും പ്രതിപാദിക്കേണ്ട ആവശ്യമില്ല. എന്നാൽ, അഗാധവും തത്വജ്ഞാനപരവുമായ ഒരു പരാമർശത്തിൽ അധിഷ്ഠിതങ്ങളായ അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളുടെ പ്രായോഗികതയിലും ലാളിത്യത്തിലും, അദ്ദേഹത്തിൻെറ പദ്ധതി മനുഷ്യാത്മാവിൻെറ അകൃത്രിമമായ രക്ഷാസങ്കേതങ്ങളിൽ ഒന്നെന്നുതന്നെ പരിഗണിക്കപ്പെടേണ്ടതാണ്.

## യേശുക്രിസ്തു.

യേശുവിനെ സംബന്ധിച്ചുള്ള മി. ജോർജ്ജിൻെറ പ്രബന്ധം ക്രിസ്തുവിനേയും ഇന്നത്തെക്രിസ്തുമതത്തേയും പററി ഇക്കാലത്തു നിലവിലിരിക്കുന്ന പല അഭിപ്രായങ്ങളേയും മമ്മസ്പൃക്കായ വിധത്തിൽ ചോദ്യം ചെയ്യുന്ന ഒരു പഠനമാകുന്നു. ക്രിസ്തുവിൻെറ കാലത്തേയും, അന്നു ജീവിച്ചിരുന്ന ജനങ്ങളേയും പശ്ചാത്തലമാക്കിക്കൊണ്ട് ക്രിസ്തുവിൻെറ ചരിത്രത്തെ അദ്ദേഹം വീക്ഷിക്കുന്നു. ലൌകികകാര്യങ്ങളിൽ ഒരു രാജാവെന്ന നിലയിലും, ലോകസാമ്രാജ്യങ്ങളുടെ ശൈഥില്യത്തിനു ശേഷം ഒരു സ്വതന്ത്ര്യരാജ്യത്തിൻെറ സംസ്ഥാപകൻ എന്ന നിലയിലും, മിശിഹായുടെ ആഗമനത്തെ സംബന്ധിച്ച യഹൂദന്മാക്കുള്ള പ്രതീക്ഷയെ അദ്ദേഹം പരാമശിക്കുന്നു. അസഹിഷ്ണുവും ഉഗ്രകോപനുമായ ഒരു വഗ്ഗീയദൈവത്തെപ്പററിയുള്ള ധാരണ വച്ചുകൊണ്ടാണ് യഹൂദന്മാർ അവരുടെ മതചിന്തകൾ ആരംഭിച്ചതു്. എന്നാൽ യേശു ആകട്ടെ, ആ ആദശ്ത്തെ വികസിപ്പിച്ച്, ഉദാത്തമാക്കിത്തീത്തു. തൻെറ ദൈവത്തെ അനുവത്തിക്കാത്തവരെ അഗ്നിയിൽ ഹോമിക്കുവാൻ പ്രാത്ഥിച്ച എലിസായുടേയും, ആമോസ്, ജറിമിയാ, ഇസയാ എന്നീ ദീർഘദശികളുടേയും ലേഖനങ്ങളിൽ അദ്ദേഹം അഭിജ്ഞനായിരുന്നു

എങ്കിലും, സാരാംശത്തിൽ അദ്ദേഹത്തിന്റെ ചിന്താഗതി അവരുടേതിൽനിന്ന വിഭിന്നമായിരുന്നു. ഈശ്വരലക്ഷ്യമായ മോക്ഷം പ്രാപിക്കത്തക്കവണ്ണം, കഷ്ടതകളിലും സഹനത്തിലും മരണത്തിലുംകൂടി ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട സേവകന്റെ വിജയംമൂലം, പഴയ വേദങ്ങളെ പരിപൂൎണ്ണമാക്കുന്നതിലാണ് അത് അധിഷ്ഠിതമായിരുന്നത്. ക്രിസ്തുമതത്തിന് ഇപ്പോൾ അവലംബമായിരിക്കുന്ന ഗ്രന്ഥങ്ങൾ അനന്തരകാലങ്ങളിൽ സാവധാനമായുള്ള സമാഹരണങ്ങളുടെ ഫലമാണെന്ന് ഇപ്പോൾ സാമാന്യേന സമ്മതിക്കപ്പെട്ടിട്ടുണ്ട്. വസ്തുതകളേയും, സിദ്ധാന്തങ്ങളേയും സംബന്ധിച്ചിടത്തോളം നാലു സുവിശേഷങ്ങളും ചില അംശങ്ങളിൽ പരസ്പരവിരുദ്ധങ്ങളാണെന്നും അങ്ഗീകരിക്കപ്പെടുന്നു. എന്നാൽ അത്തരം ആകസ്മികതകളെ അതിദൂരം അതിലംഘിക്കുന്നവിധം ഒരു മാഹാത്മ്യം യേശുവിന്റെ ജീവിതത്തിനും ഉപദേശങ്ങൾക്കും ഉള്ളതുകൊണ്ട് അത്തരം കാൎയ്യങ്ങൾ സാരമാക്കേണ്ടതില്ല.

അദ്ദേഹത്തിന്റെ ജനനകാലത്ത്, യഹൂദജീവിതത്തിന്റെ പശ്ചാത്തലം കുഴഞ്ഞുമറിഞ്ഞുകിടന്നിരുന്നു. ദേവാലയസേവനങ്ങളിൽ നിന്ന പാവങ്ങൾ നിശ്ശേഷം നിഷ്കാസിതരായിരുന്നു. പൗരാവകാശപരമായും, മതപരമായും സ്ത്രീകൾക്ക് ഒരു അധഃസ്ഥിതി അനുഭവിക്കേണ്ടതുണ്ടാ

യിരുന്നു. പരീശന്മാർ നിയമം മുറുകെപ്പിടിച്ചു; എന്നാൽ അടുത്തകാലത്തെ ഒരു നിരൂപകന്റെ ഭാഷയിൽ, പെൻറാട്ട്യൂക്കിൽ (മോശയുടെ പഞ്ചപ്രമാണങ്ങളിൽ) അപ്രസ്തുതമായ ഒരു ഭാവിരാഷ്ട്രവിശ്വാസംകൂടി അവർ തങ്ങളുടെ വിശ്വാസപ്രമാണങ്ങളിൽ കൂട്ടിക്കലർത്തി. സാഡ്യൂസികൾ ഈ സിദ്ധാന്തത്തെ നിഷേധിക്കുകയും, മോശയുടെ അകളങ്കിതമായ പദ്ധതിക്കു മുൻഗണന നൽകുകയും ചെയ്തു. മാംസാഹാരം ഉപേക്ഷിക്കയും, മദ്യവും സ്നാനവും വില കൂടിയ വസ്ത്രവും ബലികഴിക്കയുംചെയ്ത സന്യാസികളായ എസ്സിനികളാണ് വേറൊരു വിഭാഗം. റോബർട്ട്സന്റെ ഭാഷയിൽ, അന്തഃഗതമായ ഒരു ശോകാത്മകതത്വവും, ഉൽകൃഷ്ടതരമായ ദിവ്യദർശനത്തിൽ ശ്രദ്ധാലുവായ ഒരു നിരാശന്റെ മനോഭാവവും ലോകത്തിന്റെ ആ കോണിൽ അന്ന് അടിഞ്ഞുകിടന്നിരുന്നു.

സോറൊവാസ്ത്രീയൻമതത്തിന്റെ ഒരു ശാഖയായി, സൂര്യന്റേയും അഗ്നിയുടേയും ആരാധനയിൽ ആരംഭിച്ച മിത്രമതം റോമാസാമ്രാജ്യത്തിലും, പാലസ്റ്റൈനിൽ പോലും, പ്രചുരമായി പ്രചരിച്ചിരുന്നു. ആ മതത്തിൽ മിത്രൻ ഒരു മദ്ധ്യസ്ഥനായും, ഉദ്ധാരകനായും, സംരക്ഷകനായും പ്രത്യക്ഷപ്പെടുന്നു. ദൈവത്തിന്റെ ദിന

മെന്നു പറഞ്ഞുവന്ന ഞായറാഴ്ച മിത്രാരാധന യോടു സംബന്ധപ്പെട്ടിരുന്നു. ഇപ്പോഴത്തെ ക്രിസ്മസ് സൂര്യഭഗവാൻെറ ജന്മത്തെ സൂചിപ്പിക്കുന്ന ഒരു മിത്രോത്സവവുമായിരുന്നു. ക്രിസ്ത്യാനികളുടെ ഈസ്റ്റർ മിത്രൻെറ വിജയത്തിൻേറയും യജ്ഞത്തിൻേറയും കാലമായിരുന്നു. മിത്രമതം അപ്പവും വെള്ളവും എന്ന കാർമ്മികസംസ്കാരം അനുഷ്ഠിച്ചിരുന്നു. ജീവിതത്തിൻേറയും അമർത്ത്യതയുടേയും ചിഹ്നമായി കുരിശടയാളം ഉത്ഭവിപ്പിച്ചതു് അതാണു്. മിത്രനും ഒരു കന്യാഭഗവതിയിൽ ജാതനായി. ഈ തത്വജ്ഞാനപദ്ധതിയുടെ ഭാഗങ്ങളായിരുന്നു 'വചന' (logos) സിദ്ധാന്തവും ത്രിമൂർത്തിസിദ്ധാന്തവും. പിശാചു് ഭാവിയിലെ ക്രൈസ്തവഗ്രന്ഥങ്ങൾ മിത്രമതത്തിൽ അനുകരിച്ചു്, ക്രിസ്തുമതത്തിൻെറ ആവിർഭാവം മുൻകൂട്ടി കണ്ടു എന്നു് ചില അവ്വാക്കാലീനന്മാരായ ക്രൈസ്തവ പിതാക്കന്മാർ വ്യാഖ്യാനിക്കത്തക്കവണ്ണം ആദ്യകാലത്തെ ക്രിസ്തുമതത്തിനും മിത്രമതത്തിനും അത്ര അടുത്ത സാദൃശ്യം ഉണ്ടായിരുന്നു.

ക്രിസ്തുമതത്തിനും മിത്രമതത്തിനും തമ്മിലുള്ള മററു പ്രധാനപ്പെട്ട സാദൃശ്യാംശങ്ങൾ താഴെ പറയുന്നവയാണു്:—

(എ) "ദൈവപുത്ര"നായും പിതാവിൻെറ പ്രതിനിധിയായുമുള്ള മദ്ധ്യസ്ഥൻെറ വർണ്ണനം.

(൨) ജൈത്രയാത്ര.

(൩) കുർബാന.

(൪) വിശുദ്ധവൃക്ഷത്തിലെ മരണം.

(൫) ഒരു ഗുഹയിലെ അടക്കം.

(൬) ഉയത്ത്ഴുന്നേൽപ്പ്.

(൭) സംഭവപരമ്പര മുഴുവൻ ഒരുകൊല്ലം കൊണ്ടു നടക്കുന്നതായുള്ള സങ്കല്പം.

(൮) മഹാവിഷുവത്തിൽ അല്ലെങ്കിൽ അതിനോടടുപ്പിച്ച് ഒരു യജ്ഞം.

അനന്തരകാലത്തുണ്ടായ ബൈബിൾ നിരൂപണങ്ങളും, സർ ജെ. ജി. ഫ്രേസർ, ഏർണസ്റ്റ് റെനൻ, ഗ്രാൻറ് അല്ലൻ, എൽ. പൌവിസ്, സർ ലെസ്സി സ്റ്റീഫൻ, യേഴ്സ്ലി എന്നിവരുടെ ഗ്രന്ഥങ്ങളും, കന്യകയിൽനിന്നുള്ള ജനനരഹസ്യം, നിരപരാധികളുടെ കൂട്ടക്കൊല, പരീക്ഷണകഥ എന്നിവ ഉൾപ്പെടെയുള്ള യേശുവിൻെറ ജീവിതസംഭവങ്ങൾക്ക് ഉത്ഭവസ്ഥാനങ്ങൾ നിരവധി മുമ്പിനാലേ ഉണ്ടായിരുന്നു എന്ന് കാണിക്കാൻ ശ്രമിച്ചിട്ടുണ്ട്. കർത്താവിൻെറ പ്രാർത്ഥനയുടെയും, പർവ്വതപ്രസംഗത്തിൻേറയും ഉത്ഭവം ക്രിസ്തുവിനുമുമ്പേ ഉള്ളതാണെന്നും, അവ യഥാക്രമം, ബാബിലോണിയൻ പ്രാർത്ഥനകളിലും, താൽമുട്ടിലും നിന്നു സഞ്ചിതമായവയാണെന്നും വാദിക്കപ്പെട്ടിട്ടുമുണ്ട്.

അത്തരം സാദൃശ്യങ്ങളെപ്പററി ക്രൂവങ്കഷമായി പരിചിന്തനം ചെയ്യുയൊ, സർ ജേംസ് ഫ്രേസർ യേശുവിൻെറ ജീവിതത്തിൽ ലയിപ്പിക്കുന്ന അഡോണിസ് മതത്തിൻെറ പരിണാമം അദ്ദേഹത്തോടൊപ്പം പിൻതുടരുകയൊ ചെയ്യേണ്ട ആവശ്യമില്ല. ക്രിസ്തുമതം പക്ഷെ ഒരൊററ വ്യക്തിയുടെ സൃഷ്ടിയല്ലായിരിക്കാം. ഗ്രീക്ക ചിന്തയുടെ സർവവ്യാപകമായ പ്രേരണ ഒരുവേള യേശുവിനേയും സ്വയം അറിയാതെ സ്പർശിച്ചിരുന്നു എന്നു വരാം. ബുദ്ധമതത്തിൽനിന്നോ, പാരസികമതത്തിൽനിന്നോ, ഗ്രീക്ക വിജ്ഞാനത്തിൽ നിന്നോ, അദ്ദേഹംപോലും സംശയിക്കാത്തവിധം, വന്നുചേന്ന ഒന്നിലധികം അംശങ്ങൾ സംശയമെന്യേ അദ്ദേഹത്തിലുണ്ടായിരുന്നു. നിരൂപകന്മാർ തെളിയിക്കുവാൻ ശ്രമിച്ചിട്ടുള്ളതുപോലെ, യേശു സ്ഥാപിച്ച മതം അദ്ദേഹത്തിനു മുമ്പു നിലവിലിരുന്ന മതത്തിൽ അധിഷ്ഠിതമാണെന്നു തെളിയിക്കുന്നതു് ഒരു പ്രത്യേകദശയിലെ മനുഷ്യഹൃദയത്തിൻെറ വാസനകൾക്കും അഭിലാഷങ്ങൾക്കും അതു യോജ്യമായിരുന്നു എന്നു സ്ഥാപിക്കുക മാത്രമാണു ചെയ്യുന്നതു്. യേശു നിസ്സന്ദേഹമായും യഹൂദമതവും മിത്രമതവും കൊണ്ടാണ് പുറപ്പെട്ടതെങ്കിലും, റെനൻ പറയുംപോലെ, അതു് സാക്രട്ടീസ് സോഫിസ്ററു ചിന്തകന്മാരെ പിന്തുടന്നു എന്നു പറയുന്നതിനു തുല്യമാണ്.

ഒരു മനുഷ്യൻ തന്റെ ജീവിതദശയിലും വംശത്തിലും നിന്നു പിന്തിരിയുന്നു എങ്കിൽപോലും, അയാൾ ആ ദശയുടേയും വംശത്തിന്റേയും സൃഷ്ടിതന്നെ ആകുന്നു.

മി. ജോർജ്ജ് അത്തരം വാദങ്ങളിൽ അനഭിമുഖനായിരിക്കുന്നില്ല. ഒരു കന്യ്യാമാതാവിൽനിന്നുള്ള ക്രിസ്തുവിന്റെ ജനനം സംബന്ധിച്ച വൃത്താന്തം പല സുവിശേഷങ്ങളിൽ പലവിധം രേഖപ്പെടുത്തിയിരിക്കുന്നു എന്ന വസ്തുത മി. ജോർജ്ജ് വിട്ടുകളയുന്നില്ല. ഉദാഹരണത്തിന്, മത്തായിയുടേയും, ലൂക്കോസിന്റേയും സുവിശേഷങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. പുരാതനകാലത്തെ മററു മഹാത്മാക്കളെ സംബന്ധിച്ചുള്ള അത്തരം കഥകൾക്കു സമാനമാണ് അവയെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. പരമാർത്ഥത്തിൽ, ഏററവും ആദിമമായ സുവിശേഷത്തിൽ കന്യ്യാജനനത്തെ സംബന്ധിച്ച പ്രസ്താവനയേയില്ല എന്നുതന്നെയല്ല, വിശുദ്ധപൌലിന്റെ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഉപദേശങ്ങളിൽ അതിനെപ്പററി പരാമർശിച്ചിട്ടില്ലെന്നുള്ളതു വസ്തുവസ്ഥിതിയുമാകുന്നു. എന്നാൽ യോഹന്നാൻസ്നാപകനും യേശുവും തമ്മിലുള്ള ഗുരുശിഷ്യബന്ധവും, തന്റെ ഗുരുവിന്റെ ഉപദേശങ്ങളെ അതിശയിച്ചുള്ള ശിഷ്യന്റെ പുരോഗമനവും, ദീർഘകാലധ്യാനവും ഉപവാസവും

ച്ചേൻറുള്ള വിജനവാസപ്രേരണയും, ഈശ്വര സാക്ഷാൽകാരവും അദ്ദേഹത്തിൻെറ ജീവിതത്തിലെ 'യഥാൎത്ഥസംഭവങ്ങൾ തന്നെയാണെന്നു തോന്നുന്നു. അതുപോലെതന്നെയാണ് ഭൗതികവും ആദ്ധ്യാത്മികവുമായ ഉപചയത്തിൻേറയും സ്വന്തം യശഃഖ്യാപനത്തിൻേറയും സുഖകരമായ വ്യാമോഹങ്ങളുടെ അൎത്ഥശങ്കയ്ക്കവകാശമില്ലാത്ത നിരാകരണവും. അദ്ദേഹം സാമാന്യേന മനുഷ്യരെ നിൎബന്ധിച്ചു വശംവദരാക്കുന്നതിനോ ഹിംസാമാൎഗ്ഗത്തിൽ വിശ്വസിക്കുന്നതിനോ വിമുഖനായിരുന്നു. ശീഘ്രവും ഹ്രസ്വവുമായിരുന്ന അദ്ദേഹത്തിൻെറ പൊതുക്കാൎയ്യജീവിതം. മി. ജോർജ്ജിൻെറ ഭാഷയിൽ, ജനസമ്മതിയും, പ്രത്യാശയോടുകൂടിയ ഉത്സാഹവും ഉള്ള ഒരു ജീവിതദശ യേശുവിനുണ്ടായിരുന്നു. അതോടുകൂടിത്തന്നെ വളൻറുവന്ന ഒരു എതിൎപ്പിൻെറ കാലവും സമാഗതമായി.

എന്നാൽ യേശുവിൻെറ മാഹാത്മ്യം സ്ഥിതിചെയ്യുന്നതു്, മൂലച്ഛേദിയും വിപ്ളവകരവും, യഥാൎത്ഥത്തിൽ സമഷ്ടിവാദമുഖവുമായ, സ്നേഹത്തിലും വിനയത്തിലും അധിഷ്ഠിതമായ ഒരു മതത്തിൽ അദ്ദേഹം ധീരമായും അചഞ്ചലമായും, ദൃഢവ്രതനായി നിന്നു എന്നുള്ളതിലാണ്. ബാഹ്യമായ സകലപ്രകടനങ്ങളുടേയും, പരീശന്മാരുടെ

എല്ലാ നടപടിക്രമങ്ങളുടേയും ആദ്ധ്യമായ ഒരു അഭിശംസനമായിരുന്നു അതു്. ജനങ്ങളിൽ നിന്ദിതരും തിരസ്കൃതരുമായ ആളുകളെ ഖണ്ഡിതമായി സംബോധനചെയ്തു് അവക്കു വിശേഷിച്ചും സമാശ്വാസം നൽകുന്നതായിരുന്നു അദ്ദേഹത്തിന്റെ സന്ദേശം. അദ്ദേഹം ചുങ്കഗ്രാഹിയേയും പാപിയേയും തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ സുവിശേഷത്തിലെ മുദ്രാവാക്കുകൾ അനുകമ്പയും തിതിക്ഷയും ആയിരുന്നു. അത്തിമരത്തിന്റെ ദഹനം, ഗദരദേശത്തെ പന്നികളുടെ ശരീരത്തിൽ പിശാചുക്കളുടെ പ്രവേശനം തുടങ്ങി യേശുവിന്റേതായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ചില അത്ഭുതകർമ്മങ്ങൾ ദുരവഗാഹങ്ങളായിരിക്കുന്നു. പക്ഷേ, ഈ അത്ഭുതകർമ്മങ്ങളുടെ യാഥാർത്ഥ്യത്തെപ്പററിയുള്ള വിചാരണ നിഷ്ഫലമാണു്. യേശുവിനു നിസ്സംശമായും മഹത്തായ ശക്തികൾ ഉണ്ടായിരുന്നു. ഇൻഡ്യൻ യോഗികൾ കാണിക്കുന്ന ആശ്ചര്യകർമ്മങ്ങളെപ്പോലെ, അസാധാരണങ്ങളായ ഈ പ്രദർശനങ്ങൾ പലപ്പോഴും നമ്മെ കുഴക്കുന്നുമുണ്ടു്. ഇന്നലെ പരിഹാസത്തിനും സന്ദേഹത്തിനും വിഷയമായിരുന്നവ ഇന്നത്തെ സാധാരണവസ്തുതകളാണു്. ടെലിപ്പതി, വിശ്വാസചികിത്സ, സാവധാനമായി ബോദ്ധ്യപ്പെട്ടുവരുന്ന മനുഷ്യ

ശരീരത്തിൻെറ സംവിധാനാത്ഭുതങ്ങൾ, എന്നിവ സന്ദേഹത്തിനോ അവജ്ഞയ്ക്കോ വശഗരാകുംമുമ്പേ ഒന്നു ഉപരമിച്ചു നില്ക്കുവാൻ നമ്മോട്ട് ആവശ്യപ്പെടുന്നു. യേശുതന്നെയും, പരീശന്മാരുടെ വിശ്വാസത്തിനു സ്വർഗ്ഗത്തിൽനിന്നു ഒരടയാളം കാണിക്കാൻ ഖണ്ഡിതമായി വിസമ്മതിക്കയാണ് ചെയ്തതു്. "ദോഷമുള്ള തലമുറ അടയാളം തിരയുന്നു; പക്ഷേ, അതിന്നു് അടയാളം ലഭിക്കയില്ല." എന്ന് അദ്ദേഹം പ്രസ്താവിച്ചു. മി. മിഡിൽററൺ മറേ ആ സംഗതി ഇങ്ങനെ പ്രതിപാദിക്കുന്നു:—"ഇന്നത്തെ ചികിത്സാസമ്പ്രദായത്തിനു വ്യാഖ്യാനിക്കാൻ വിഷമമായ രോഗശമനശക്തികൾ അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷേ, ഈ രോഗശമനശക്തി അദ്ദേഹത്തിൽ ഖണ്ഡിതമായ എന്തെങ്കിലും ദിവ്യത്വം സ്ഥിതിചെയ്യുന്നു എന്നു പരീശന്മാരെ ബോദ്ധ്യപ്പെടുത്താൻ പര്യാപ്തമായിരുന്നില്ല. അവരെ ബോദ്ധ്യപ്പെടുത്തണമെന്നു യേശുവിനും വിചാരമില്ലായിരുന്നു." നവീനമനസ്സ് അദ്ദേഹത്തിൻെറ ദിവ്യത്വത്തിനു തെളിവു കാണുന്നതു് അദ്ദേഹത്തിൻെറ അത്ഭുതകർമ്മങ്ങളിലല്ല, അദ്ദേഹത്തിൻെറ ജീവിതയജ്ഞത്തിൻെറ സുരഭിലതയിലാണ്, എന്ന മി. ജോർജ്ജിൻെറ വ്യാഖ്യാനത്തെ പരിഷ്കരിക്കുക സാദ്ധ്യമല്ല. ബുദ്ധനേയും മുഹമ്മദിനേയും ഒഴിച്ചുള്ള മിക്കവാറും എല്ലാ പ്രവാചകന്മാരുടെയും കാര്യ

ത്തിലെന്നപോലെ, യേശുവിൻെറ സ്വന്തം ബന്ധുക്കൾ തന്നെയും അദ്ദേഹത്തെ അവിശ്വസിച്ചു. അദ്ദേഹത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട അപ്പോസ്തലന്മാർപോലും സ്ഥിരനിഷ്ഠരായിരുന്നില്ല. യേശുവിൻെറ ജീവിതം അതിൻെറ പരകോടിയെ പ്രാപിച്ചിരുന്നപ്പോൾ പോലും അദ്ദേഹത്തിൻെറ ശിഷ്യന്മാർ അദ്ദേഹത്തെ കഷ്ടിച്ചു മനസ്സിലാക്കുകയേ ചെയ്തുള്ളു. സാമാന്യജനങ്ങൾ തൻെറ ഉപദേശങ്ങൾക്കു പരിപക്വന്മാരല്ലെന്നു കണ്ടപ്പോൾ, അദ്ദേഹം ഉപമകൾ അല്ലെങ്കിൽ ദൃഷ്ടാന്തകഥകളുടെ സമ്പ്രദായം സ്വീകരിച്ചു. പരീക്ഷോപദേശങ്ങളുടെ അയവില്ലായ്മയിൽ നിന്നു ഭിന്നിച്ച്, അദ്ദേഹം യഹൂദന്മാരുടെ ദൈവത്തെ സ്നേഹപൂർണ്ണനായ ഒരു പിതാവായും, ഒരു ദൃഢസഹചരനായും രൂപാന്തരപ്പെടുത്തി, തൻെറ സ്വന്തം ജനങ്ങളുടെതന്നെ തിരസ്കരണത്തെ അഭിമുഖീകരിച്ചു. ഒരു മിശിഹാമതം, അതായത്, തൻെറ മതത്തിനുവേണ്ടി താൻ കഷ്ടത അനുഭവിക്കയും മരിക്കയും ചെയ്യണമെന്ന ആശയം, അദ്ദേഹം പരിണമിപ്പിച്ചു. അദ്ദേഹത്തിൻെറ ജീവാവസാനത്തോടടുപ്പിച്ച്, തൻെറ സർവ്വോപദേശങ്ങൾക്കും ആധാരമായി രണ്ടു സൂക്തങ്ങൾ അദ്ദേഹം നിഷ്കർഷിച്ച് ഉപദേശിക്കയുണ്ടായി എന്നു കാണുന്നു.

(൧) കർത്താവിനെ നീ സർവഹൃദയത്തോടെ, സർവാത്മനാ, സർവമനസ്സോടെ, സർവശക്തിയോടെ സ്നേഹിക്കുക.

(൨) നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക.

മനുഷ്യപുത്രനും അതേസമയം ദൈവപുത്രനുമായിരുന്ന യേശു താനും സാധാരണമനുഷ്യൻെറ കായികപരിക്ഷപ്തികൾക്കു വിധേയനാണെന്നു കാണിച്ചപ്പോൾ അദ്ദേഹത്തിൻെറ പരമമായ മനുഷ്യത്വം അത്യന്തം പ്രകടീഭവിച്ചു. കുരിശിൽ തറച്ച സമയം അദ്ദേഹം അമാനുഷികമായ ഇടപെടലിനെ പ്രതീക്ഷിക്കയും, വേദനകൊണ്ട് "എൻെറ ദൈവമേ, എൻെറ ദൈവമേ, നീ എന്നെ കൈവിട്ടതെന്തു്?" എന്നു നിലവിളിക്കയും ചെയ്തു. കർത്താവ് അദ്ദേഹത്തെ കൈവിട്ടില്ല. പക്ഷേ, അദ്ദേഹത്തിൻെറ ക്ലേശത്തെത്തന്നെ മനുഷ്യൻെറ സാദ്ധ്യതകളുടേയും, കർത്തവ്യങ്ങളുടേയും ഒരു വെളിപാടായി ഉപയോഗിച്ചു. അദ്ദേഹം അദ്ദേഹത്തെത്തന്നെ ദാനം ചെയ്തു; അതു സ്വീകൃതവുമായി. അതു് പരമാത്ഥത്തിൽ സ്വേച്ഛാപൂർവകമായിരുന്നു. അതിമാനുഷനായ ഒരു മിശിഹാ എന്ന നിലയിൽ അദ്ദേഹത്തിൻെറ ശിഷ്യഗണത്തിൻെറ പ്രതീക്ഷകളേയും അതിശയിക്കുമാറു്, ദൈവത്തിൻെറ ദാസൻ

എന്നു് അദ്ദേഹം നിർദ്ദിഷ്ടനാകുകയും ചെയ്തു. അദ്ദേഹത്തിൻെറ ശവസംസ്കാരത്തേയും ഉയത്തെഴുന്നേല്പിനേയും സംബന്ധിച്ച വർണ്ണനകൾ അപഗ്രഥിക്കേണ്ട ആവശ്യമില്ല. ആ സംഭവങ്ങളെ സംബന്ധിച്ച ഭിന്നാഭിപ്രായങ്ങൾ ഉണ്ടു്. എങ്കിലും വിശ്വാസികളിൽ ധാരാളം പേർ അദ്ദേഹത്തിൻെറ ശാരീരികമായ ഉയർത്തെഴുന്നേല്പിൽ ഗാഢമായി വിശ്വസിക്കുകയും, പരമ്പരാഗതമതത്തിനു് അതു മൂലസ്ഥാനീയമാണെന്നു കരുതുകയും ചെയ്യുന്നു. എന്നാൽ, ഉയർന്നെഴുന്നേല്ക്കുന്നതു് ആത്മീയശരീരമാണെന്നു വിശുദ്ധപൌലൊസ്തന്നെ ഉന്നിപ്പറഞ്ഞിട്ടുണ്ടെന്നു വസ്തുത സ്മരണീയമാകുന്നു.

പരമമായ ക്രിസ്തുമതത്തിൻെറ അർത്ഥത്തേയും പ്രാധാന്യത്തേയും സംബന്ധിച്ച്, മി. ജോർജ്ജിൻെറ ഈ വാക്കുകളെക്കാൾ ഉത്തേജകമായ ഒരു വിവരണം അതിദുർലഭമായിട്ടേ ഞാൻ വായിച്ചിട്ടുള്ളു:—

"ക്രിസ്തുമതം, അതിൻെറ ശാസ്ത്രീയരൂപങ്ങളിൽ, ഒരു ഭാവിജീവിതത്തിൽ ഏതൊന്നിൻെറ സ്വീകരണമാണോ ഒരാളുടെ ശിരോവിധി തീരുമാനിക്കുന്നതു് അപ്രകാരമുള്ള ഒരു മതം, ഒരു വിശ്വാസപദ്ധതി, ആയിട്ടാണു് ലോകത്തിനു സംഭാവനചെയ്യപ്പെട്ടിരിക്കുന്നതു്. എന്നാൽ ക്രിസ്തുമതം

അതിൻെറ സ്ഥാപകൻ ജീവിച്ചു പഠിപ്പിച്ചതു പോലെ, സാരാംശത്തിൽ ഒരു ജീവിതപദ്ധതി, ലോകത്തിലെ ദുഃഖങ്ങളിലും പരീക്ഷകളിലും നിന്നു് അഭയം പ്രാപിച്ചും അവയിൽ നിന്നു് ഒഴിഞ്ഞുമാറിയും അല്ലാതെ, അവയെ വിജയിച്ചുകൊണ്ടുള്ള ഒരു ജീവിതപദ്ധതി ആയിരുന്നു. പ്രസന്നമായ ഈ ജീവിതപദ്ധതിയുടെ പുനഃപ്രാപ്തിയാണു് ഇക്കാലത്തു ആവശ്യമായിരിക്കുന്നതു്."

യേശുവിനുണ്ടായിരുന്ന വിശ്വാസവും, മേൽ പ്രസ്താവിച്ച ജീവിതരീതിയും, സാരാംശത്തിൽ, മഹാത്മാക്കളായ ശൈവവൈഷ്ണവന്മാരായ സിദ്ധന്മാരും സ്തോത്രകാരന്മാരും ഗ്രഹിച്ചു് അനുഷ്ഠിച്ച ഭക്തിയോഗത്തിൻെറ സ്വഭാവത്തോടുകൂടിയതായിരുന്നു. യേശുവിൻെറ ലളിതവും വിശ്വാസപൂർവ്വകവുമായ ആത്മസമർപ്പണത്തിനു തത്വജ്ഞാനപരമായ ഒരു മേൽമന്ദിരംകൂട്ടിച്ചേർത്തതു് ക്രിസ്തുമത ചരിത്രത്തിലെ അടുത്ത മഹാവ്യക്തിയായ വിശുദ്ധപൗലം ആയിരുന്നു. ഗ്രീക്കുതത്വജ്ഞാനത്തിൽ പരിശീലനം സിദ്ധിച്ചയാളായിരുന്നു അദ്ദേഹം. പൂർണ്ണമായിട്ടല്ലെങ്കിലും യേശുവിൻെറ സത്ത അദ്ദേഹം ഗ്രഹിച്ചിരുന്നു. ക്രൈസ്തവസിദ്ധാന്തശരീരം നിരവധി വിഭാഗങ്ങളായി ശകലിതമാകുംമുമ്പു്, സർവപ്രധാനമായും അതു വിശുദ്ധപൗളിൻെറ സൃഷ്ടിയായിരുന്നു. അദ്ദേഹം ഒരു നിഗ്രന്ഥതത്വദർശിയും.

ഒരു പ്രാപഞ്ചികനും, അതുപോലെതന്നെ സമൎത്ഥനായ ലേഖകനും ആയിരുന്നു. അദ്ദേഹം കോറിന്തിയക്ക് എഴുതിയ ഒന്നാം ലേഖനം ൧൩-ാം അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന മൌലികമായ മനുഷ്യാദർശങ്ങളുടെ സംഗ്രഹത്തോടു കിടനില്ക്കുന്ന ഭാഗങ്ങൾ മതചരിത്രത്തിൽ വിരളമാകുന്നു:—

(൧) "ഞാൻ മനുഷ്യരുടേയും ദൂതന്മാരുടേയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമൊ അത്രേ.

(൨) എനിക്കു പ്രവചനവരം ഉണ്ടായിട്ടു് സകലമർമ്മങ്ങളും സകലജ്ഞാനവും ഗ്രഹിച്ചാലും മലകളെനീക്കുവാൻ തക്ക വിശ്വാസമുണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ ഏതുമില്ല.

(൩) എനിക്കുള്ളതെല്ലാം അന്നദാനംചെയ്താലും, എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും സ്നേഹമില്ലെങ്കിൽ എനിക്കു് ഒരു പ്രയോജനവും ഇല്ല.

(൪) സ്നേഹം ദീർഘമായി ക്ഷമിക്കയും ദയകാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല; ചീർക്കുന്നില്ല.

(൫) അയോഗ്യമായി നടക്കുന്നില്ല; സ്വാത്ഥം അന്വേഷിക്കുന്നില്ല; ദ്വേഷ്യപ്പെടുന്നില്ല; ദോഷം കണക്കിടുന്നില്ല.

(൬) അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു.

(൭) എല്ലാം പൊറുക്കുന്നു; എല്ലാം വിശ്വസിക്കുന്നു; എല്ലാം പ്രത്യാശിക്കുന്നു; എല്ലാം സഹിക്കുന്നു.''

ഇതാണ് ക്രിസ്തുവിന്റെ യഥാത്ഥസുവിശേഷം; അല്ലാതെ, ചില ജനസമുദായങ്ങൾ ലളിതമായ ഈ പൗരസ്ത്യമതത്തെ പരിവത്തനം ചെയ്തിട്ടുള്ളതും ക്രിസ്തുമതം എന്നു തെററായി വിളിക്കപ്പെടുന്നതും ആയ മതമല്ല. അവർ അതിനെ സ്വിൻബേർണിന്റെ ഭാഷയിൽ ഒരു ആയുധമായിതീൎന്നിട്ടുള്ള മതം—പരസ്പരസ്പർദ്ധികളായ നിരവധിവിഭാഗങ്ങളായി പിരിഞ്ഞിട്ടുള്ളതും, ജീവിതത്തിൽ, അതിന്റെ പ്രായോഗികപ്രവത്തനത്തിൽ, ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്നത്തെ പ്രശ്നങ്ങൾക്ക്—മാനവവംശപരമായ അധീശത്വത്തേയും, പ്രാബല്യമനോഭാവങ്ങളേയും, ധനത്തിനും അധികാരത്തിനും വേണ്ടിയുള്ള ഉന്മത്തമായ അന്വേഷണത്തേയും, ശാശ്വതമായ ജീവിതത്തിനു

വേണ്ടിയുള്ള ക്രിസ്തുവിന്റെ തൃഷ്ണയ്ക്കെതിരായി ന ശ്വരകാൎയ്യങ്ങൾക്കു മനുഷ്യാത്മാവിനെ വിധേയ മാക്കുന്നതിനേയും സംബന്ധിച്ച പ്രശ്നങ്ങൾക്കു— പരിഹാരം കല്പിക്കുന്നതിൽ പരാജയമടഞ്ഞതു മായ ഒരു മതം ആക്കിത്തീൎത്തിട്ടുണ്ടു്.

---

## മുഹമ്മദ്.

മെസ്സേഴ്സ് അഹമ്മദ്ദ ഷാഫിയും, യശശ്ശരീരനായ മൗലാനാ യാക്കബ് ഹസ്സനും ഇസ്ലാമിൻെറ ആവിർഭാവത്തിനുമുമ്പുള്ള അറേബ്യൻമതങ്ങളുടെ ചരിത്രവും, ഒരു വണിക്കും പൊതുകാൎയ്യപ്രസക്തനുമെന്ന നിലയിൽ ആ ദീർഘദർശിയുടെ പ്രാരംഭജീവിതവും, അദ്ദേഹത്തിന്റെ ലൌകികാഭിവൃദ്ധിയും അനൎസ്യൂതമായ സൗഭാഗ്യവും മനശ്ശാന്തിയും കൈവരുത്തിയ കദിജായുമായുള്ള വിവാഹവും വിവരിച്ചിരിക്കുന്നു. ലോകമദ്ധ്യത്തിൽ അദ്ദേഹം ജീവിക്കേണ്ടിവന്നെങ്കിലും, കുലദൈവതങ്ങൾക്ക് അല്ലെങ്കിൽ വിഗ്രഹങ്ങൾക്കായുള്ള ആരാധനകളിലും യജ്ഞങ്ങളിലും ആഘോഷങ്ങളിലും പങ്കെടുക്കുവാൻ ഏതു കാലത്തും വിമുഖനായിരിക്കതന്നെ ചെയ്തു എന്ന് അവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അദൃശ്യശക്തിയുടെ ആഹ്വാനം അദ്ദേഹത്തിന്ന അപ്രതീക്ഷിതമായി ഉണ്ടായി. മെക്കായിൽ നിന്ന മൂന്നു മൈൽ അകലെ ഹീറാ എന്ന ഒരു ഗുഹയിൽ കൂടക്കൂടെ ഏകാന്തവാസം ചെയ്യുക അദ്ദേഹത്തിന്ന പതിവായിരുന്നു. അനവധി മണിക്കൂറുകൾ അദ്ദേഹം അവിടെ ധ്യാനത്തിലും പ്രാൎത്ഥനകളിലുമായി കഴിച്ചുകൂട്ടി. അടുത്തുണ്ടാകാൻ പോകുന്ന സംഭവങ്ങളെ പ്രവചിക്കുന്ന സ്വപ്നദർശനങ്ങൾ അദ്ദേഹത്തിന്നുണ്ടാകുകയും,

ഒടുവിൽ ഒരു ദൈവദൂതൻ അദ്ദേഹത്തിന്ന് ഒരു സന്ദേശം നല്കിക്കൊണ്ട് "പേന മുഖേന മനുഷ്യനെ അറിവു പഠിപ്പിച്ചവൻ; മനുഷ്യന്നു അറിവില്ലാതിരുന്നതു് അവനെ പഠിപ്പിച്ചവൻ; ആ ദൈവം കാരുണ്യവാനാണ്" എന്നു വിളംബരം ചെയ്‌വാൻ ആവശ്യപ്പെട്ടുകയും ചെയ്തുവത്രേ. മുഹമ്മദിൻെറ ദർശനങ്ങളെ വിശ്വസിച്ച ഭാര്യയും, അദ്ദേഹം പോയി സന്ദർശിച്ച വർകാബിൻ നൗഫ്ൽ എന്ന പുണ്യപുരുഷനും ആദ്യം മുതൽക്കേ അദ്ദേഹത്തിൻെറ മതത്തിന്നു പിന്തുണ നല്കി. അദ്ദേഹം മതപരിവർത്തനം ചെയ്ത ആദ്യസംഘത്തിൽതന്നെ അലിയും, അബുബക്കറും ഉൾപ്പെട്ടിരുന്നതും ഒരു മഹാഭാഗ്യമായിരുന്നു. അദ്ദേഹം അനുയായികളെ വേഗത്തിൽ സമ്പാദിച്ചു. ക്ഷണത്തിൽത്തന്നെ പീഡനങ്ങളും അനുഭവിച്ചു. മെക്കായിൽനിന്നു വിശ്വാസികളുടെ ഒരു സംഘത്തോടൊരുമിച്ചു മെദീനായിലേക്കുള്ള നിഷ്ക്രമണം ഇസ്ലാമിൻെറ പുരോഗതിയിലെ പ്രധാനസംഭവമാണ്. കുറേഷി വംശവുമായും യഹൂദന്മാരുമായും മത്സരങ്ങൾ ഉണ്ടായി. ഒടുവിൽ പരസ്പരാലോചനകളുടെ ഫലമായി സന്ധി ഉണ്ടാകുകയും, മുസ്ലിമീങ്ങളും അമുസ്ലിമീങ്ങളും തമ്മിൽ സ്വാതന്ത്ര്യവും സൗഹാർദ്ദപരവുമായ ബന്ധങ്ങൾ സ്ഥാപിതമാകുകയും ചെയ്തു.

ബാഹ്യമത്സരവും യുദ്ധവും നിറഞ്ഞ ഒരു അന്തരിക്ഷത്തിലാണ് മുഹമ്മദ് ജീവിച്ചത്. അദ്ദേഹം ലൗകികനായ ഒരു ഭരണാധിപതിയും, അതുപോലെ തന്നെ ഒരു പ്രവാചകനുമായിരുന്നു. ഏകദേശം പതിനഞ്ചു സംവത്സരകാലം, ഇസ്ലാമിലെ വിവിധസിദ്ധാന്തങ്ങളും ദൈവദൂതന്മാർമുഖേനയും, നേരിട്ടുള്ള വെളിപാടുമൂലവും, വിശദമാക്കപ്പെട്ടു എന്നാണ് അവകാശപ്പെടുന്നത്. ഒടുവിൽ അവ താഴെപറയുന്ന അഞ്ചു സിദ്ധാന്തങ്ങളായി പുറത്തുവന്നു:— (1) ദൈവത്തിൻെറ ഏകത്വവും, മുഹമ്മദിൽ പരമകാഷ്ഠയെ പ്രാപിക്കുന്ന ഒരു പ്രവാചകപരമ്പരമുഖേന തൻെറ പ്രകൃതിയും സ്വഭാവവിശേഷങ്ങളും മനുഷ്യനെ വിശദമാക്കുന്ന വെളിപാടും; (2) പ്രാൎത്ഥനയുടെ ആവശ്യകത; (3) ഉപവാസങ്ങൾ; (4) ഭിക്ഷാദാനം; (5) മെക്കായിലേക്കുള്ള തീൎത്ഥയാത്ര. ഇസ്ലാം, മനുഷ്യനു ദൈവവുമായുള്ള ബന്ധങ്ങളെ ക്രമപ്പെടുത്തുന്നതിനുമാത്രമല്ല ഉദ്ദേശിക്കുന്നത്. ഈ ലോകത്തിനും പരലോകത്തിനും മദ്ധ്യേ ഒരു സീമാരേഖയും അതു് അംഗീകരിക്കുന്നില്ല. ഹീബ്രൂവേദങ്ങളും നമ്മുടെ ധൎമ്മശാസ്ത്രങ്ങളും ചെയ്യുംപോലെ എല്ലാ ദൈനന്ദിനങ്ങളായ ജീവിതവ്യാപാരങ്ങളിലും അതു ഇടപെടുന്നു. പ്രവാചകൻെറ മതം അധ്യാത്മികമാകുംവണ്ണം ലളിതവും, ഋജുവും, സമഗ്രവുമാകുന്നു. ഖുറാനിലെ സിദ്ധാന്തങ്ങളെ സംബന്ധിച്ച പല

തെററിദ്ധാരണകളും ഉണ്ട്. ഉദാഹരണത്തിന്, മുഹമ്മദിന്റെ നിയമങ്ങൾ സ്ത്രീകളുടെ അവകാശസ്വാതന്ത്ര്യങ്ങളെ വർദ്ധിപ്പിക്കയും, സാധൂകരിക്കയും അല്ലാതെ അമർത്തിക്കളകയൊ അവഗണിക്കയൊ അല്ല ചെയ്തതെന്ന വസ്തുത ലോകം വിസ്മരിക്കാനാണിടയുള്ളതു. സ്ത്രീക്ക സ്വന്തം പേരിൽ സ്വത്തിന്റെ രിക്ഥലാഭവും ഉടമസ്ഥതയും ഉണ്ടായിരിക്കുന്നതിനുള്ള അവകാശം ഒരു മതതത്വമെന്നനിലയിൽ ആദ്യം അംഗീകരിച്ചതു് അദ്ദേഹമായിരുന്നു. ഖുറാൻ അന്യമതാസഹിഷ്ണുതയും, വാളുകൊണ്ടുള്ള മതപരിവർത്തനവും പ്രസംഗിക്കുന്നു എന്നു മറെറാരു തെററിദ്ധാരണയുമുണ്ട്. മതത്തിൽ ഒരു നിർബന്ധവുമില്ല എന്നു ശാസിക്കുന്ന ഒരു സുവിശേഷത്തിൽ അത്തരം ഒരു സിദ്ധാന്തം ന്യായമായും ആരോപിക്കാവുന്നതല്ല. ഇൗ മതത്തിലോ ആ മതത്തിലോ ഉള്ള വിശ്വാസം ഒരാളുടെ സ്വന്തം കാൎയ്യം ആണെന്നു കാണിക്കുന്ന പ്രസ്താവനകൾകൊണ്ട് ഖുറാൻ നിറഞ്ഞിരിക്കുന്നു. പീഡിപ്പിക്കുന്നവരിൽനിന്ന് ഒരു പീഡിതസമുദായത്തെ രക്ഷിക്കുന്നതിനു വേണ്ടി യുദ്ധം ചെയ്യുന്നതിനെ മാത്രമേ ഖുറാൻ അനുവദിക്കുന്നുള്ളു. എന്നുമാത്രമല്ല പീഡനം അവസാനിച്ചാൽ ഉടൻ തന്നെ യുദ്ധം നിറുത്തിവയ്ക്കണമെന്നു വ്യവസ്ഥയും ചെയ്തിട്ടുണ്ട്. ഇസ്ലാം ബഹുഭാൎയ്യത്വം അനുവദിക്കുന്നതു ചില വ്യവസ്ഥകൾക്കു വിധേയ

മായി മാത്രമാണ്. മുമ്പു നിലവിലിരുന്ന നടപ്പുക ളിൽനിന്നു വലുതായ ഒരു പുരോഗമനം ആയിരുന്നു അത്. സ്ത്രീകൾ വീട്ടുവിട്ടു പുറമേ പോകുന്നതി നേയും, വെളിയിൽ പടകുടീരങ്ങളിൽപോലും പ്ര വൃത്തികളിൽ ഏപ്പെടുന്നതിനേയും, ഖുറാൻ ഒരു കാലത്തും നിരോധിച്ചില്ല. സ്ത്രീകൾക്ക് ഒരു തൊ ഴിലും നിഷേധിക്കപ്പെട്ടിരുന്നില്ല. സ്ത്രീകൾ നമ്രമു ഖികളായിരിക്കണമെന്നും, ശരീരം രക്ഷിച്ചുകൊള്ള ണമെന്നും, ആഭരണങ്ങൾ പ്രദർശിപ്പിക്കരു തെന്നും, അവരുടെ വക്ഷസ്സുകൾ പ്രകടീഭവി ക്കാതിരിക്കത്തക്കവണ്ണം ശിരോവേഷ്ടനം ചെയ്തിരി ക്കണമെന്നുമുള്ള സിദ്ധാന്തത്തിന്റെ അനധികൃത മായ വികസനമാണ് ഇന്നത്തെ പർദ്ദാസമ്പ്ര ദായം.

ഇസ്ലാമികസിദ്ധാന്തത്തിന്റെ ലാളിത്യവും ഋജുതയും സമുദായത്തിൽ ഏതു വർഗ്ഗത്തിലും നിലയിലുമുള്ളവക്കും അതു സുഗ്രഹമായിത്തീരു വാൻ ഇടവരുത്തി. നിരവധി തിന്മകൾക്കു നിദാ നമായിട്ടുള്ളതും നിരങ്കുശവുമായ നരവർഗ്ഗവണ്ണഭി ന്നതകൾ ഒഴിവാക്കുന്നതിന്, ഏറിയക്രമം തന്റെ ഉപദേശങ്ങൾ മൂലം സഹായിച്ചിട്ടുള്ള ഒരു ദീഘ ദർശിയുടെ നേരെ ലോകത്തിനു വേണ്ടുവോളം കൃതജ്ഞമായിരിക്കുവാൻ സാധിക്കുന്നതല്ല. പ്രയോ ഗത്തിലും സിദ്ധാന്തത്തിലും, വെളുത്ത മനുഷ്യനും കറുത്തമനുഷ്യനും തമ്മിലും, ഒരു നരവംശവും വേ

റൊന്നും തമ്മിലും, വിവിധരാജ്യനിവാസികൾ തമ്മിലും യാതൊരു വ്യത്യാസവും അനുവദിച്ചുകൊടുക്കുന്നില്ലെന്നുള്ളതാണ് ഇസ്ലാമിന്റെ മഹത്വം. ദൈവത്തിന്റെ ഏകത്വവും, മനുഷ്യവർഗ്ഗത്തിന്റെ സാരാംശത്തിലുള്ള ഏകത്വവും, ഏതാനും ശുദ്ധതത്വങ്ങളുടെ നിഷ്കൃഷ്ടമായ അനുഷ്ഠാനംകൊണ്ടും, സംയമനത്തിന്റേയും ഉദാരതയുടേയും അനുവർത്തനംകൊണ്ടും മോക്ഷപ്രാപ്തിക്കുള്ള സാദ്ധ്യതയും, ദൈവത്തിന്റെ പ്രവാചകനും സന്ദേശവാഹകനുമായ നബിറസൂൽ അല്ലാഹിനേക്കാൾ കൂടുതൽ വിജയകരമായും, പൂർവ്വാപരവിരുദ്ധതകൂടാതെയും ആരും പ്രസംഗിക്കയും പ്രചരിപ്പിക്കയും ചെയ്തിട്ടില്ല. ഈ ചട്ടക്കൂട്ടിനുള്ളിൽ വിഭാഗങ്ങളും ഉപവിഭാഗങ്ങളും വളർന്നുവന്നിട്ടുണ്ട്. സൂഫികൾവേദാന്തതത്വത്തിന്റെ ആകർഷകവും, സൂക്ഷ്മമായ യുക്തിവാദംകൊണ്ടു തടവിച്ചതുമായ ഒരു വിശേഷരൂപം മൂലശാഖയിൽ ഒട്ടിച്ചുചേർത്തു; എന്നാൽ ഈ അറേബ്യൻ പ്രവാചകന്റെ മതമാണ് ഒരു പക്ഷേ അതിന്റെ ആദിമലക്ഷണവും രൂപവും ഏററവും സൂക്ഷ്മമായി സംരക്ഷിച്ചിട്ടുള്ളതും, സംസ്കാരത്തിന്റേയും നാഗരികതയുടേയും ഏററവും വിഭിന്നങ്ങളായ രീതികളിൽ പെട്ട ജനങ്ങൾക്കു പ്രതിദിനം സഹായവും ആശ്വാസവും ഇപ്പോഴും പ്രദാനം ചെയ്യുന്നതും.

## ശ്രീകൃഷ്ണൻ.

ശ്രീ. സമ്പത് കുമാരൻ ശ്രീകൃഷ്ണനെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ പ്രബന്ധത്തിൽ ഭാഗവതം പരിശോധിച്ചു, ശ്രീകൃഷ്ണചരിത്രത്തിൻെറ അന്തഃസത്തയേയും, ആ കഥയ്ക്കു ചുററും സഞ്ചിതമായിട്ടുള്ള ഉപകഥകളേയും വേർതിരിക്കുന്നതിനു ശ്രമിച്ചിട്ടുണ്ട്. ഗോപികളുടെ കഥകളും പൂർണ്ണാവതാരമെന്നു പരിഗണിക്കപ്പെടുന്ന ഒരു വ്യക്തിയുടെ അപദാനങ്ങളും വ്യാഖ്യാനിക്കാനുള്ള ശ്രമത്തിൽ അദ്ദേഹത്തിനു പല വേലികളും ചാടികടക്കേണ്ടിവന്നിട്ടുണ്ട്. മഹാഭാരതം ഗോപികളുടെ ഇതിഹാസങ്ങളെക്കുറിച്ചു മൂകമാണ്. ഹരിവംശത്തിൻെറ കാലം മുതൽക്കുമാത്രമാണ് ശ്രീകൃഷ്ണലീലകളുടേയും അദ്ദേഹത്തിനു ഗോപസ്ത്രീകളുമായുണ്ടായിരുന്ന ബന്ധങ്ങളുടേയും കായികഭാവങ്ങളെ സംബന്ധിച്ചു നമുക്ക് ഒട്ടുവളരെ പൂർണ്ണവിവരണങ്ങൾ സിദ്ധിക്കുന്നതു്; ആ ഭാവങ്ങൾക്കു പ്രാധാന്യം കല്പിച്ചുതുടങ്ങിയതും അതിനുശേഷമാണെന്നു് അദ്ദേഹം പ്രസ്താവിക്കുന്നതു തികച്ചും ശരിയാണ്. സഭാപർവ്വത്തിൽ ശിശുപാലൻ ശ്രീകൃഷ്ണനെ കണക്കില്ലാതെ ദൂഷിക്കുന്നതിനിടയിൽപോലും, ഗോപികോപാഖ്യാനങ്ങളുടെ പ്രസ്താവമേയില്ല എന്നു പ്രത്യേകിച്ചും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. കംസവധം കൃഷ്ണൻെറ പതിനൊന്നാമത്തേയൊ പന്ത്രണ്ടാമ

ത്തേയൊ വയസ്സിലാണ് നടന്നതെന്നും, ചരിത്രപ രമായി വീക്ഷിക്കുമ്പോൾ കൃഷ്ണൻ ബാല്യകാലം മാത്രമേ വൃന്ദാവനത്തിൽ കഴിച്ചുകൂട്ടിയുള്ളൂ എന്നും ഉള്ള സംഗതികളും പ്രസ്താവയോഗ്യങ്ങളാകുന്നു. മറെറാരു സംഗതിയും ഇതിന്നു ഉപോദ്ബലകമാണു. സാന്ദീപനിയുടെ കീഴിലുള്ള കൃഷ്ണൻെറ വിദ്യാഭ്യാസം കംസൻെറ മരണശേഷമാണ് ആരംഭിച്ചതെന്നുള്ളതാണ് ആ സംഗതി. ലോകത്തിലെ വീരപുരുഷന്മാർ മതനിഷ്ഠന്മാരോ ലോകവ്യാപാരനിഷ്ഠന്മാരോ ആയിരുന്നാലും അവരുടെ എല്ലാം ജീവിതചരിതത്തിൽ അത്ഭുതങ്ങളും അമാനുഷികതത്വപ്രകാശകങ്ങളും ആയ കഥകൾ ആദ്യമോ ഒടുവിലോ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടു്. ബുദ്ധൻ, ക്രിസ്തു, മുഹമ്മദ്, ശങ്കരൻ ഇവക്കും, പിൻകാലങ്ങളിൽ നന്ദൻ, ത്യാഗരാജൻ എന്നീ ഭക്തന്മാക്കുപോലും ഇപ്രകാരമുള്ള പരിവേഷങ്ങൾ ഉണ്ടായിട്ടുണ്ടു്. അതിനാൽ രാമകൃഷ്ണന്മാരുടെ ജീവിതകഥകളിൽ ഇത്ര വളരെ അത്ഭുതസംഭവങ്ങൾ തിങ്ങിക്കൂടിയതു് ആശ്ചയ്യമല്ല. വിശപസാഹിത്യങ്ങൾ മുഴവനും, മനുഷ്യന്ന് അവൻെറ ഇഷ്ടദേവതയോടുള്ള പ്രേമത്തെ ഒരു സ്ത്രീക്ക് അവളുടെ കാമുകനോടുള്ള പ്രേമത്തോടും, സായുജ്യനിർവൃതിയെ കായികമായ സംയോഗാനന്ദത്തോടും ഉപമിച്ചിരിക്കുന്നു എന്നുള്ളതു ഗോപികാവൃത്താന്തം പരാമർശിക്കുമ്പോൾ വിസ്മരിക്കാവതല്ല. ബൈബിളിലെ ഗാന

ങ്ങളിൽവച്ചുള്ള ഉത്തമഗാനവും (സുഭാഷിതങ്ങൾ) ദൈവത്തെ മണവാളനോടും മനുഷ്യാത്മാക്കളെ പ്രിയതമനെ പ്രതീക്ഷിച്ചുനില്ക്കുന്ന കന്യകകളോടും ഉപമിച്ചുകൊണ്ടുള്ള യേശുക്രിസ്തുവിൻെറ രൂപകസൂക്തവും, ക്രിസ്തു തങ്ങൾക്കു നല്കിയ ലാളനങ്ങൾ വിവരിച്ച വിശുദ്ധതെരീസാ, വിശുദ്ധഗെർത്രൂഡ് മുതലായ മദ്ധ്യകാലത്തെ ക്രൈസ്തവപുണ്യവതികളുടെ ലിഖിതങ്ങളായുള്ള അനുഭവങ്ങളും, തന്നെ ക്രിസ്തുവിനായി വിവാഹനിശ്ചയം ചെയ്തു എന്നും, അദ്ദേഹം തനിക്കു ഒരു മോതിരം നൽകിയെന്നും ഉള്ള വിശുദ്ധകാതറൈൻെറ ദൃഢോക്തിയും എല്ലാം ഈ വിഷയത്തിൽ സമാനങ്ങളാകുന്നു. ഗോപികോപാഖ്യാനങ്ങളെ ആദർശഭക്തിയുടെ സങ്കേതരൂപമായി പരിഗണിക്കയാണു് ഉത്തമമായിട്ടുള്ളതു്. ഈ ലോകത്തോ ആഗാമിയായ ലോകത്തോ ഉള്ള യാതൊന്നിനേയും ശ്രദ്ധിക്കാത്തതും പരമവുമായ ഒരു പ്രേമത്തിൻെറ വർണ്ണനമെന്ന നിലയിലാണു് ശ്രീകൃഷ്ണജീവിതത്തിൻെറ ഈ വശത്തെ സ്വാമി വിവേകാനന്ദൻ പരാമർശിക്കുന്നതു്. വൃന്ദാവനലീലകൾ മതപരമായ അനുഭൂതിയെ സംബന്ധിച്ച ഒരു അർത്ഥവാദകഥയെന്നു് വ്യാഖ്യാനിക്കപ്പെടാവുന്നതും വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളതും ആകുന്നു. ഗോപസ്ത്രീകളുടെ വസ്ത്രാപഹരണകഥയേയും ശ്രീ. സമ്പത്കുമാരൻ പരാമ

ശിക്കുന്നുണ്ട്. ശ്രീകൃഷ്ണന്നു പത്തുവയസ്സുപോലും പ്രായമാകാതിരുന്ന ഒരു കാലത്തുണ്ടായ സംഭവമാണു അതെന്നുള്ളതു നിരൂപകന്മാർ വിസ്മരിക്കുന്നു എന്ന സാധു വസ്വാനിയുടെ അഭിപ്രായവും അദ്ദേഹം ഉദ്ധരിക്കുന്നു. നമ്മുടെ ജീവിതത്തെ ശ്വാസം മുട്ടിക്കുന്ന വസ്ത്രം അല്ലെങ്കിൽ ബാഹ്യാസ്തരണം കൂടാതെ, ജീവാത്മാവു നഗ്നമായി അതിന്റെ സ്രഷ്ടാവിന്റെ സന്നിധിയെ പ്രാപിക്കുന്നതാണ് ഈ സംഭവമെന്നു ചിലർ ഇതിനെ വ്യാഖ്യാനിച്ചിട്ടുണ്ട്. യേശുവിനെപ്പററി ഒരു സന്ദർഭത്തിൽ പറഞ്ഞിട്ടുള്ളതു് ഈ ഉപാഖ്യാനം സംബന്ധിച്ച് നമ്മുടെ ഗ്രന്ഥകർത്താവ് ഉദ്ധരിക്കുന്നു. 'അങ്ങ് ഞങ്ങൾക്ക് എപ്പോൾ പ്രത്യക്ഷനാകും?''. എന്നുള്ള തന്റെ ശിഷ്യരുടെ ഒരു ചോദ്യത്തിന്നുത്തരമായി, ''നിങ്ങളുടെ വസ്ത്രം അഴിച്ചുകളഞ്ഞാൽ നിങ്ങൾക്കു ലജ്ജതോന്നാതിരിക്കുമ്പോൾ'' എന്നു ക്രിസ്തു അരുളിച്ചെയ്തുവത്രേ. ഈ ഉപകഥകളും അന്യാഖ്യാനങ്ങളും യഥാർത്ഥമായിരുന്നാലും, അതല്ല അർത്ഥവാദപരമായിരുന്നാലും, വാസ്തവത്തിൽ ഈ പ്രകൃതത്തിൽ അസംഗതങ്ങളാകുന്നു. നമുക്കു ശ്രീകൃഷ്ണനാണ് ഉപനിഷത്തുകളുടെ ഏററവും മഹാനായ ആത്മീയദായാദൻ. ഭഗവദ്ഗീത, അനുഗീത, ഉദ്ധവഗീത എന്നിവ മുഖേന ഉള്ള അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ഉൾക്കൊ

ള്ളുന്നതു്, ജീവിതധൎമ്മങ്ങളേയും, ദൃശ്യവും അദൃശ്യവുമായ ലോകങ്ങളുടെ സംഘട്ടനത്തിൻെറ പ്രതിവചനമായി മനുഷ്യാത്മാവിനുള്ള ബാദ്ധ്യതകളേയും പററി ഇൻഡ്യയ്ക്കു ലോകത്തെ പഠിപ്പിക്കാനുള്ള പാഠത്തിൻെറ സാരാംശമാണു്. ഓരോ വ്യക്തിക്കും സാമാന്യവും പ്രത്യേകവുമായ കൎത്തവ്യകൎമ്മങ്ങൾ ഉണ്ടു്. കൎമ്മത്തിൻെറ സ്വഭാവത്തിൽ നിന്നല്ല, ആ കൎമ്മം നിൎവ്വഹിക്കുന്ന മനോഭാവത്തിൽ നിന്നാണു് പാപം ഉത്ഭവിക്കുന്നതു്. ഫലാഭിസന്ധി കൂടാതെ അത്തരം കൎമ്മം നിൎവ്വഹിക്കുമ്പോൾ, അതിനു് ആത്മാവിനെ കളങ്കപ്പെടുത്താനൊ അതിൻെറ അനുസന്ധാനത്തെ ഉപരോധിക്കാനൊ സാദ്ധ്യമല്ല. അനുഭവത്തിൻേറയും അറിവിൻേറയും ക്ലേശകരമായ അവശ്യസമ്പാദനത്തിലും, സമചിത്തതയുടെ പരമമായ നിയമങ്ങളുമായി അനുരഞ്ജിച്ചുള്ള ജീവിതയാത്രയിലും, കൎമ്മഫലങ്ങളിലുള്ള അനാസക്തിയിലും, പരമാത്മാവിൻെറ സൎവ്വവ്യാപകത്വത്തിലുള്ള വിശ്വാസത്തിലുമാണു് യഥാൎത്ഥമായ യോഗം അടങ്ങിയിരിക്കുന്നതു്. വിവിധമാൎഗ്ഗങ്ങളിൽക്കൂടി ജീവാത്മാവിനു് ആ പരമാത്മാവുമായുള്ള ലയം സാദ്ധ്യമാണു്. ഏതെങ്കിലും ഒരു മുക്തിമാൎഗ്ഗത്തിനുമാത്രം മുൻഗണന നൽകാൻ പാടില്ല; യാതൊന്നിനേയും ദ്വേഷിക്കാനും പാടില്ല. ശ്രീകൃഷ്ണൻെറ സിദ്ധാന്തങ്ങൾ ഈശ്വരൻെറ

പൌരുഷേയത്വത്തിനും ഭക്തിമുഖേന ഉള്ള അഭിഗമ്യതയ്ക്കും പ്രാധാന്യം നല്കുന്ന ഒരു പ്രോട്ടെസ്റ്റൻറ് പ്രസ്ഥാനം ആവിഷ്കരിക്കുന്നതായും ഈ പ്രബന്ധത്തിൽ വിവരിച്ചിരിക്കുന്നു. ഗീത ആശ്രമങ്ങളെ സംബന്ധിച്ച ഹൈന്ദവാദർശത്തെ അനുകരിക്കവേ, ജ്ഞാനം, ഭൂതാനുകമ്പ, തപശ്ചര്യ, ആരാധന എന്നിവയ്ക്കുള്ള പ്രധാന്യം ഉയർന്നിപ്പറകയും, ജീവിതം ദുഷ്ടമാണെന്ന് അപവദിക്കാതിരിക്കയും ചെയ്യുന്നു.

നഹി ദേഹഭൃതാ ശക്യം
ത്യക്തും കർമ്മാണ്യശേഷതഃ
യസ്തു കർമ്മഫലത്യാഗീ
സ ത്യാഗീത്യഭിധീയതേ.

"നിശ്ശേഷമായും കർമ്മത്തെ ത്യജിക്കാൻ ദേഹഭൃത്തുക്കൾക്കു ശക്യമല്ല തന്നെ. കർമ്മഫലത്തെ ആരു ത്യജിക്കുന്നുവോ അവനത്രേ ത്യാഗി എന്നു പറയപ്പെടുന്നു."

നിയതം സങ്ഗരഹിത-
മരാഗദ്വേഷതഃ കൃതം
അഫലപ്രേപ്സുനാ കർമ്മ
യത്തത്സാത്വികമുച്യതേ.

"ഫലേച്ഛയില്ലാത്ത ഒരാൾ സംഗരഹിതമായി, രാഗദ്വേഷവിഹീനമായി, ചെയ്യുന്ന കർമ്മം സാത്വികമെന്നു പറയപ്പെടുന്നു."

മന്മനാ ഭവ മദ്ഭക്തോ
മദ്യാജീ മാം നമസ്കുരു;
മാമേവൈഷ്യസി; സത്യം തേ
പ്രതിജാനേ; പ്രിയോഽസി മേ.

"നിൻെറ മനസ്സ് എന്നിൽ ലയിപ്പിച്ച്, എൻെറ ഭക്തനായി, എന്നെ യജിച്ച്, എന്നെ നമസ്കരിക്കുക; നീ എന്നെ തന്നെ പ്രാപിക്കും; ഇതു സത്യം എന്നു ഞാൻ പ്രതിജ്ഞചെയ്യുന്നു; നീ എനിക്കു പ്രിയപ്പെട്ടവനാണ്."

നമ്മുടെ പുരാതനവേദഗ്രന്ഥങ്ങളുടെ യുക്തിയുക്തമായ ഒരു ആനുപൂർവ്വിയും, വേദങ്ങളിൽ ആരംഭിച്ച്, ഉപനിഷത്തുകളിലൂടെ തുടർന്നുപോയ ചിന്തയുടെ പരിണാമത്തിൽ അനുപേക്ഷണീയമായ ഒരു പരിപാടിയുമായ ഉപദേശങ്ങളുടെ സാരസർവസ്വമാണ് ഈ മൂന്നു ശ്ലോകങ്ങളുമെന്നു പറയാവുന്നതാണ്. ആത്മജ്ഞാനം, ജീവാത്മാവിനു പരമാത്മാവുമായുള്ള സായൂജ്യം, ആ സായുജ്യലാഭത്തിന് ഉപകരണങ്ങളാക്കാവുന്ന പരിപാടികൾ, ഇവയെല്ലാം ലോകരഹസ്യത്തെപ്പററി ഹിന്ദുക്കൾക്കുള്ള ഏതു തരം വ്യാഖ്യാനത്തിൻേറയും സാരാംശങ്ങൾ ആകുന്നു. തൻെറ സ്വത്തുകൾ ഭാര്യമാൎക്കു നൽകാൻ ആഗ്രഹിച്ച യാജ്ഞവല്ക്യനോട് അവരിൽ ഏകതരയായ മൈത്രേയി ഇങ്ങനെ ചോ

ദിച്ചു:— "സകലധനങ്ങളോടുംകൂടി ഈ ലോകം മുഴുവൻ എൻേറതായാൽ, എനിക്കു അമരത്വം സിദ്ധിക്കുമൊ?" ഉത്തരം ഇങ്ങനെയായിരുന്നു; ഇങ്ങനെയല്ലാതെ വരാനും ഇടയില്ല. "പ്രിയേ, നിൻെറ ജീവിതം ധനികജീവിതമായിത്തീരാവുന്നതാണ്. പക്ഷേ, ധനംകൊണ്ടു് അമൃതത്വം പ്രാപിക്കാമെന്നു മോഹിക്കേണ്ട." അനന്തരം ബൃഹദാരണ്യകോപനിഷത്തിലെ അത്യുൽകൃഷ്ടമായ തത്വം ഉപദിഷ്ടമായി. രണ്ടാമദ്ധ്യായം, ചതുൎത്ഥബ്രാഹ്മണം, അഞ്ചാംശ്ലോകത്തിൽ ആ ഉപദേശം ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു:—

സഹോവാച ന വാ അരേ പത്യുഃ കാമായ പതിഃ പ്രിയോ ഭവത്യാത്മനസ്തു കാമായ പതിഃ പ്രിയോ ഭവതി; ന വാ അരേ ജായായൈ കാമായ ജായാ പ്രിയാ ഭവത്യാത്മനസ്തു കാമായ ജായാ പ്രിയാ ഭവതി; ന വാ അരേ ബ്രഹ്മണഃ കാമായ ബ്രഹ്മ പ്രിയം ഭവത്യാത്മനസ്തു കാമായ ബ്രഹ്മ പ്രിയം ഭവതി.

ഞാൻ ആ ഭാഗം ഇങ്ങനെ സ്വതന്ത്രമായി തൎജ്ജമചെയ്യുന്നു:—

"അദ്ദേഹം പറഞ്ഞു: — "പതിക്കുവേണ്ടിയല്ല പതി പത്നിക്കു പ്രിയനായിരിക്കുന്നതു്, തന്നിക്കുവേണ്ടിത്തന്നെയാണ്. പത്നിക്കുവേണ്ടിയല്ല

പത്നി പതിക്കു പ്രിയയായിരിക്കുന്നതു്, തനിക്കു വേണ്ടിത്തന്നെയാണ്. ബ്രഹ്മത്തിനുവേണ്ടിയല്ല ബ്രഹ്മം നമുക്കു പ്രിയമായിരിക്കുന്നതു്, നമുക്കു വേണ്ടിത്തന്നെയാണ."

ആ ഉപനിഷത്ത് ഇങ്ങനെ തുടരുന്നു:—"ദേവന്മാർക്കുവേണ്ടിയല്ല ദേവന്മാർ നമുക്കു പ്രിയരായിരിക്കുന്നതു്, നമുക്കുവേണ്ടിത്തന്നെയാണ്. വേദത്തിനുവേണ്ടിയല്ല വേദം നമുക്കു പ്രിയമായിരിക്കുന്നതു, നമുക്കുവേണ്ടിത്തന്നെയാണ്. പ്രപഞ്ചത്തിനുവേണ്ടിയല്ല പ്രപഞ്ചം നമുക്കു പ്രിയമായിരിക്കുന്നതു്, നമുക്കുവേണ്ടിതന്നെയാണ്. ആത്മാവു് പരമാത്മത്തിൽ ദ്രഷ്ടവ്യവും, ശ്രോതവ്യവും, മന്തവ്യവും, നിദിധ്യാസിതവ്യവുമാകുന്നു. അല്ലയോ മൈത്രേയി, ദർശനംകൊണ്ടും, ശ്രവണംകൊണ്ടും, മനനംകൊണ്ടും, വിജ്ഞാനം കൊണ്ടും ഈ പ്രപഞ്ചം മുഴുവൻ വിദിതമാകുന്നു.'

നമ്മുടെ വംശത്തിന്റെ പ്രത്യേകപാരമ്പര്യസ്വത്തായ സത്യങ്ങളുടെ ഒരു പുനഃപ്രസ്താവനയും വിശദീകരണവുമാണ് ഗീതോപദേശങ്ങൾ.

ഹിന്ദുമതത്തിന്റെ പ്രധാനസ്വഭാവവിശേഷങ്ങൾ അതിന്റെ അനുസ്യൂതതയിലും, ക്രമാനുഗതമായ പരിണാമത്തിലും, അനുരഞ്ജകസ്വഭാവത്തിലും, സഹിഷ്ണുതയിലും സ്ഥിതിചെയ്യുന്നു

എന്നു പറയാവുന്നതാണ്. ഹിന്ദുമതം അതിൻെറ വിവിധഭാവങ്ങളിലും മനുഷ്യജീവിതത്തിൻേറയും മനുഷ്യാനുഭവത്തിൻേറയും അപരിഹരണീയമായ വൈവിധ്യങ്ങളേയും, വികാസത്തിൻെറ വിവിധദശകളിൽ വ്യക്തികളുടെ ആവശ്യങ്ങളേയും, വിവിധസ്ഥിതികളിലുള്ള ജനങ്ങൾക്ക ജീവിതത്തേയും പ്രാപ്യസ്ഥാനത്തേയും സംബന്ധിച്ചുള്ള നൈസൎഗ്ഗികങ്ങളായ പ്രതിഘാതങ്ങളേയും അംഗീകരിക്കുന്നു. പരിതഃസ്ഥിതികൾക്കും പാരമ്പര്യത്തിനും, ആദർശത്തിൽ നിന്നു കൂടക്കൂടെയുണ്ടാകാവുന്ന ച്യുതികൾക്കും ഇത്ര വളരെ സൗജന്യങ്ങൾ മറെറാരു മതവും ചെയ്യുന്നില്ല. സൎവ്വഗ്രാഹിയായ ഒരു ധൎമ്മത്തിൻേറയും അചഞ്ചലമായ ഒരു കൎമ്മസിദ്ധാന്തത്തിൻേറയും മൗലികതത്വങ്ങളോടു ദൃഢമായി യോജിച്ചുനിൽക്കവേ, അതു അതിൻെറ സാധുതയ്ക്കു് ഔപചാരികമായ ഒരു വെളിപാടിനെ ആ നിലയിൽ ആശ്രയിക്കുന്നില്ല. വിശുദ്ധഗ്രന്ഥങ്ങളിൽ അത്ഭുതസംഭവങ്ങൾ രേഖപ്പെടുത്തീട്ടുണ്ട്. പക്ഷേ, ആ സംഭവങ്ങളിൽ ഒന്നും അതിൻെറ സിദ്ധാന്തങ്ങളിൽ സാരമായ ഒരു ഭാഗമായിരിക്കുന്നില്ല. മോക്ഷത്തിന് അമാനുഷസംഭവങ്ങളിലുള്ള വിശ്വാസം അനുപേക്ഷണീയമായ ഒരു പ്രാഗ്വ്യവസ്ഥയുമല്ല. സൽക്കൎമ്മങ്ങളും ദുഷ്ക്കൎമ്മങ്ങളും മനുഷ്യജീവിതത്തിൽ അവയുടെ അനിവാൎയ്യങ്ങളായ മുദ്രകൾ പതിയിക്കുന്നു എന്നു് അതു് ഉപദേശിക്കുന്നു.

കർമ്മത്തിന്റെ മൂലസിദ്ധാന്തം ഒരു ബുദ്ധമതഗ്രന്ഥത്തിൽ മനോജ്ഞമായി സമാഹരിച്ചിട്ടുണ്ടു. ബുദ്ധനും, കൃഷ്ണനും വസ്തുസ്ഥിതിയിൽ സജാതീയാത്മാക്കളും, കർമ്മം, പുനർജന്മം, ധർമ്മം എന്നിവയെ നിഷ്ക്കർഷിക്കുന്നതിൽ ഏകീഭൂതന്മാരും ആകുന്നു.

"പൂർവ്വജന്മാർജ്ജിതകർമ്മഫലം മർത്ത്യ-
ജീവിതമെന്നു ഘോഷിക്കുന്നു വേദങ്ങൾ.
ഭൂതജന്മത്തിലെത്തിന്മയാൽ ദുഃഖവും
ജാതമായീടുന്നു നന്മയാൽ സൗഖ്യവും.
പോയ ജന്മത്തിൽ വിതച്ചതു കൊയ്യുവാ-
നായിജ്ജനിക്കുന്നു പിന്നേയും മാനവൻ.
പാരിലും തന്നിലും കേടേകിടും നഞ്ചു-
പാഴ്ക്കളക്കൂടവേ കൊയ്തിടുന്നുണ്ടവൻ.
ധന്യമാം വേലചെയ്തായതെല്ലാം പിഴ-
തന്ന്യൂനവിത്തുകളങ്ങു പാകീടുകിൽ
അസ്ഥലം നൂനം ഫലാഢ്യമായ്, രമ്യമായ്
ശുദ്ധമാം; ആ വിളവേറെസ്സമൃദ്ധമാം"*

അപ്രകാരമുള്ള ഒരു മതത്തെ ശരിയായി അഭിനന്ദിച്ചാസ്വദിച്ചാൽ എല്ലാ വീക്ഷണഗതികളുടേയും സഹിഷ്ണതയിലേക്കും ഗ്രഹണത്തിലേക്കുമല്ലാതെ ആ മതം നമ്മെ നയിക്കുകയില്ല. ഇൻഡ്യാചരിത്രത്തിന്റെ മർമ്മം തന്നെ പ്രധാനമായും സഹിഷ്ണുതയാണു്. ശൈവന്മാർ, വേദാന്തികൾ, ബൌദ്ധന്മാർ, ജൈനന്മാർ, അവിജ്ഞേ-

*Translation by A. C. P.

യവാദികൾ ഇവരെല്ലാം ഒരേ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗങ്ങളെ അനുവർത്തിക്കുന്നു എന്നു പരിഗണിക്കുന്നതും താഴെ ഉദ്ധരിച്ചിരിക്കുന്നതുമായ പ്രാൎത്ഥനയേക്കാൾ വിശിഷ്ടമായ ഒരു ഉദാഹരണം ഈ വിശാലഗ്രഹണത്തിനും സഹിഷ്ണുതയ്ക്കും നല്കാൻ സാദ്ധ്യമല്ല.

യം ശൈവാസ്സമുപാസതേ ശിവ ഇതി
ബ്രഹ്മേതി വേദാന്തിനോ
ബൗദ്ധാ ബുദ്ധ ഇതി പ്രമാണപടവഃ
കർത്തേതി നൈയായികാഃ
അർഹന്നിത്യഥ ജൈനശാസനരതാഃ
കൎമ്മേതി മീമാംസകാഃ
സോഽയം വോ വിദധാതു വാഞ്ഛിതഫലം
ത്രൈലോക്യനാഥോ ഹരിഃ.

ശൈവന്മാർ ശിവനെന്നും, വേദാന്തികൾ ബ്രഹ്മമെന്നും, ബൌദ്ധന്മാർ ബുദ്ധനെന്നും, പ്രമാണപടുക്കളായ നൈയായികന്മാർ കൎത്താവെന്നും, ജൈനന്മാർ അർഹനെന്നും, മീമാംസകന്മാർ കൎമ്മമെന്നും, സങ്കല്പിച്ച്, ആരെ ഉപാസിക്കുന്നുവോ, ആ ത്രൈലോക്യനാഥനായ ഹരി നിങ്ങൾക്കു വാഞ്ഛിതഫലം പ്രദാനം ചെയ്യട്ടെ.

## ശങ്കരാചാര്യർ.

അദ്വൈതവേദാന്തത്തിന്റെ ഉപജ്ഞാതാവായ ശങ്കരാചാര്യരുടെ കഥ നിരീക്ഷണപടുതയോടും സഹാനുഭൂതിയോടും കൂടി ശ്രീ. സൂര്യനാരായണ ശാസ്ത്രി ഉപന്യസിച്ചിട്ടുണ്ട്. "നാമരൂപ'ങ്ങൾ അടങ്ങിയ പ്രപഞ്ചം മുഴുവൻ ഒരു മിഥ്യ മാത്രവും, ബ്രഹ്മം അല്ലെങ്കിൽ അനന്തമായ ചൈതന്യം മാത്രം തഥ്യവുമാണ്. അതിന്റെ സംപ്രാപ്തിയും, ഒരു സാക്ഷാൽകാരപദ്ധതിമൂലം, മായയെന്നു പറയുന്ന മഹത്തായ ആ പ്രപഞ്ചമിഥ്യയുടെ സമുച്ഛേദവും ആയിരുന്നു ശങ്കരന്റെ ലക്ഷ്യങ്ങൾ. ശങ്കരന്റെ ജീവിതചരിത്രം ഹ്രസ്വമാണ്. അദ്ദേഹം തിരുവിതാംകൂറിൽ ജനിച്ച ഒരു നമ്പൂതിരിബ്രാഹ്മണനായിരുന്നു. ബാല്യത്തിൽ തന്നെ ഒരു സന്യാസിയായിത്തീൎന്ന അദ്ദേഹം ഗോവിന്ദഭഗവൽ പാദരുടെ കീഴിൽ വിദ്യാഭ്യാസം ചെയ്തു, ബൌദ്ധന്മാരെയും ഇതരമതസ്ഥന്മാരെയും വാദത്തിൽ തോല്പിച്ച്, ഭാരതഖണ്ഡത്തിന്റെ വടക്കും, തെക്കും, കിഴക്കും, പടിഞ്ഞാറും മതവിജ്ഞാനത്തിന്റേയും അനുഷ്ഠാനങ്ങളുടേയും കേന്ദ്രങ്ങളായ മഠങ്ങൾ സ്ഥാപിച്ചു. ശ്രീനഗരം, ദ്വാരക, പുരി, ശൃംഗേരി, കാഞ്ചി എന്നിവ അദ്ദേഹത്തിന്റെ വിദൂരസ്ഥാപിതങ്ങളായ ആദ്ധ്യാത്മികരാജധാനികളായിരുന്നു. ഒട്ടധികം ഉപാഖ്യാനങ്ങളും അത്ഭുത

കഥകളും അദ്ദേഹത്തിൻെറ ജീവിതചരിതത്തോടു സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. സ്നാനഘട്ടത്തിൽ വച്ചു ഒരു മുതലപിടിച്ചപ്പോൾ ആപദ്ധർമ്മമായി സന്യാസം നേടിയതെന്ന് അദ്ദേഹം അമ്മയോടു പറഞ്ഞു സന്യാസാശ്രമം സ്വീകരിക്കാൻ അനുവാദം വാങ്ങിയെന്നും മററുമുള്ള സംഭവങ്ങൾ വിസ്തരിച്ചു പ്രതിപാദിക്കണമെന്നില്ല. ശങ്കരാചാര്യരുടെ മാതാവിൻെറ ശവസംസ്കാരകഥ പക്ഷേ അടിസ്ഥാനരഹിതമായിരിക്കാം. ഈ കഥകളേയും, അദ്ദേഹത്തിൻെറ ശിഷ്യനായ പത്മപാദനെ സംബന്ധിച്ച കഥയേയും പററി ശ്രീ. സൂര്യനാരായണശാസ്ത്രി പ്രതിപാദിച്ചിരിക്കുന്നതു യുക്തിയുക്തവും തൃപ്തികരവുമായിരിക്കുന്നു. ശങ്കരനെ സംബന്ധിച്ചിടത്തോളം, യഥാർത്ഥമായ അത്ഭുതം അദ്ദേഹത്തിൻെറ ജീവിതംതന്നെയാകുന്നു. മുപ്പത്തിരണ്ടു വർഷത്തിനുള്ളിൽ അദ്ദേഹം ഇൻഡ്യയൊട്ടുക്കു സഞ്ചരിച്ചു വേദാന്തസിദ്ധാന്തങ്ങൾ സമർത്ഥിച്ചു, സ്ഥാപിച്ച്, അതിനെ ഹൈന്ദവമനഃശാസ്ത്രത്തിൻെറ ഒരു അവിഭാജ്യഘടകമാക്കിത്തീർത്തു എന്നു പറയപ്പെടുന്നു. ലൗകികശക്തികളുടേയൊ, അനുയായിവൃന്ദസംഖ്യയുടേയൊ ആഗന്തുകമായ സഹായങ്ങൾ യാതൊന്നും കൂടാതെ, അദ്ദേഹം ഒരു ഉപഭൂഖണ്ഡത്തിൽ ആകമാനം തൻെറ മഹാമതിമത്ത്വത്തിൻേറയും അത്ഭുത

കരമായവിധത്തിൽ അപഗ്രഥനസമർത്ഥമായ ധിഷണയുടേയും, ഭക്തിപാരമ്യത്തിൻേറയും മുദ്ര പതിയിച്ചു. ശങ്കരൻ കലർപ്പററ വേദാന്തസിദ്ധാന്തങ്ങളുടെ ഉപദേഷ്ടാവു മാത്രമല്ല, അപൂർവവൈശിഷ്ട്യത്തോടുകൂടിയ ഒരു കവിയും ആയിരുന്നു എന്നുള്ളതു സ്മരണീയമാണ്. അദ്ദേഹത്തിൻെറ മധുരഭാവനകളും, പ്രകൃതിയേയും സ്ത്രീപുരുഷജീവിതത്തേയും ചിന്തകളേയും പററിയുള്ള വർണ്ണനകളും അനുപമമായ ഒരു വാസനാവിശേഷത്തെ സ്പഷ്ടമാക്കുന്നു. അദ്ദേഹം ഒരു മഹാഭക്തനും, ജ്ഞാനയോഗിയും ആയിരുന്നു. ബഹുമുഖവും, എന്നാൽ സർവഗ്രാഹിയും ആയിരുന്നു, അദ്ദേഹത്തിൻെറ ഭക്തി; എങ്കിലും ധർമ്മധ്വജിത്വത്തേയും, കാപട്യത്തേയും, അന്ധവിശ്വാസത്തേയും അദ്ദേഹത്തേക്കാളധികം രൂക്ഷമായി ആരും നിരൂപണം ചെയ്തിട്ടില്ല. ഒരു ശിവസ്തോത്രത്തിൽ, പൗരോഹിത്യത്തിൽ നിന്നും, രജനീചരിതത്തിൽ നിന്നും, ഗ്രാമനിയോഗിത്വത്തിൽ നിന്നും, മഠാധിപത്യത്തിൽ നിന്നും, സാക്ഷിവാദത്തിലും അനൃതവചനത്തിലും നിന്നും, സർവ്വോപരി, ബ്രഹ്മദ്വേഷത്തിലും ഖലജനരതിയിലും നിന്നും, പ്രാണികളോടുള്ള നിർദ്ദയത്വത്തിൽ നിന്നും, ജന്മജന്മാന്തരങ്ങളിൽ തന്നെ രക്ഷിക്കണമെന്ന് അദ്ദേഹം പ്രാർത്ഥിക്കുന്നു.

പൌരോഹിത്യം രജനിചരിതം
ഗ്രാമണീത്വം നിയോഗോ-
മാഠാപത്യം ഹ്യനൃതവചനം
സാക്ഷിവാദഃ പരാന്നം
ബ്രഹ്മദ്വേഷഃ ഖലജനരതിഃ
പ്രാണിനാം നിർദ്ദയത്വം
മാ ഭൂദേവം മമ പശുപതേ!
ജന്മജന്മാന്തരേഷു.

[illegible]ശങ്കരൻെറ ദക്ഷിണാമൂത്തിസ്തോത്രമെന്ന ആശ്ചൎയ്യകരമായ കാവ്യവൎഷത്തിൽനിന്നു താഴെ ഉദ്ധരിക്കുന്ന പദ്യത്തിലേക്കാൾ കൂടുതൽ പരിപൂൎണ്ണമായി സകലവിധവിശ്വാസങ്ങളുടെയും ഉൽഗ്രഥനവും ഏകത്വദർശനവും പ്രക്ഷേഒരിക്കലും പ്രതിപാദിക്കപ്പെട്ടിട്ടില്ല.

ഭൂരംഭാംസ്യനലോƒനിലോംബരമഹ-
ർന്നാഥോ ഹിമാംശുഃ പുമാ_
നിത്യാഭാതി ചരാചരാത്മകമിദം
യസ്യൈവ മൂൎത്ത്യഷ്ടകം
നാന്യം കിഞ്ചന വിദ്യതേ വിമൃശതാം
യസ്മാത് പരസ്മാദ്വിഭോ_
സ്തസ്മൈ ശ്രീഗുരുമൂൎത്തയേ നമ ഇദം
ശ്രീദക്ഷിണാമൂർത്തയേ.

ആരുടെ മൂർത്ത്യഷ്ടകം ചരാചരാത്മകമായ ഈ പ്രപഞ്ചമായി, ഭൂമി, വെള്ളം, അഗ്നി, വായു,

ആകാശം, സൂര്യൻ, ചന്ദ്രൻ, പുമാൻ എന്നിങ്ങനെ ഭാസിക്കുന്നുവോ, പരമനായി, സർവ്വവ്യാപിയായ ആരിൽ വിമർശകന്മാർക്ക് മററുയാതൊന്നും വേദ്യമാകുന്നില്ലയോ, ആ ശ്രീഗുരുമൂർത്തിയായ ദക്ഷിണാമൂർത്തിക്കായിക്കൊണ്ടു നമസ്കാരം.

ആ ദക്ഷിണാമൂർത്തിസ്തോത്രങ്ങളുടേയും വേദാന്തസൂത്രവ്യാഖ്യാനങ്ങളുടേയും കർത്താവിനു തന്നെ അദ്ദേഹത്തിൻെറ ആനന്ദലഹരിയിലും, ഭജഗോവിന്ദം എന്നു തുടങ്ങുന്ന പദ്യങ്ങളിലും, അടിയിൽ ഉദ്ധരിക്കുന്നതുപോലെയുള്ള പദ്യങ്ങളിലും വിലസുന്ന ഗാഢമായ ഭക്തിപാരവശ്യത്തിനും ആനന്ദാനുഭൂതിക്കും ഉത്തരവാദിത്വം വഹിക്കാൻ കഴിയുക എന്നത് വിസ്മയകരമായ ഒരു മനശ്ശാസ്ത്രതത്വമാകുന്നു.

ജപോ ജല്പഃ ശില്പം സകലമപി മുദ്രാവിരചനാ
ഗതിഃ പ്രാദക്ഷിണ്യക്രമണമശനാദ്യാഹുതിവിധിഃ
പ്രണാമഃ സംവേശഃ സുഖമഖിലമാത്മാർപ്പണ-
[ദൃശാ
സപര്യാപര്യായസ്തവ ഭവതു യന്മേ വിലസിതം.

(തർജ്ജിമ)

സംസാരിക്കുന്നതെല്ലാം ജപമഖിലകര-
ന്യാസവും മുദ്രയവം
സഞ്ചാരം ദക്ഷിണാവർത്തനവുമശനപാ-
നങ്ങൾ ഹോമങ്ങളും മേ

സംവേശം തന്നെ സാഷ്ടാംഗവുമഖിലസുഖം
തന്മമാത്മാർപ്പണത്തിൽ
സംവിത്താൽ നിൻസപര്യാവിധിയിൽ വരിക
കാട്ടിടും ചേഷ്ടയെല്ലാം. [ഞാൻ—

(സൌന്ദര്യലഹരി)

ഈ മഹാചാര്യൻതന്നെയാണ് തൻെറ ശത ശ്ലോകിയിൽ വേദാന്തതത്വത്തെ ഇങ്ങനെ സംക്ഷേപിച്ചതു്:—

ജീവാത്മബ്രഹ്മഭേദം ദലയതി സഹസാ
യത് പ്രകാശൈകരൂപം
മായാ തേനൈവ തസ്യ ക്ഷയമുപഗമിതാ
സംസൃതേഃ കാരണം യാ.

"ഇത്രമേൽ പ്രകാശൈകരൂപമായ ഒരു അനുഭൂതി ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ഭേദത്തെ തൽക്ഷണം നശിപ്പിക്കുന്നു. ജനനമരണരൂപമായ സംസാരത്തിനു ഹേതുവായ മായയും ആ അനുഭൂതിയാൽ നശിപ്പിക്കപ്പെടുന്നു." കർമ്മം, മായ എന്നീ സിദ്ധാന്തങ്ങൾ കലർന്നു ചേർന്ന്, അദ്വൈതവേദാന്തത്തിൻെറ യുക്തിയുക്തമായ ഒരു വിശദീകരണത്തിൽ കലാശിക്കുന്ന അചഞ്ചലവും, അതിസൂക്ഷ്മവുമായ ഒരു തത്വജ്ഞാനമാണ് ചിന്തയ്ക്കു് അദ്ദേഹം നല്കിയ പ്രധാന സംഭാവന. അദ്ദേഹം ഉപനിഷത്തുകളും ഗീതയും വേദാന്തസൂത്രങ്ങളും എടുത്ത്, അത്ഭുതകരമായ

വൈശദ്യത്തോടുകൂടി അവയെ കൂലങ്കഷമായി സിദ്ധാന്തത്തിന് അവഷ്ടംഭമാകത്തക്കവണ്ണം വ്യാഖ്യാനിച്ചു. അദ്ദേഹം ഒരു മഹാതാർക്കികനായിരുന്നു എങ്കിലും, അദ്ദേഹത്തിന്റെ വീക്ഷണഗതി വിശാലതരമായിരുന്നു. പക്ഷെ മൗലികമെന്നു താൻ പരിഗണിച്ച യാതൊന്നിനേയും അലക്ഷ്യമാക്കാൻ അദ്ദേഹം അനുവദിച്ചില്ല. അദ്ദേഹം ഭാരതീയചിന്തയെ ഉടച്ചുവാർക്കുകയും, ജീവബ്രഹ്മസിദ്ധാന്തത്തെ, പ്രത്യേകിച്ചും വ്യക്തിഗതമായ ഒരു രീതിയിൽ പരിണമിപ്പിക്കുകയും ചെയ്തു. അഗാധമായ ഹൃദയാലുത്വത്തിനും, വികാരഭരിതമായ പ്രതിപാദനത്തിനും തനിക്കു സിദ്ധിച്ച സാമർത്ഥ്യത്തോട് നിർദ്ദയമായ യുക്തിവാദത്തെ സംയോജിപ്പിച്ച്, ശങ്കരൻ പല സിദ്ധാന്തങ്ങളേയും ഖണ്ഡിച്ചു. അദ്ദേഹം ഉപനിഷത്തുകളെ പുനരുജ്ജീവിപ്പിച്ചു. സർ രാധാകൃഷ്ണന്റെ ഭാഷയിൽ, ശങ്കരൻ കേവലം സ്വപ്നദർശിയായ ഒരു ആദർശവാദി മാത്രമല്ല, പ്രയോഗവിജ്ഞനായ ഒരു ഭാവനാസമ്പന്നനും ആകുന്നു. വീക്ഷണഗതിയിൽ വളരെ വിഭിന്നരായിരുന്ന വൈഷ്ണവന്മാരായ ആഴ്വാരന്മാരും, ശൈവഗായകന്മാരായ സുന്ദരമൂർത്തിയും, ജ്ഞാനസംബന്ധരും, മാണിക്കവാചകരും. ശിവന്റെ ചില ഭാവങ്ങളെപ്പററി ശിവവചനങ്ങളിൽ പാടിയ വീരശൈവസന്യാസിയായ വാസവന്റെ ചിന്താരീതിയും വിഭിന്നം

മായിരുന്നു. അതുപോലെതന്നെ ഭിന്നമായിരുന്നു ദക്ഷിണ ഇന്ത്യൻയിലെ മതപരമായ പ്രചോദനത്തിൻെറ പ്രഭവസ്ഥാനങ്ങളിലൊന്നായ ജ്ഞാനവാസിഷ്ഠത്തിൻെറ പ്രേരണയും. മഹാനായ വിശിഷ്ടാദ്വൈതി രാമാനുജനും, ദ്വൈതികളായ മധ്വാചാര്യരും വല്ലഭാചാര്യരും ഒരുപോലെ ഉപനിഷത്തുകളെയാണു സമാശ്രയിച്ചതു. ഇതു വാസ്തവത്തിൽ ഭാരതീയചിന്തയുടെ സ്വഭാവവിശേഷങ്ങളിൽ ഒന്നാണ്. സത്യം വിവിധരീതിയിൽ വ്യാഖ്യാനിച്ചു വിമർശിക്കപ്പെടാമെങ്കിലും, സമുദായത്തിലെ വിവിധനിലകളിലുള്ള മനുഷ്യരുടെ നിത്യജീവിതത്തിൽ ഭിന്നരീതികളിൽ ബാധിപ്പിക്കപ്പെടാമെങ്കിലും, പ്രചോദനത്തിൻെറ പരമമായ ഉൽപ്പത്തിസ്ഥാനം ഒന്നുതന്നെ എന്നതാണ് ആ സ്വഭാവവിശേഷം. ഉദാഹരണത്തിന് ഒരു തമിഴ്സ്തോത്രത്തിൽ, പാട്ടും രാഗവും പോലെയും, ഫലവും പുഷ്പവും പോലെയും, ഭഗവാൻെറ മഹസ്സ്, അദ്വയമായി സർവ്വത്ര വ്യാപിച്ചിരിക്കുന്നു എന്നു പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ 'ഒന്നല്ല' എന്നാൽ 'രണ്ടുമല്ല' എന്ന് നിഗമങ്ങൾ സിദ്ധാന്തിക്കുന്നു.

"യന്നേതി നേതിവചനൈർന്നിഗമാ അവോചൻ" എന്നിങ്ങനെ ശങ്കരാചാര്യർ ഒരു സ്തോത്രത്തിൽ ഉൽഘോഷിക്കുന്നു. 'ഇതല്ല', 'അതല്ല' എന്നുമാത്രമേ ബ്രഹ്മത്തെ വിവരിക്കാൻ കഴികയുള്ളു.

## ഇൻഡ്യ്യയും മതവും.

ഇൻഡ്യ്യയിലേതുപോലെ ഇത്രമേൽ സൎവസംശ്ലിഷ്ടമായ ഒരു തത്വശാസ്ത്രത്തിനും ഒരു മതപദ്ധതിക്കും, ഈശ്വരധ്യാനത്തിന്ന പ്രത്യക്ഷരൂപത്തിന്റെ സങ്കല്പം സാരമായിട്ടുള്ളതല്ല. കാലം, സന്ദൎഭം, ആത്മാഭിലാഷം, വ്യക്തിത്വത്തിന്റെ പരിണാമഭേദം, ഇവ ഓരോന്നും ശിവനോടൊ, വിഷ്ണുവിനോടൊ, ദേവിയോടൊ, അല്ലെങ്കിൽ പരമാത്മാവിന്റെ മററു ഭാവങ്ങളോടൊ ഉള്ള പ്രാൎത്ഥനയ്ക്കു പ്രേരകമായി ഭവിക്കുന്നു. ഓരോ ആത്മാവിന്നും, ആ ആത്മാവിന്റെ ഓരോ വൃത്തിക്കും, ആത്മജീവിതത്തിന്റെ ഓരോ നിമിഷത്തിന്നും വ്യത്യസ്തമായ ഒരു ആശ്വാസവും, വ്യത്യസ്തമായ ഒരു സന്ദേശവും ആവശ്യകമായിരിക്കാം. തായുമാനവരുടെ ഒരു ഗാനം ഇങ്ങനെ ഘോഷിക്കുന്നു:—

"പതിയുണ്ടു നിതിയുണ്ടു പുത്തിരർകൺ
മിത്തിരർകാം പക്കമുണ്ടെക്കാലമും
പവിച്ചുണ്ടു തവിച്ചുണ്ടു തിട്ടാന്തമാക യമ-
പടരെനുന്തിമിരമണുകാക്-
കതിയുണ്ടു ഞാനമാങ്കതിരുണ്ടു ചതിരുണ്ടു
കായച്ചിത്തികളുമുണ്ടു
കുറൈയുണ്ടു കണ്ടർ പാലമൈമ നിൻറാളിർ
കരുത്തൊൻറുമുണ്ടാകുമേൽ

നതിയുണ്ടകടലെനച്ചമയത്തെയുണ്ട പര-
ഞാനവാനന്തവെളിയേ
നാതാന്തരൂപമേ വേതാന്തമോനമേ
നാനെന്നമകന്തെ തീർത്തേൻ. —

അല്ലയോ വിഷാശനനായ നീലകണ്ഠസ്വാമിയുടെ സമീപത്തിൽ വസിച്ചരുളുന്ന എന്റെ മാതാവേ! അവിടുത്തെ തൃപ്പാദങ്ങളെ ഞാൻ ധ്യാനിക്കുകയാണെങ്കിൽ എനിക്ക നല്ല വാസസ്ഥാനമുണ്ട; സമ്പത്തുണ്ട്; പുത്രന്മാരും മിത്രങ്ങളും ബന്ധുക്കളുമുണ്ട്; എല്ലാക്കാലത്തും പദവിയുണ്ട്; നല്ല ശയനമുണ്ട്; നിശ്ചയമായി യമഭടരെന്ന തിമിരങ്ങൾ അടുക്കാത്ത ഗതിയുണ്ട്; ജ്ഞാനമാകുന്ന പ്രകാശമുണ്ട്; മഹിമയുണ്ട്; കായസിദ്ധികളുമുണ്ട്. നദികളെ ഉൾക്കൊള്ളുന്ന സമുദ്രമെന്നപോലെ സകലമതസമയങ്ങളേയും ഉൾക്കൊള്ളുന്ന പരമജ്ഞാനാനന്ദതേജോരൂപിണി! നാദാന്തരൂപിണി! വേദാന്തമൌനരൂപിണി! ഞാൻ എന്റെ ഞാനെന്ന ഭാവം—അഹന്ത— നശിപ്പിച്ചിരിക്കുന്നു.

മുഹമ്മദിന്റെ ഏകദൈവസിദ്ധാന്തത്തിനും, സൊറോസ്റ്ററുടെ പ്രത്യക്ഷമായ ദ്വൈതത്തിനും, ഹിന്ദുക്കളുടെ ത്രിമൂത്തിതത്വത്തിന്റെ രൂപഭേദമായ ക്രൈസ്തവത്രിമൂത്തിസിദ്ധാന്തത്തിന്റെ വികസനങ്ങൾക്കും, അല്ലെങ്കിൽ പ്രകൃതിയും അതിന്റെ

സകലപ്രതിഭാസങ്ങളും ഈശ്വരചൈതന്യത്തിൻെറ പ്രഭവമാണെന്നു കരുതുന്ന വിശ്വദേവതാമതത്തിനും തമ്മിൽ ഹൈന്ദവമനസ്സിൽ യാതൊരു വിധമായ പൂർവാപരവൈരുദ്ധ്യവുമില്ല. ഇൻഡ്യൻ നാഗരികതയുടെ സാമാന്യസ്വഭാവം അതിൻെറ ആത്മവിദ്യാപരമായ മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു എന്നു പറയപ്പെടുന്നു. എന്നാൽ, യോഗികളേയും തത്വജ്ഞാനികളേയും അല്ലാതെ ഇൻഡ്യ മററു യാതൊന്നിനെയും ഉത്ഭവിപ്പിച്ചിട്ടില്ലെന്നു പറയുന്നതു്, സർ ജാൺ വുഡ്റോഫ്, സാമർഷം ആക്രോശിക്കുംപോലെ, അസംബന്ധമാണു്. ആവലോന്നിൻെറ 'ശക്തിയും ശാക്തനും' എന്ന കൃതിയിൽനിന്നു സ്മരണീയമായ ഒരു ഭാഗം ഞാൻ ഉദ്ധരിച്ചുകൊള്ളട്ടെ:—"ഭാരതീയജീവിതം സകലകർമ്മപരിപാടികളിലും സ്വയം പ്രകാശിതമായിട്ടുണ്ടു. ധർമ്മവ്രതന്മാരും തത്വജ്ഞാനികളും എന്ന നിലകളിൽ ഭാരതീയർ ചിന്താനിരതരായിരുന്നിട്ടുണ്ടു്; എങ്കിലും അതുപോലെതന്നെ, അതു് സകലകർമ്മമണ്ഡലങ്ങളിലും പ്രവർത്തിച്ചിട്ടുമുണ്ടു്. മഹാരാജ്യങ്ങളുടേയും സാമ്രാജ്യങ്ങളുടേയും അത്യാഡംബരപൂർണ്ണമായ രാജധാനികളും, നിപുണമായ ഭരണക്രമവും (രാജധർമ്മം), ഗ്രാമീണസമുദായജീവിതത്തിനു പ്രായോഗികസ്വയംഭരണവും (പ്രജാധർമ്മം), യുദ്ധത്തിലും മൃഗയാവിനോദത്തിലും വീരപരാക്രമവും, ശാസ്ത്രീയകൃതികളും, ലോകവാണിജ്യവും, സമൃദ്ധമായ കൃഷിയും, ഹൃദയഹാരികളും

മഹാർഹങ്ങളുമായ കലകളും, (ഇതിനേക്കാൾവിശദവും ഭാസുരവുമായ വർണ്ണശോഭ മറെറവിടെയാണ് നാം കാണുന്നതു ?) വികാരഭരിതവും, രസാത്മകവുമായ കവിതയും, തദനുസരണമായ ജീവിതവും ആണ് ഇവിടെ ഉണ്ടായിരുന്നിട്ടുള്ളതു്. വിഷയവ്യാവൃത്തമായ തപോനിഷ്ഠയ്ക്കു കേൾവിപ്പെട്ട ഈ നാട്ടിൽ തന്നെയാണ് കാമശാസ്ത്രവും, അതിനോടു ബന്ധപ്പെട്ട സാഹിത്യവും, കലയും ഉത്ഭവിച്ചതെന്നുള്ളതു് ഇൻഡ്യയിലെ ജീവിതവൈവിധ്യത്തെ സംബന്ധിച്ചിടത്തോളം സംസ്മരണീയമാകുന്നു.''

ഈശ്വരസത്തയെ ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ ഇൻഡ്യ ആരാധിച്ചാലും, ജീവിതത്തെ സംബന്ധിച്ച് ഒരു തത്വവിദ്യയേയൊ അഥവാ മറെറാന്നിനെയൊ അംഗീകരിച്ചാലും, ഈവക വ്യത്യാസങ്ങളെപ്പററി മാത്രം സംസാരിക്കുന്നവർ വസ്തുതകളുടെ ഉപരിതലത്തിന്നപ്പുറം കടന്നുനോക്കിയവരല്ല. ആവലോണിൻെറ 'ശക്തിയും ശാക്തനും' എന്ന ഗ്രന്ഥത്തിൽ നിന്നു വീണ്ടും ഉദ്ധരിക്കയാണെങ്കിൽ, "ശക്തിമാതാവിൻെറ ഏതൊരു ഭാവത്തിലുള്ള സേവനവും, പരമ്പരാഗതമായ കർമ്മയോഗത്തിനും, ജ്ഞാനയോഗത്തിനും, താന്ത്രികമായ ഉപാസനകൾക്കും തുല്യമായ ആരാധനതന്നെയാകുന്നു. ഇൻഡ്യ ആദർശമാക്കീട്ടുള്ള മാതൃത്വ

പത്തിന്റെ അഥവാ ശക്തിയുടെ സേവനം യഥാൎത്ഥദേശാഭിമാനം എന്നു പറയപ്പെടുന്ന മതത്തിന്റെ ഒരു ഭാവം കൂടി ആകുന്നു. അല്ല ദേശാഭിമാനത്തിലും ഉപരിയായ മനുഷ്യാഭിമാനത്തിനു വിരുദ്ധമല്ല; അവ രണ്ടും ഒന്നുതന്നെയാണ്.'' അതിനാൽ മനുഷ്യാത്മാവു വ്യാപൃതമായിരിക്കുന്ന എല്ലാ അന്വേഷണങ്ങളുടേയും ഐക്യവും അവിരുദ്ധതയും ഗ്രഹിച്ചും, മഹാത്മാക്കളായ പ്രവാചകന്മാരും ദീർഘദർശികളും, വിവിധരൂപത്തിലും വിവിധമനോഭാവങ്ങളിലുമാണെങ്കിലും, സത്യത്തെ ദർശിച്ചിട്ടുള്ളവരാണെന്നു മനസ്സിലാക്കിയും, ഗതാനുഗതികത്വം കൂടാതെ ഇൻഡ്യയുടെ പുനഃസൃഷ്ടിയിൽ നമുക്കും സ്വകീയമായ നൂതനസംഭാവന അർപ്പിക്കാം. നമ്മുടെ പൂർവ്വകാലികമായ ആത്മീയപരിഷ്കാരത്തിന്റെ ഒരു ഉൽഗ്രഥനമായും, മററുള്ളവർ സിദ്ധാന്തിക്കുകയൊ പ്രവൎത്തിക്കുകയോ ചെയ്യുന്നതിനേയും, മററു മതങ്ങൾക്കു നമുക്കു പ്രദാനം ചെയ്യാനുള്ളതിനേയും, മററു മതങ്ങൾക്കു നമ്മെ പഠിപ്പിക്കാനുള്ളതിനേയും നിരസിക്കാതെ, സ്വീകരിച്ചും, എന്നാൽ സൎവ്വഥാ അങ്ങനെ സ്വീകരിക്കുന്നതിനെ നമ്മുടെ സ്വന്തം പ്രകൃതിയുടെതന്നെ ഒരു അംശമാക്കിത്തീർത്തും, കേവലം ഒരു അനുകരണമായിട്ടല്ലാതെ വേണം ആ സംഭാവന നാം നൽകേണ്ടതു്.

ഹൈന്ദവവാദശ്ങ്ങളുടെ ബാഹ്യപ്രതിഭാസങ്ങളെപ്പററിയല്ല, ആന്തരപ്രാധാന്യത്തെപ്പററി ലോകം പഠിക്കേണ്ടിയിരിക്കുന്നു എന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അങ്ങനെയുള്ള ഒരു അഭ്യസനം ഏതെങ്കിലും ഒരു പ്രത്യേകമതത്തിൻേറയോ അനുഷ്ഠാനത്തിൻേറയൊ അംഗീകരണത്തെയല്ല, അഭയത്തിൻെറ അഥവാ ഭയത്തിൽനിന്നുള്ള വിമുക്തിയുടെ സജീവമായ പരിശീലനത്തെയാണ് ഉൾക്കൊള്ളേണ്ടതു്. "അഭയം ഹി വൈ ബ്രഹ്മ", അഭയം തന്നെയാണ് ബ്രഹ്മം, എന്നു നമ്മുടെ ശ്രുതികൾ ഉൽഘോഷിക്കുന്നു. ആ പരിശീലനത്തിൽ, സകലവിധമായ മായാമോഹങ്ങളിലും അവനതമനോഭാവങ്ങളിലും നിന്നുള്ള വിമോചനവും, മനുഷ്യൻെറ വ്യക്തിവൈശിഷ്ട്യം പരമമായ ഒരു നിയാമകപദ്ധതിയുടെ ഭാഗമാണെന്ന പ്രതിജ്ഞയും അടങ്ങിയിരിക്കുന്നു. ശാസ്ത്രീയാഭിവൃദ്ധിയും, ഭൗതികസമ്പത്തും, ബുദ്ധിവൃദ്ധിയും കൈവന്നിട്ടുപോലും ഹൃദയദൗർബ്ബല്യസംവേദനം സാർവ്വത്രികമായിരിക്കുന്ന ഇക്കാലത്തു്, അഭയവും അഹിംസയും, ജാഗ്രതയും സഹാനുഭൂതിയും, സ്വാതന്ത്ര്യവും, സ്നേഹവും ആണ് പരമപ്രാധാന്യത്തെ അർഹിക്കുന്നതെന്നു് സർ രാധാകൃഷ്ണൻ അദ്ദേഹത്തിൻെറ ഒരു ഗ്രന്ഥത്തിൽ പ്രതിജ്ഞാപൂർവ്വം പ്രസ്താവിച്ചിട്ടുണ്ടു്. ഹൈന്ദവബൗദ്ധചിന്തകന്മാർ, അനവസ്ഥിതസമരങ്ങളും സ്ഥായിയായ ഭീതിയും

ഉളവാക്കുന്ന അവിദ്യയാണ് ഇതിനു നിദാനമെന്നു പറയുന്നു. ഇൻഡ്യയിലെന്നപോലെ മററു രാജ്യങ്ങളിലും, അഭിന്നങ്ങളായ മൗലികസത്യങ്ങൾ തന്നെയാണ് പല പ്രവാചകന്മാരും സത്യാന്വേഷകന്മാരും ദർശിച്ചിട്ടുള്ളതു്. എന്നാൽ ശരീരത്തിനും മനസ്സിനുമുള്ള അധികാരനിഗ്രഹശക്തികളെ ആത്മാവിനുള്ള അധികാരനിഗ്രഹശക്തികളുമായി പ്രതിബോധവത്താകുംവണ്ണം സമീകരിക്കുക, ലൗകികമായ കർമ്മപരിപാടികളെ അംഗീകരിക്കയും അക്കാര്യത്തിൽ സൗജന്യങ്ങൾ അനുവദിക്കുകയും ചെയ്യുക, ജീവിതത്തിലെ അഭിവാഞ്ഛകൾ, ആനന്ദങ്ങൾ, വിശ്രാന്തികൾ ഇവയെപ്പോലും അനുശീലിക്കുക എന്നിവയായിരുന്നു ഹൈന്ദവചിന്തയുടേയും തത്വജ്ഞാനത്തിൻേറയും പ്രത്യേകവ്യവസായങ്ങൾ. ബ്രഹ്മത്തെ അല്ലെങ്കിൽ പരമാത്മാവായ വിശ്വപ്രപഞ്ചത്തെ പ്രാപിച്ച്, അതിൽ ലയിക്കുക എന്ന പരമലക്ഷ്യത്തോടുകൂടിയ മനുഷ്യവ്യക്തിത്വമാകുന്ന അല്പപ്രപഞ്ചത്തിൽ ആന്തരികവും അത്യന്താപേക്ഷിതവുമായ സായുജ്യം ഉളവാക്കുവാൻ ഉദ്ദിഷ്ടമായിട്ടുള്ള ആത്മീയപരിണാമത്തിനും, മാനസികശിക്ഷണത്തിനും, കായികനിയമനങ്ങളുമായുള്ള ഒരു അനുരഞ്ജനമായി ഹിന്ദുമതത്തെ പരിഗണിക്കുന്നതു സമീചീനമായിരിക്കും.

ഉപസംഹാരമായും, മുൻവശങ്ങളിൽ ഉദ്ധ്യ മിച്ചിട്ടുള്ള വിചിന്തനത്തിൻെറ സംക്ഷേപമായും, 'യോഗവും അതിൻെറ ഉദ്ദേശ്യങ്ങളും', എന്ന ശ്രീ അരവിന്ദഘോഷൻെറ ലഘുപ്രബന്ധത്തിൽനിന്ന് ഒരു ഭാഗം ഉദ്ധരിക്കയായിരിക്കും ഉത്തമമായിട്ടുള്ളത്:—

"ഏകപക്ഷീയങ്ങളായ തത്വശാസ്ത്രങ്ങൾ എപ്പോഴും സത്യത്തിൻെറ ഒരു അംശത്തെ മാത്രമേ പ്രസ്താവിക്കുന്നുള്ളു എന്നോർമ്മിക്കുക. ഈശ്വരസൃഷ്ടമായ ഈ ലോകം തൎക്കശാസ്ത്രത്തിൻെറ നിഷ്കൃഷ്ടമായ ഒരു അഭ്യാസമല്ല; പ്രത്യുത, ഒരു സംഗീതാലാപം പോലെ, നിരവധിഭിന്നതകളുടെ അനന്തമായ ഒരു ലയമാകുന്നു; അതിൻെറ അസ്തിത്വം സ്വതന്ത്രവും പരമവുമാകയാൽ അതിനെ തൎക്കശാസ്ത്രപരമായി നിർവചിക്കാവതല്ല. എല്ലാ മതങ്ങളുടേയും സത്യം സമ്മതിച്ചുകൊടുക്കുന്ന മതമാണ് ഏററവും നല്ല മതം എന്നതുപോലെ, എല്ലാതത്വജ്ഞാനങ്ങളുടേയും സത്യത്തെ സമ്മതിച്ച്, ഓരോന്നിനും അതാതിന് ഉചിതമായ സ്ഥാനം കല്പിച്ചുകൊടുക്കുന്ന ഒന്നാണ് ഏററവും നല്ല തത്വജ്ഞാനം."

ശുഭം.

## ഈ ഗ്രന്ഥത്തിന് ഉപജീവ്യങ്ങളായ

## പുസ്തകങ്ങൾ.

**സോറൊവാസ്റ്റർ**

പ്രൊഫെസ്സർ ഏ. ആർ. വാഡിയ

**ബുദ്ധൻ**

മി: ദേവമിത്ര ധമ്മപാലൻ

**ജീസസ് ക്രൈസ്റ്റ്**

മി: എസ്. കെ. ജോർജ്ജ്

**മുഹമ്മദ്**

മെസ്സേഴ്സ് അഹമ്മദ് ഷാഫി യാക്കൂബ് ഹസ്സൻ

**ശ്രീകൃഷ്ണൻ**

മി: എം. ആർ. സമ്പത്കുമാരൻ

**ശങ്കരാചാര്യർ**

മി: സൂര്യനാരായണശാസ്ത്രി.

[ഈ പുസ്തകങ്ങൾ മെസ്സേഴ്സ് ജി. ഏ. നടേശൻ ആൻഡ് കമ്പനിയാണ് പ്രസിദ്ധപ്പെടുത്തീട്ടുള്ളത്.]

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M 290 Acc. No. 90362

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M290
RAM-L

90362

രാമസ്വാമി അയ്യർ സർ. സി.പി.
ലോകമിത്രൻ

KOTTAYAM PUBLIC LIBRARY

Call No. M290 Acc. No. 90362

Author രാമസ്വാമി അയ്യർ സി.പി.

Title ലോകമതങ്ങൾ

Indic Digital Archive Foundation

gpura.org